RNI Reg. No. KERMAL/2010/32222
Registered KL / TLY / 01 / 19-21
Anl. Sub. Rs. 120

# മാനന്തവാടി
## രൂപതാ ബുള്ളറ്റിൻ



Vol. 11 2020 November No. 11

# ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചന്
# ആദരാഞ്ജലികൾ



സ്നേഹസമ്പന്നമായ ഇടയജീവിതത്തിന്റെയും സഹനജീവിതത്തിന്റെയും മാതൃകയും അനേകർക്ക് ഗുരുവും വഴികാട്ടിയുമായ ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചൻ 2020 സെപ്റ്റംബർ 28-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു.

മാനന്തവാടി രൂപതയിലെ കോട്ടത്തറ ഇടവകയിൽ പരേതരായ ജോസഫ്, ത്രേസ്യ ദമ്പതികളുടെ മകനായി 1970 - ൽ ആണ് അച്ചൻ ജനിച്ചത്. ആറ് സഹോദരങ്ങളാണ് അച്ചനുള്ളത്. സഹോദരനായ തോമസ് പാറയിൽ സി.എം.ഐ. സഭയിലെ വൈദികനാണ്. ജെയിംസ് (കോട്ടത്തറ), ആന്റണി കോട്ടത്തറ, ജോസഫ് (പെരിന്തൽമണ്ണ), വിൻസെന്റ് (കോട്ടത്തറ) എന്നിവർ മറ്റു സഹോദരങ്ങളും മായ ഏക സഹോദരിയുമാണ്. കോട്ടത്തറ സെന്റ് ആന്റണീസ് യു.പി. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും തരിയോട് ഗവൺ. ഹയർ സെക്കണ്ടറി സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി മാനന്തവാടി രൂപതാ മൈനർ സെമിനാരിയിൽ ചേർന്നു.

ആലുവ കാർമ്മൽഗിരി പൊന്തിഫിക്കൽ സെമിനാരിയിൽ ഫിലോസഫി പഠനവും റോമിൽ ഹോളി ക്രോസ് യൂണിവേഴ്സിറ്റിയിൽ തിയോളജി പഠനവും സഭാനിയമത്തിൽ ഉപരിപഠനവും പൂർത്തിയാക്കി, 1996 ഓഗസ്റ്റ് 29 ന് മാർ ജേക്കബ് തൂങ്കുഴി പിതാവിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു. സീറോ മലബാർ കത്തോലിക്ക് മിഷൻ ചിക്കാഗോ, ഇറ്റലിയിലെ സ്റ്റാഫോളജി, പഡോറ തുടങ്ങിയ ഇടവകകളിലും മാനന്തവാടി കത്തീഡ്രൽ ദേവാലയത്തിലും ശുശ്രൂഷ ചെയ്തു. രൂപത മൈനർ സെമിനാരിയിൽ അധ്യാപകൻ, ന്യൂമാൻസ് കോളേജ് പ്രിൻസിപ്പൽ, ദ്വാരക സീയോൻ ധ്യാനകേന്ദ്രം ഡയറക്ടർ, ദിവ്യകാരുണ്യ വർഷം, കുടുംബ വർഷം എന്നിവയുടെ കോർഡിനേറ്റർ, രൂപതാ കോടതിയിൽ ഡിഫൻണ്ടർ ഓഫ് ബോണ്ട്, പ്രൊമോട്ടർ ഓഫ്

ജസ്റ്റിസ്, ഇടിവണ്ണ ഇടവകയുടെ വികാരി എന്നീ ഉത്തരവാദിത്വങ്ങളും സ്തുത്യർഹമായ രീതിയിൽ അച്ചൻ നിർവ്വഹിച്ചു. നരിവാലമുണ്ട സെന്റ് ജോസഫ്സ് പള്ളിയിലെ വികാരിയായി സേവനമനുഷ്ഠിച്ചു വരികെയാണ് സെപ്റ്റംബർ 28-ാം തീയതി ഹൃദയാഘാതം മൂലം ആകസ്മികമായി അച്ചൻ വിട പറഞ്ഞത്.

ബഹുമാനപ്പെട്ട ബാബു പാറയിലച്ചന്റെ ഭൗതികദേഹം മാനന്തവാടി സെന്റ് ജോസഫ്സ് കത്തീഡ്രലിൽ (കണിയാരം) 28-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിയോടെ എത്തിച്ചേരുകയും മാനന്തവാടി രൂപതാ വികാരിജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ മൃത സംസ്കാര ശുശ്രൂഷയുടെ ആദ്യഭാഗത്തിന് നേതൃത്വം നൽകുകയും ചെയ്തു. തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ് ഞരളക്കാട്ട്, ബത്തേരി രൂപതാ വികാരി ജനറാൾ മോൺ. മാത്യു അറൻപാംകുടി രൂപതയിലെ മറ്റു വൈദികർ, സന്യസ്തർ, അല്മായ സഹോദരങ്ങൾ എന്നിവർ ആദരാഞ്ജലികളർപ്പിച്ചു. 29-ാം തീയതി ചൊവ്വാഴ്ച രാവിലെ 9 മണി വരെയാണ് പൊതുജനത്തിന് ബഹുമാനപ്പെട്ട പാറയിലച്ചന്റെ ഭൗതികദേഹം സന്ദർശിച്ച് പ്രാർത്ഥിക്കുവാനും ആദരാഞ്ജലികൾ അർപ്പിക്കുവാനും അവസരമുണ്ടായിരുന്നത്.

ബഹുമാനപ്പെട്ട പാറയിലച്ചന്റെ മൃതസംസ്കാര കർമ്മങ്ങളുടെ രണ്ടാം ഭാഗം 29-ാം തീയതി ചൊവ്വാഴ്ച രാവിലെ പത്ത് മണിക്ക് മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ആരംഭിച്ചു. താമരശ്ശേരി രൂപതാദ്ധ്യക്ഷൻ ബിഷപ്പ് റെമിജിയോസ് ഇഞ്ചനാനിയിൽ സംസ്കാരശുശ്രൂഷയിൽ സംബന്ധിച്ച് അനുശോചന സന്ദേശം നൽകി. കോവിഡ് പ്രോട്ടോക്കോൾ പ്രകാരം സംസ്കാര ശുശ്രൂഷയിൽ സംബന്ധിക്കുന്നവരുടെ എണ്ണം 20 ആയി പരിമിതപ്പെടുത്തിയിരുന്നതിനാൽ നിശ്ചയിക്കപ്പെട്ട വ്യക്തികൾ മാത്രമാണ് സംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തത്. കത്തീഡ്രൽ ദേവാലയത്തിലെ ശുശ്രൂഷകൾക്കുശേഷം അച്ചന്റെ ഭൗതികദേഹം ദ്വാരകയിലെ വൈദിക സെമിത്തേരിയിൽ സംസ്ക്കരിച്ചു. സംസ്ക്കാര ശുശ്രൂഷയുടെ ഓൺലൈൻ സംപ്രേഷണം മാനന്തവാടി രൂപതയുടെ ഫെയ്സ്ബുക്ക് പേജിലും, മീഡിയ കമ്മീഷന്റെ യൂട്യൂബ് ചാനലിലും ഫെയ്സ്ബുക്ക് പേജിലും ഉണ്ടായിരുന്നു.

ഉജ്ജ്വല വാഗ്മിയും വചനപ്രഘോഷകനുമായ ബാബു അച്ചന്റെ വിയോഗം ദൈവജനത്തിന് വലിയ നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്. പൗരോഹിത്യ രജത ജൂബിലി വർഷത്തിലെ അച്ചന്റെ ആകസ്മികമായ വിയോഗം എല്ലാവരേയും തീരാദുഃഖത്തിലാഴ്ത്തി. സ്നേഹത്തിന്റെയും, സേവനത്തിന്റെയും, സഹനത്തിന്റെയും, സൗഹൃദത്തിന്റെയും ദീപം അനേകർക്ക് കൈമാറി നമ്മെ വിട്ട് നിത്യതയിലേക്ക് യാത്രയായ ബഹു. പാറയിലച്ചന്റെ പാവനസ്മരണയ്ക്കു മുമ്പിൽ മാനന്തവാടി രൂപതാ കുടുംബം നിറമിഴികളോടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും” (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 11 നവംബർ - 2020 ലക്കം 11**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം

ദൈവീക പുണ്യങ്ങളിൽ വളരുന്ന ജീവിതം .................. 07
രൂപതാകച്ചേരി വാർത്തകൾ .................................... 14
വൈദികരുടെ മാസധ്യാനം ........................................ 15
ബൈബിൾ അപ്പോസ്തലേറ്റ് ........................................ 17
ജനസംരക്ഷണ സമിതി ................................................ 18
മതബോധനരംഗം ...................................................... 20
ചെറുപുഷ്പ മിഷൻലീഗ് ............................................ 22
*Department of Youth Ministry* ............................................ 35
കെ.സി.വൈ.എം ........................................................ 47
കുടുംബപ്രേഷിതത്വം .................................................. 53
വിൻസെന്റ് ഡി പോൾ സൊസൈറ്റി .......................... 58
റേഡിയോ മാറ്റൊലി .................................................... 60
സാമൂഹ്യ സേവനരംഗം (WSSS) .................................... 62
ബയോവിൻ അഗ്രോ റിസർച്ച് .................................... 67
നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി ...................... 69
*Mary Matha Arts & Science College* .......................... 73

## ദൈവികപുണ്യങ്ങളിൽ വളരുന്ന ജീവിതം

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

**(തിരുവചനഭാഗം: 1 പത്രോ 1,1–25)**

ക്രിസ്തീയജീവിതം അടിസ്ഥാനപരമായി ദൈവികപുണ്യങ്ങളിൽ വളരുന്ന ജീവിതമാണ്. ഇത് എപ്രകാരമാണ് പുരോഹിതജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടത് എന്നു ചിന്തിക്കുവാൻ സഹായകരമായ ഒരു തിരുവചനഭാഗമാണ് വി. പത്രോസിന്റെ ഒന്നാം ലേഖനത്തിലെ ഒന്നാം അദ്ധ്യായം. ഈ വചനഭാഗം താഴെക്കാണുംവിധം വിഭജിക്കാം:

1. ത്രിത്വകൂട്ടായ്മ പുലർത്തുന്ന ജീവിതം (1,1–2)
2. പരീക്ഷണങ്ങളെ അതിജീവിക്കുന്ന വിശ്വാസജീവിതം (1,3–12)
3. വിശുദ്ധമായ ജീവിതം (1,13–16)
4. പ്രത്യാശയുള്ള ജീവിതം (1,17–21)
5. പരസ്പരം സ്നേഹിക്കുന്ന ജീവിതം (1,22–25)

### 1. ത്രിത്വകൂട്ടായ്മ പുലർത്തുന്ന ജീവിതം

*"ഈശോമിശിഹായുടെ ശ്ലീഹായായ പത്രോസ്, പിതാവായ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരും, ഈശോമിശിഹായ്ക്കു വിധേയരായിരിക്കുന്നതിനും അവന്റെ രക്തത്താൽ തളിക്കപ്പെടുന്നതിനുംവേണ്ടി മുൻകൂട്ടി നിശ്ചയിക്കപ്പെട്ടവരും ആത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ടവരുമായി, പോന്തസിലും ഗലാത്തിയായിലും കപ്പദോക്കിയായിലും ഏഷ്യയിലും ബിഥീനിയായിലും പ്രവാസികളായി ചിതറിപ്പാർക്കുന്നവർക്ക് എഴുതുന്നത്: നിങ്ങൾക്കു കൃപയും സമാധാനവും സമൃദ്ധമായുണ്ടാകട്ടെ"* (1,1–2).

ക്രിസ്തീയജീവിതം അടിസ്ഥാനപരമായി ത്രിത്വകൂട്ടായ്മയിലേക്ക് പ്രവേശിപ്പിക്കപ്പെട്ട ജീവിതമാണ്. മാമ്മോദീസായാണല്ലോ ക്രിസ്തീയജീവിതത്തിലേക്കുള്ള പ്രവേശകകൂദാശ. അത് പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിലാണ് നല്കപ്പെടുന്നത്. നാമം ആളിനെ സൂചിപ്പിക്കുന്നു. ത്രിത്വത്തിലുള്ള മൂന്നാളുകളെയാണ് ത്രിത്വനാമം സൂചിപ്പിക്കുന്നത്. വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ ഈശോ നല്കുന്ന കല്പനയാണ് അതിനാധാരമായി നിലകൊള്ളുന്നത്: "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ" (മത്താ 28,19). 'നാമത്തിൽ' എന്നു വിവർത്തനം ചെയ്തിരിക്കുന്നത് 'നാമത്തിലേക്ക്' എന്നർത്ഥം വരുന്ന ഗ്രീക്കുഭാഷയിലുള്ള

(eis to onoma) പദ പ്രയോഗമാണ്. അതായത്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും കൂട്ടായ്മയിലേക്ക് ഒരാളെ പ്രവേശിപ്പിക്കുന്ന കൂദാശയാണ് മാമ്മോദീസാ. അപ്രകാരം ത്രിത്വകൂട്ടായ്മയിലേക്കു പ്രവേശിപ്പിക്കപ്പെട്ട ക്രൈസ്തവർക്ക്, ത്രിത്വകൂട്ടായ്മയിലുള്ള മൂന്നാളുകളോടുമുള്ള ബന്ധമെന്താണെന്ന് പത്രോസ്ശ്ലീഹാ തന്റെ വിശ്വാസികളെ ഇവിടെ അനുസ്മരിപ്പിക്കുകയാണ്.

അവർ പിതാവായ ദൈവത്തിന്റെ പ്രത്യേക തെരഞ്ഞെടുപ്പ് ലഭിച്ചവരാണ്. പിതാവായ ദൈവം മുൻകൂട്ടി അറിഞ്ഞ്, അവരെ തന്റെ പുത്രന്റെ സാദൃശ്യത്തോട് അനുരൂപരാക്കാൻ മുൻകൂട്ടി നിശ്ചയിച്ച് സമയത്തിന്റെ പൂർണ്ണതയിൽ ജീവിതത്തിലേക്കു വിളിച്ച് വിശുദ്ധീകരിച്ചവരാണ് ക്രൈസ്തവർ (റോമാ 8,29-30). അതുപോലെ അവർ ത്രിത്വത്തിലെ രണ്ടാമാളായ പുത്രൻതമ്പുരാനായ ഈശോമിശിഹായ്ക്ക് വിശ്വാസത്തിലൂടെ വിധേയരായിരിക്കേണ്ടവരും അവിടുത്തെ രക്ഷാകരപ്രവർത്തനത്തിന് പാത്രീഭൂതരാകേണ്ടവരുമാണ്. അതുപോലെതന്നെ അവർ പരിശുദ്ധാത്മാവിനാൽ വീണ്ടും ജനിച്ച് (യോഹ 3,5) വിശുദ്ധീകരിക്കപ്പെട്ടവരും അരൂപിയാൽ നയിക്കപ്പെട്ട് (റോമാ 8,14) ദൈവമക്കളായി, പരിശുദ്ധരായി (എഫേ 1,4-5) ജീവിക്കുവാൻ വിളിക്കപ്പെട്ടവരുമാണ്. അതുകൊണ്ട് ക്രൈസ്തവരെല്ലാവരും പരിശുദ്ധ ത്രിത്വകൂട്ടായ്മയിലുള്ള പിതാവിനോടും പുത്രനോടും പരിശുദ്ധാരൂപിയോടും ആഴമായ സ്നേഹബന്ധം പുലർത്തുന്നവരായിരിക്കണം. എല്ലാ ക്രൈസ്തവരും ഇപ്രകാരമുള്ളവരാണെങ്കിൽ പുരോഹിതർ എത്രയധികമായി ഈ പരിശുദ്ധ ത്രിത്വകൂട്ടായ്മയിലും സ്നേഹത്തിലും ജീവിക്കേണ്ടിയിരിക്കുന്നു!

**2. പരീക്ഷണങ്ങളെ അതിജീവിക്കുന്ന വിശ്വാസജീവിതം**

"*അല്പകാലത്തേക്കു വിവിധ പരീക്ഷകൾ നിമിത്തം നിങ്ങൾക്കു വ്യസനിക്കേണ്ടി വന്നാലും അതിൽ ആനന്ദിക്കുവിൻ. കാരണം, അഗ്നിശോധനയെ അതിജീവിക്കുന്ന നശ്വരമായ സ്വർണത്തേക്കാൾ വിലയേറിയതായിരിക്കും പരീക്ഷകളെ അതിജീവിക്കുന്ന നിങ്ങളുടെ വിശ്വാസം. അത് ഈശോമിശിഹായുടെ പ്രത്യാഗമനത്തിൽ സ്തുതിക്കും മഹത്ത്വത്തിനും ബഹുമാനത്തിനും ഹേതുവായിരിക്കും*" (1,6-7).

ക്രിസ്തീയ പ്രത്യാശയുടെ അടിസ്ഥാനം ഈശോയുടെ ഉത്ഥാനമാണ്. തന്റെ ഉത്ഥാനത്തിലൂടെ പാപത്തിന്റെ പരിണിതഫലമായ മരണത്തെ അവിടുന്നു പരാജയപ്പെടുത്തിയതിനാൽ മിശിഹായിൽ വിശ്വസിക്കുന്നവരുടെ പ്രത്യാശ അർത്ഥപൂർണമാണെന്ന് പത്രോസ്ശ്ലീഹാ വിശ്വാസികളെ അനുസ്മരിപ്പിക്കുന്നു. മിശിഹായിലുള്ള വിശ്വാസത്തിലേക്കു നാം ജനിക്കുന്നത് മാമ്മോദീസായിലൂടെയാണല്ലോ. മാമ്മോദീ

സായിലൂടെയുള്ള ഈ ജനനത്തെ ഈശോയുടെ ഉത്ഥാനവുമായി ബന്ധിപ്പിക്കുന്നത് വളരെ അർത്ഥപൂർണ്ണമാണ്. രണ്ടും മരണത്തിൽ നിന്നും ജീവനിലേക്കുള്ള കടന്നുപോകലാണ്. റോമാ 6,4-5 ൽ മാമ്മോദീസായുടെ ദൈവശാസ്ത്രം പൗലോസ്ശ്ലീഹാ അവതരിപ്പിക്കുന്നതും സമാനമായ അർത്ഥത്തിലാണ്: "അവന്റെ മരണത്തിനു സദൃശ്യമായ ഒരു മരണത്തിൽ നാം അവനോട് ഐക്യപ്പെട്ടവരായെങ്കിൽ അവന്റെ പുനരുത്ഥാനത്തിനു സദൃശ്യമായ ഒരു പുനരുത്ഥാനത്തിലും അവനോട് ഐക്യപ്പെട്ടവരായിരിക്കും" (റോമാ 6,5). തങ്ങൾക്ക് അനുഭവിക്കേണ്ടി വരുന്ന മതമർദ്ദനങ്ങളെയോർത്ത് ആനന്ദിക്കുവാനുള്ള ആഹ്വാനമാണ് ഇവിടെ പത്രോസ്ശ്ലീഹാ വിശ്വാസികൾക്കു നല്കുന്നത്.

വിശ്വാസികൾ അനുഭവിക്കേണ്ടിവരുന്ന പീഡാനുഭവങ്ങളുടെ നിയതരൂപം ഇവിടെ വ്യക്തമല്ല. അതുകൊണ്ട് വിശ്വാസത്തെപ്രതി പീഡനങ്ങൾ ഏല്ക്കേണ്ടിവരുന്ന എല്ലാ സഭകൾക്കും, സ്ഥലകാലങ്ങൾക്കതീതമായി പ്രസക്തമാണ് ഈ പ്രസ്താവന. പീഡകളെ യഥാർത്ഥ വിശ്വാസത്തെ പരീക്ഷിച്ചറിയുവാനുള്ള ഉപാധിയായാണ് പത്രോസ്ശ്ലീഹാ ഇവിടെ എടുത്തു പറയുന്നത്. അഗ്നിയിൽ സ്വർണത്തിനെന്നതുപോലെ പീഡകൾക്കുമുമ്പിൽ യഥാർത്ഥ വിശ്വാസത്തിന്റെ മാറ്റു കൂടും. മിശിഹായിൽ വിശ്വസിക്കുന്നവർക്കു കൈവരാനിരിക്കുന്ന മഹത്ത്വം ഇനിയും പൂർണമായി വെളിപ്പെട്ടിട്ടില്ല. എങ്കിലും സഹനങ്ങളെ നേരിടാൻ മിശിഹാ കാണിച്ചുതന്ന മാർഗ്ഗം വിശ്വാസികൾക്കു മുമ്പിലുണ്ട്. സാധാരണ വിശ്വാസികളെ സംബന്ധിച്ച് ഇതു പ്രസക്തമാണെങ്കിൽ വിശ്വാസികളുടെ സമൂഹത്തിനു നേതൃത്വം നല്കുന്ന പുരോഹിതർക്ക് ഇതെത്രമാത്രം പ്രസക്തമാണെന്ന് പ്രത്യേകം പറയേണ്ടതില്ല.

**3. വിശുദ്ധമായ ജീവിതം**

"*മറിച്ച്, നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നതുപോലെ എല്ലാ പ്രവൃത്തികളിലും നിങ്ങളും പരിശുദ്ധരായിരിക്കുവിൻ. ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: ഞാൻ പരിശുദ്ധനായിരിക്കുന്നതുകൊണ്ട് നിങ്ങളും പരിശുദ്ധരായിരിക്കുവിൻ*" (1,15-16).

പരിശുദ്ധരായി ജീവിക്കുവാനുള്ള ആഹ്വാനം മോശ ദൈവജനത്തിനു നല്കിയത് മരുഭൂമിയിലെ പ്രവാസകാലത്താണ് (ലേവ്യ 11,44-45; 20,7; 29,2). ദൈവം പരിശുദ്ധനായതുകൊണ്ട് ദൈവജനവും പരിശുദ്ധരായിരിക്കണം. പുതിയ ദൈവജനവും പരിശുദ്ധരായിരിക്കുവാൻ വിളിക്കപ്പെട്ടവരാണ്. ഈലോകജീവിതം ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം മരുഭൂമിയിലേതിനു തുല്യമായ ഒരു പ്രവാസജീവിതമാണ്.

പിതാവായ ദൈവത്തിന്റെ ഭവനമായ സ്വർഗ്ഗത്തെ ലക്ഷ്യമാക്കിയുള്ള ഒരു മരുഭൂമിയാത്രയാണ് ക്രൈസ്തവജീവിതം. മരുഭൂമി പ്രലോഭനങ്ങളുടെ വേദിയാണ്. പ്രലോഭനങ്ങൾക്കടിമപ്പെട്ട് ജഡികാഭിലാഷങ്ങൾക്കനുസൃതമുള്ള ജീവിതത്തിൽനിന്നും മാനസാന്തരപ്പെട്ട് മാമ്മോദീസായിൽ വിശുദ്ധീകരിക്കപ്പെട്ടവരാണ് ദൈവജനം. പക്ഷേ, ഈലോകത്തിലായിരിക്കുവോളം വീണ്ടും ജഡികാഭിലാഷങ്ങൾക്കടിമപ്പെടാനുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ടാണ് വിശുദ്ധിയിലേക്കുള്ള വിളി ശ്ലീഹാ അവരെ ഓർമ്മിപ്പിക്കുന്നത്. "മുൻകാലത്ത് നിങ്ങൾക്കുണ്ടായിരുന്ന അജ്ഞതയുടെ വ്യാമോഹങ്ങൾക്ക്, അനുസരണയുടെ മക്കളെന്ന നിലയിൽ നിങ്ങൾ വിധേയരാകാതിരിക്കുവിൻ" (1,4) എന്ന് എടുത്തുപറഞ്ഞുകൊണ്ടാണ് ക്രൈസ്തവരുടെ വിശുദ്ധിയിലേക്കുള്ള വിളി അവരെ ഓർമ്മിപ്പിക്കുന്നത്.

'അനുസരണയുടെ മക്കളെന്ന നിലയിൽ' എന്നു പറയുന്നത് വിശ്വാസത്തിന്റെ അനുസരണത്തെ ഉദ്ദേശിച്ചാണ്. മിശിഹായിലുള്ള വിശ്വാസത്തിലേക്കാണല്ലോ മാമ്മോദീസായിലൂടെ ക്രൈസ്തവർ പ്രവേശിപ്പിക്കപ്പെടുന്നത്. ഈ വിശ്വാസത്തെ 'വിശ്വാസത്തിന്റെ അനുസരണം' എന്നാണ് പൗലോസ്ശ്ലീഹാ വിശേഷിപ്പിക്കുന്നത്: "അവന്റെ നാമത്തെപ്രതി വിശ്വാസത്തിന്റെ വിധേയത്വം സകല ജാതികളുടെയിടയിലും ഉളവാകേണ്ടതിന് ഞങ്ങൾ കൃപയും അപ്പസ്തോലസ്ഥാനവും പ്രാപിച്ചിരിക്കുന്നു" (റോമാ 1,5). വിശ്വാസം പ്രവൃത്തിപഥത്തിലെത്തുന്നത് അനുസരണത്തിലൂടെയാണ്. മിശിഹാ ദൈവത്തിന്റെ വചനമാണ്. ദൈവവചനം ദൈവഹിതമാണ്. ദൈവഹിതത്തിന്റെ പ്രകാശനങ്ങളായ പത്തു പ്രമാണങ്ങൾ അനുസരിച്ചുകൊണ്ട്, ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ജീവിക്കുമ്പോഴാണ് നാം വിശുദ്ധിയിൽ വളരുന്നത്. അപ്രകാരം വിശുദ്ധിയിൽ വളരാൻ എല്ലാ ക്രൈസ്തവരും വിളിക്കപ്പെട്ടിരിക്കുന്നു; കടപ്പെട്ടിരിക്കുന്നു. അങ്ങനെയെങ്കിൽ ക്രൈസ്തവസമൂഹത്തെ വിശുദ്ധിയിൽ വളർത്താൻ പ്രത്യേകം നിയോഗിക്കപ്പെട്ടിരിക്കുന്ന പുരോഹിതർ വിശുദ്ധമായ ജീവിതം നയിക്കാൻ എത്രമാത്രം കടപ്പെട്ടവരാണെന്നത് പ്രത്യേകം പറയേണ്ട ആവശ്യമില്ല. വിശുദ്ധിയിൽ വളരുക മാത്രമല്ല, സഹവൈദികരെ വിശുദ്ധിയിൽ വളർത്താനുള്ള പ്രേഷിത ദൗത്യവും കൂടെയുള്ളവനാണ് പുരോഹിതൻ.

**4. പ്രത്യാശയുള്ള ജീവിതം**

*"അവനാകട്ടെ, ലോകസ്ഥാപനത്തിനു മുമ്പുതന്നെ നിയോഗിക്കപ്പെട്ടിരുന്നവനും ഈ അവസാനകാലത്ത് നിങ്ങൾക്കായി വെളിപ്പെടുത്തപ്പെട്ടവനുമാണ്. അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കുകയും മഹത്ത്വ*

*പ്പെടുത്തുകയും ചെയ്ത ദൈവത്തിൽ, അവൻമൂലം നിങ്ങൾ വിശ്വസിക്കുന്നു. അങ്ങനെ നിങ്ങളുടെ വിശ്വാസവും പ്രത്യാശയും ദൈവത്തിലായിരിക്കുകയും ചെയ്യുന്നു"* (1,20–21).

വിശ്വാസികളുടെ ജീവിതത്തിൽ സമയത്തിന്റെ രക്ഷാകരപ്രാധാന്യത്തെക്കുറിച്ചാണ് ഈ വാക്യങ്ങൾ വിലയിരുത്തുന്നത്. വിശ്വാസികൾ ജീവിക്കുന്നത് അന്ത്യകാലഘട്ടത്തിലാണ്. അവർ വിശ്വാസമർപ്പിക്കുന്ന മിശിഹായെക്കുറിച്ച് പിതാവായ ദൈവത്തിന് അനാദിയിലെ കർമ്മപദ്ധതിയുണ്ടായിരുന്നു. അവിടുന്ന് തന്റെ രക്ഷാകരപദ്ധതി സമയത്തിന്റെ പൂർണ്ണതയിൽ മിശിഹായിൽ പൂർത്തീകരിച്ചതുപോലെ തങ്ങളുടെ ജീവിതത്തിലും പൂർത്തീകരിക്കും എന്ന വിശ്വാസവും പ്രത്യാശയുമാണ് ക്രിസ്ത്യാനികളെ സഹനങ്ങളുടെ മദ്ധ്യേ മുന്നോട്ടു നയിക്കുന്നത്. ലോകത്തിന്റെ ആരംഭം മുതലേ മിശിഹായ്ക്കുള്ളവരെ ദൈവം തെരഞ്ഞെടുത്തതാണ്. അതിനാൽ ക്രൈസ്തവർ സഹനങ്ങളും പീഡനങ്ങളുമുണ്ടാകുമ്പോൾ തളർന്നുപോകരുത്. മിശിഹായിലൂടെ രക്ഷാകരകർമ്മം നിർവഹിച്ച ദൈവം പ്രവർത്തിച്ച ഏറ്റവും മഹനീയമായ രക്ഷാകരപ്രവർത്തനം അവിടുത്തെ ഉയിർപ്പിച്ചു എന്നതാണ്. മിശിഹായുടെ മഹനീയമായ ഉയിർപ്പാണ് ക്രിസ്ത്യാനികളുടെ വിശ്വാസത്തിനും പ്രത്യാശയ്ക്കും ആധാരമായി നിലകൊള്ളുന്നത്.

ഈ പ്രത്യാശയുടെ മാനദണ്ഡമെന്താണെന്നു പറയുമ്പോൾ പത്രോസ്ശ്ലീഹാ പറയുന്നു: "നിങ്ങൾ വീണ്ടെടുക്കപ്പെട്ടത് നശ്വരമായ സ്വർണ്ണമോ വെള്ളിയോ കൊണ്ടല്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ. കറയോ കളങ്കമോ ഇല്ലാത്ത കുഞ്ഞാടിന്റേതുപോലുള്ള മിശിഹായുടെ അമൂല്യരക്തംകൊണ്ടത്രേ" (1,18–19). ദൈവജനത്തെ കുഞ്ഞാടിന്റെ രക്തത്താൽ വിശുദ്ധീകരിക്കുന്ന പഴയനിയമപാരമ്പര്യത്തെ (ലേവ്യ 22,21) അനുസ്മരിപ്പിച്ചുകൊണ്ട് ദിവ്യകുഞ്ഞാടായ മിശിഹായുടെ രക്തത്താലാണ് ക്രൈസ്തവർ രക്ഷിക്കപ്പെട്ടത് എന്നു സൂചിപ്പിക്കുന്നു. മിശിഹായെ ബലിക്കുള്ള കുഞ്ഞാടായി പരിഗണിക്കുന്ന പാരമ്പര്യം, ഏശ 53,7 ലെ പാരമ്പര്യം, 1 കൊറി 5,7 ലും ഹെബ്രാ 9,5 ലും അനുസ്മരിക്കുന്നുണ്ട്. തന്റെ ശരീരരക്തങ്ങൾ ബലിയായി അർപ്പിച്ച് മനുഷ്യകുലത്തെ രക്ഷിച്ച മിശിഹായെ (ഹെബ്രാ 10,5–10) അനുകരിച്ച്, വിശ്വാസികളും അവരുടെ ശരീരരക്തങ്ങളും മിശിഹായുടെ ബലിയോടുചേർത്ത് അർപ്പിച്ചുകൊണ്ടുവേണം ഉത്ഥാനത്തിലുള്ള പ്രത്യാശ സഫലീകൃതമാക്കേണ്ടത്. മിശിഹായുടെ ബലിയർപ്പിക്കുന്ന പുരോഹിതൻ "ഇതെന്റെ ശരീരമാകുന്നു", "ഇതെന്റെ രക്തമാകുന്നു" എന്നു പറഞ്ഞു ബലിയർപ്പിക്കുമ്പോൾ, തന്റെ ശരീരരക്തങ്ങൾകൂടി ചേർത്തുവച്ചാണ് മിശിഹായുടെ

ബലിയർപ്പിക്കുന്നതെന്ന് ഉറപ്പുവരുത്തി, ഈ പ്രത്യാശയിൽ ജീവിക്കുവാൻ പ്രത്യേകം വിളിക്കപ്പെട്ടിരിക്കുന്നു.

**5. പരസ്പരം സ്നേഹിക്കുന്ന ജീവിതം**

"*സത്യത്തോടുള്ള വിധേയത്വംവഴി നിഷ്കപടമായ സഹോദരസ്നേഹത്തിനായി നിങ്ങളുടെ ആത്മാവ് പവിത്രീകരിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ഹൃദയപൂർവകമായും ഗാഢമായും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നത് നശ്വരമായ ബീജത്തിൽനിന്നല്ല; അനശ്വരമായ ബീജത്തിൽ നിന്നാണ് - സജീവവും സനാതനവുമായ ദൈവവചനത്തിൽ നിന്ന്*" (1,22-23).

വിശ്വാസം പ്രവൃത്തിപഥത്തിലെത്തുന്നത് അനുസരണത്തിലൂടെയാണ് എന്ന വസ്തുതയ്ക്ക് ഈ ലേഖനത്തിലുടനീളം ഊന്നൽ നല്കുന്നുണ്ട്. അനുസരണത്തിന്റെ പ്രഥമ പ്രകാശനം സഹോദരസ്നേഹത്തിലാണ് പ്രകടമാകേണ്ടത്. സഹോദരസ്നേഹമാണല്ലോ ക്രിസ്ത്യാനികളുടെ മുഖമുദ്രയായി വി. യോഹന്നാന്റെ സുവിശേഷം അവതരിപ്പിക്കുന്നത്: "ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ 13,34-35). 'നിങ്ങൾ ഹൃദയപൂർവകമായും ഗാഢമായും പരസ്പരം സ്നേഹിക്കുവിൻ' എന്നാണ് പത്രോസ്ശ്ലീഹാ പറയുന്നത്. സഭാംഗങ്ങൾക്കിടയിലെ സ്നേഹത്തെ സൂചിപ്പിക്കാൻ 'സഹോദരസ്നേഹം' (ഫിലാദെൽഫിയാ), 'ഏറ്റവും ശ്രേഷ്ഠമായ സ്നേഹം' (അഗാപ്പെ) എന്നീ പദങ്ങളാണ് പത്രോസ്ശ്ലീഹാ ഉപയോഗിച്ചിരിക്കുന്നത്. പരസ്പരം വഞ്ചിക്കുന്നതും കുതികാലു വെട്ടുന്നതുമായ ബന്ധം വിശ്വാസികൾക്കിടയിൽ പാടില്ല. കേവലം മാനുഷികമായ ബന്ധവും പോരാ എന്നും ഇവിടെ സൂചനയുണ്ട്.

ഇപ്രകാരം സ്നേഹിക്കുവാൻ ക്രൈസ്തവർ കടപ്പെട്ടിരിക്കുന്നതിനു കാരണമായി പറയുന്നത്, അവർ ദൈവവചനത്തിൽനിന്നു ജനിച്ചു എന്നതാണ് (1,23). വചനം മാംസമായവനാണല്ലോ ഈശോ (യോഹ1,14). വചനമെന്നു പറയുന്നത് ദൈവത്തിന്റെ ഹിതത്തിന്റെ വെളിപ്പെടുത്തലാണ്. ദൈവഹിതത്തിന്റെ വെളിപ്പെടുത്തലാണ് പത്തു പ്രമാണങ്ങൾ. അതു ദൈവസ്നേഹത്തിന്റെയും (ആദ്യത്തെ മൂന്നു പ്രമാണങ്ങൾ) പരസ്നേഹത്തിന്റെയും (തുടർന്നുവരുന്ന ഏഴു പ്രമാണങ്ങൾ) പ്രകാശനങ്ങളാണ്. പരസ്നേഹമില്ലെങ്കിൽ ദൈവസ്നേഹമില്ലതാനും: "ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്ന് ആരെങ്കിലും പറയുകയും സ്വന്തം

സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ, അവൻ കള്ളം പറയുന്നു. കാരണം, കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല" (1 യോഹ 4,20). അതുകൊണ്ട് ദൈവികമായ സഹോദരസ്നേഹമാണ് ക്രൈസ്തവസമൂഹത്തിൽ പ്രായോഗികമാക്കേണ്ടത്. ഇപ്രകാരമുള്ള സഭാസമൂഹത്തിനു നേതൃത്വം കൊടുക്കുന്ന പുരോഹിതൻ ദൈവികമായ ഈ സാഹോദര്യത്തിൽ വിശ്വാസികളുടെ സമൂഹത്തെ കെട്ടിപ്പടുക്കുന്നവനായിരിക്കണം. മാത്രമല്ല, തങ്ങളുടെ പുരോഹിതകൂട്ടായ്മയിൽ പൗരോഹിത്യസാഹോദര്യം കെട്ടിപ്പടുക്കുന്നവനുമാകണം.

**ജീവിതസൂചിക**

1. ദൈവപിതാവിനോടും പുത്രനായ മിശിഹായോടും പരിശുദ്ധാത്മാവിനോടുമുള്ള സ്നേഹബന്ധം വളർത്താൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
2. പ്രലോഭനങ്ങളെയും പരീക്ഷണങ്ങളെയും അതിജീവിച്ച് വിശ്വാസത്തിൽ ഉറച്ചുനില്ക്കുവാൻ എനിക്ക് എപ്പോഴും കഴിയുന്നുണ്ടോ?
3. പൗരോഹിത്യവിശുദ്ധിയുടെ പ്രേഷിതനായി ജീവിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
4. അന്ത്യാത്മകപ്രത്യാശയിൽ വിശ്വാസികളെ വളർത്തുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
5. പൗരോഹിത്യസാഹോദര്യവും കൂട്ടായ്മയും വളർത്തുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

നവംബർ 12–ാം തീയതി നമ്മുടെ പ്രിയപ്പെട്ട ജോസഫ് ചൂരയ്ക്കാമറ്റത്തിലച്ചന്റെ ചരമവാർഷികദിനമാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

**നന്ദി**

രൂപതയിലെ വിവിധ ഇടവകകളിൽ സ്തുത്യർഹമായ സേവനത്തിനുശേഷം പുതിയ കർമ്മ മേഖലകളിലേക്ക് പോകുന്ന സി.എം.ഐ. സന്യാസ സമൂഹാംഗങ്ങളായ അരുൾനിലയം ഇടവക വികാരിയായിരുന്ന ബഹു. ജോസ് തെങ്ങടയിൽ അച്ചനും, ലക്കിടി ഇടവക വികാരിയായിരുന്ന ബഹു. സിബി പുളിക്കൽ അച്ചനും, തലപ്പുഴ വികാരിയായിരുന്ന ബഹു. റോജി കഴുകനോലിക്കൽ അച്ചനും, നിരവിൽപ്പുഴ വികാരിയായിരുന്ന ബഹു. ഫ്രാൻസിസ് മൂന്നാനാൽ അച്ചനും രൂപത മുഴുവന്റെയും നന്ദിയും കടപ്പാടും അറിയിക്കുന്നതോടൊപ്പം പുതിയ പ്രവർത്തന മേഖലകളിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും വിജയങ്ങളും ആശംസിക്കുന്നു.

**സ്വാഗതം**

മാനന്തവാടി രൂപതയിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന സി.എം.ഐ. സന്യാസ സമൂഹാംഗങ്ങളായ ബഹു. പനന്തോട്ടം ജോൺ അച്ചനും (നിരവിൽപ്പുഴ വികാരി), ബഹു. ഷിന്റോ അരയാനിക്കൽ അച്ചനും (ലക്കിടി വികാരി), ബഹു. ചാക്കോ ഇല്ലിപ്പറമ്പിൽ അച്ചനും (അരുൾനിലയം വികാരി), ബഹു. ഫ്രാൻസിസ് മൂന്നാനാൽ അച്ചനും (തലപ്പുഴ വികാരി), ബഹു. മാത്യു പൂച്ചാലിക്കളത്തിൽ O.Praem അച്ചനും (പുതിയിടം) മാനന്തവാടി രൂപതയിലേക്ക് സ്വാഗതം. ഇവരുടെ ശുശ്രൂഷാ മേഖലകളിൽ എല്ലാവിധ വിജയങ്ങളും നന്മകളും ആശംസിക്കുന്നു.

## New Appointments

| | | |
|---|---|---|
| 1. Rev. Fr. Sanoj Chittarackal | - | Vicar, Narivalamunda (w.e.f. 11-10-2020) |
| 2. Rev. Fr. Nidheesh Thalachira | - | Asst. Vicar, Thariode (w.e.f. 11-10-2020) |

## New Phone Number

Kammana Parish - 9188756461

**മോൺ. പോൾ മുണ്ടോളിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

## കൽപ്പറ്റ ഫൊറോന

കൽപ്പറ്റ ഫൊറോനയിലെ ബഹു. വൈദികരുടെ മാസധ്യാനം ഒക്ടോബർ 06 ന് നിരോധനാജ്ഞയുടെയും കോവിഡ് രോഗവ്യാപനത്തിന്റെയും പശ്ചാത്തലത്തിൽ സൂം പ്ലാറ്റ്ഫോമിൽ നടത്തി. ഫൊറോന വികാരി ബഹു. സോമി വടയാപറമ്പിൽ അച്ചൻ എല്ലാവർക്കും സ്വാഗതമരുളി. സോമിയച്ചൻ തന്റെ പ്രാരംഭചിന്തയിൽ പരി. അമ്മയുടെ മാദ്ധ്യസ്ഥം തേടേണ്ടതിന്റെ ആവശ്യകത എടുത്തു പറയുകയും, വൈദിക സമൂഹം ഒരുമിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. പ്രാർത്ഥനയിൽ നമ്മിൽനിന്നും വേർപിരിഞ്ഞുപോയ ബാബു പാറയിലച്ചനെയും, തോമസ് ഒട്ടലാങ്കൽ സി.എസ്.റ്റി. അച്ചനെയും സ്മരിക്കുകയും അവരുടെ നിത്യശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ഒക്ടോബർ മാസം നാമഹേതുക തിരുനാളും ജന്മദിനവും ആഘോഷിക്കുന്നവർക്ക് വൈദിക കൂട്ടായ്മ ആശംസകൾ നേർന്നു. അതോടൊപ്പം, ലക്കിടി ഇടവകയുടെ പുതിയ വികാരിയായി ചാർജ്ജെടുത്ത ബഹു. ഷിന്റോ അരയാനിക്കൽ സി.എം.ഐ. അച്ചനെ വൈദിക കൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്തു.

പ്രസ്തുത യോഗത്തിൽ മലബാർ വന്യജീവി സങ്കേതത്തിനു ചുറ്റുമുള്ള ബഫർസോൺ പ്രഖ്യാപനവുമായി ബന്ധപ്പെട്ട് കൽപ്പറ്റ ഫൊറോനയുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾ വിലയിരുത്തി. എല്ലാ ഇടവകകളും ജനങ്ങളുടെ ഒപ്പ് ശേഖരിച്ച് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിവേദനം നല്കിയ കാര്യം അറിയിച്ചു. കൽപ്പറ്റയിൽ നടന്ന ഉപവാസസമരം വിജയകരമായിരുന്നെന്നും പ്രശ്നങ്ങളുടെ തീവ്രത ജനങ്ങളെയും അധികാരികളെയും ബോദ്ധ്യപ്പെടുത്താൻ സമരത്തിനു കഴിഞ്ഞെന്നും എല്ലാവരും അഭിപ്രായപ്പെട്ടു. സമരവുമായി സഹകരിച്ച എല്ലാവർക്കും പ്രത്യേകമായി സമരത്തിന് നേതൃത്വം നൽകിയ റവ. ഫാ. സോമി വടയാപറമ്പിൽ, റവ. ഫാ. റെജി മുതുകത്താനി, റവ. ഫാ. തോമസ് ജോസഫ് തേരകം, ശ്രീ. ജോണി പാറ്റാനി എന്നിവർക്ക് യോഗം നന്ദി പറഞ്ഞു. തുടർ നടപടിയുടെ ഭാഗമായി കൽപ്പറ്റ എം.എൽ.എ. യെ കണ്ട് നിവേദനം നൽകാനും പ്രശ്നത്തിന്റെ ഗൗരവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഇടപെടണമെന്ന് ആവശ്യപ്പെടാനും തീരുമാനിച്ചു.

വിവിധങ്ങളായ നിയോഗങ്ങൾ സമർപ്പിച്ച് ഒക്ടോബർ 31 ന് കൽപ്പറ്റ ഫൊറോനയിലെ എല്ലാ ഇടവകകളിലും അഖണ്ഡ ജപമാല നടത്താൻ തീരുമാനിച്ചു. ബഹു. സോമിയച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞു. അടുത്ത മാസധ്യാനം നവംബർ 10 ന് റിപ്പൺ പള്ളിയിൽ വച്ച് നടത്താൻ തീരുമാനിച്ചു.

**ഫാ. ജോൺ പുളിന്താനത്ത്**
സെക്രട്ടറി

## നീലഗിരി റീജിയൻ

നീലഗിരി മേഖലയിലെ ബഹു. വൈദികരുടെ മാസധ്യാനം 2020 ഒക്ടോബർ 13 ന് കൽപ്ര സെന്റ് മേരീസ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു. വൈദിക കൂട്ടായ്മയിലേക്ക് ഫാ. അഗസ്റ്റിൻ താന്നിയിൽ എല്ലാവരെയും സ്വാഗതം ചെയ്തു. റവ. ഫാ. വിൻസെന്റ് കൊരട്ടിപറമ്പിൽ ധ്യാനചിന്തകൾ പങ്കുവെച്ചു. തുടർന്ന് കുമ്പസാരവും ദിവ്യകാരുണ്യ ആരാധനയും നടന്നു. മാസധ്യാനത്തോടനുബന്ധിച്ച് നടന്ന യോഗത്തിന് റീജണൽ ഡയറക്ടർ ബഹു. വിൻസെന്റ് കളപ്പുര നേതൃത്വം കൊടുത്തു. പുതിയതായി മേഖലയിലേക്കു കടന്നുവന്ന റവ.ഫാ. ചാക്കോ ഇല്ലിപറമ്പിൽ, റവ. ഫാ. സോണി തലപ്പിള്ളിൽ, റവ.ഫാ. വിൽസൺ കൊല്ലംപറമ്പിൽ എന്നിവരെ സ്വാഗതം ചെയ്തു.

മതാധ്യാപകരുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ മതാധ്യാപക ദിനമായിട്ട് നവംബർ 8 ന് ആചരിക്കാൻ തീരുമാനിച്ചു. മിഷൻ മാസാചരണത്തെക്കുറിച്ചുള്ള ചർച്ചകൾ നടത്തി. രൂപത കെ.സി.വൈ.എം. ഓൺലൈൻ സാഹൃത്യമത്സരം ഒക്ടോബർ 15 ന് നടത്താൻ തീരുമാനിച്ചു. ചെറുപുഷ്പ മിഷൻലീഗ്, മാതൃവേദി മാനന്തവാടി രൂപത നടത്തുന്ന ബൈബിൾ പകർത്തിയെഴുത്തു മത്സരത്തിൽ പങ്കെടുക്കുന്നതിനെക്കുറിച്ച് ചർച്ചകൾ നടത്തി. NDS ന്റെ നേതൃത്വത്തിൽ അടുക്കള പച്ചക്കറിത്തോട്ട മത്സരം നടത്തുന്നു. വീടുകളിലും വിഷരഹിത പച്ചക്കറി ഉത്പ്പാദിപ്പിച്ച് ഉപയോഗിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഏറ്റവും നല്ല പച്ചക്കറിത്തോട്ടത്തിന് മേഖലാതലത്തിൽ ഒന്നാം സമ്മാനം 3001 രൂപയും, രണ്ടാം സമ്മാനം 1501 രൂപയും, പ്രോത്സാഹനസമ്മാനമായി ഓരോ യൂണിറ്റിനും ഏറ്റവും നല്ല പച്ചക്കറിത്തോട്ടത്തിന് 1001 രൂപ വീതവും സമ്മാനം നൽകാൻ

തീരുമാനിച്ചു. നീലഗിരി മേഖലയിലെ NDS ന്റെ എല്ലാ Orientation Programme ഒക്ടോബർ 20 ന് നടത്തുവാനും തീരുമാനിച്ചു. ബഹു. ഫാ. റിബിൻ പേഴക്കാട്ടിൽ എല്ലാവർക്കും നന്ദി പറഞ്ഞു. അടുത്ത മാസധ്യാനം പനംചിറ വച്ച് നവംബർ 10 ന് നടത്താൻ തീരുമാനിച്ചു.

**ഫാ. ജയൻ മണ്ണുകുളം TOR**
റീജിണൽ സെക്രട്ടറി

---

## ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് 2020**

ലോഗോസ് മത്സര തീയതി വീണ്ടും മാറ്റുകയാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഡിസംബറിൽ പരീക്ഷ നടത്തുക സാധ്യമല്ലാത്തതു കൊണ്ടാണിത്. പുതുക്കിയ തീയതി മാർച്ച് 21 ആണ്. ഓശാന ഞായറിന് മുമ്പുള്ള ഞായർ. അതുകൊണ്ട് രജിസ്ട്രേഷൻ ജനുവരി 31 വരെ നടത്താവുന്നതുമാണ്. 2021 ലേക്കുള്ള പഠനഭാഗവും ഇതോടൊപ്പം അറിയിക്കട്ടെ. ജോഷ്വ 1-12, പ്രഭാഷകൻ 23-26, മർക്കോസ് 9-16, 1 കോറി 9-16 അധ്യായങ്ങൾ. സ്നേഹപൂർവ്വം സഹകരണം പ്രതീക്ഷിക്കുന്നു.

**ഫാ. പോൾ വാഴപ്പിള്ളി**
ഡയറക്ടർ, ബൈബിൾ അപ്പോസ്തലേറ്റ്

# ജനസംരക്ഷണസമിതി (JSS)

കർഷകരെയും കുടിയേറ്റ ജനതയേയും തീരാ ദുരിതത്തിലേക്കും നിർബന്ധിത കുടിയിറക്കിലേക്കും നയിക്കുന്ന കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ബഫർസോൺ പ്രഖ്യാപനത്തിനെതിരെ മാനന്തവാടി രൂപതയിൽ പ്രതിരോധ പ്രവർത്തനത്തിനു ജനസംരക്ഷണസമിതി എന്ന സംവിധാനത്തിന് രൂപം നൽകി.

**സംഘടനാ ലീഡേഴ്സ് മീറ്റ്**

രൂപതയിലെ എല്ലാ പ്രസ്ഥാനങ്ങളുടെയും രൂപത ഡയറക്ടർമാർ, പ്രസിഡണ്ട്മാർ, രൂപത PRO ടീം എന്നിവർ അഭിവന്ദ്യ ജോസ് പിതാവിന്റെയും വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ അച്ചന്റെയും നേതൃത്വത്തിൽ യോഗം ചേർന്ന് സമിതി രൂപീകരണത്തെക്കുറിച്ച് പ്രാഥമിക ചർച്ചകൾ നടത്തുകയും കർമ്മപദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കുകയും ചെയ്തു.

**ഫൊറോന വികാരിമാരുടെ യോഗം**

ഫൊറോന വികാരിമാരായ ബഹുമാനപ്പെട്ട വൈദികരുടെയും സംഘടന ഡയറക്ടർമാരുടെയും യോഗത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ജനസംരക്ഷണ സമിതി സെൻട്രൽ കമ്മിറ്റിക്ക് രൂപം നൽകി.

**സെൻട്രൽ കമ്മിറ്റി**

| | | |
|---|---|---|
| അഭിവന്ദ്യ ബിഷപ്പ് മാർ ജോസ് പൊരുന്നേടം | - | രക്ഷാധികാരി |
| മോൺ. പോൾ മുണ്ടോളിക്കൽ | - | സഹ രക്ഷാധികാരി |
| ഫാ. ആന്റോ മമ്പള്ളി | - | ചെയർമാൻ |
| ഫാ. നോബിൾ തോമസ് പാറക്കൽ | - | വൈസ് ചെയർമാൻ |
| ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടം | - | വൈസ് ചെയർമാൻ |
| സെബാസ്റ്റ്യൻ പാലംപറമ്പിൽ | - | ജനറൽ കൺവീനർ |

ജോസ് പള്ളത്ത്, വർക്കി നിരപ്പേൽ, ബിബിൻ ചെമ്പക്കര, ഗ്രേസി ജേക്കബ്, ടോം ജോസ് പൂവക്കുന്നേൽ, വിജി നെല്ലിക്കുന്നേൽ - കൺവീനർമാർ

**നടത്തിയ പ്രധാന പ്രവർത്തനങ്ങൾ**

1. അഭിവന്ദ്യ പിതാവിന്റെ സർക്കുലർ ഇടവകകളിലും സ്ഥാപനങ്ങളിലും വായിക്കുകയും മാധ്യമങ്ങൾക്ക് നൽകുകയും ചെയ്തു.
2. ഫൊറോന തലത്തിലും പഞ്ചായത്ത് തലത്തിലും കമ്മിറ്റികൾ രൂപീകരിച്ചു.

3. ബഫർസോൺ പ്രഖ്യാപനത്തിന്റെ പ്രത്യാഘാതങ്ങൾ ഉൾക്കൊള്ളിച്ച് നോട്ടീസ് തയ്യാറാക്കി വിതരണം നടത്തി.
4. പ്രചാരണ ബാനറുകൾ സ്ഥാപിച്ചു.
5. പഞ്ചായത്ത് ഭരണസമിതികൾക്ക് പ്രമേയങ്ങൾ നൽകി.
6. വനം പരിസ്ഥിതി മന്ത്രാലയത്തിന് പ്രതിഷേധ ഈമെയിലുകൾ അയച്ചു.
7. നിരാഹാര സമരങ്ങൾ നടത്തി.
8. പ്രതിഷേധ ധർണ്ണകൾ സംഘടിപ്പിച്ചു.
9. വിവിധ കർഷക പ്രസ്ഥാനങ്ങളെയും മതവിഭാഗങ്ങളെയും വിളിച്ച് യോഗം ചേർന്നു.
10. താമരശ്ശേരി, തലശ്ശേരി രൂപതകളിലെ വൈദികരും നേതാക്കളുമായി സംയുക്ത യോഗം ചേർന്ന് ചർച്ചകൾ നടത്തി.
11. സോഷ്യൽ മീഡിയകളിൽ ചർച്ചകൾ സംഘടിപ്പിച്ചു.

**വയനാട് സംരക്ഷണ സമിതി (WSS)**

ജനസംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ വയനാട്ടിലെ വിവിധ കർഷക പ്രസ്ഥാനങ്ങൾ, രൂപതകൾ, ഇതര മതസമുദായ സംഘടനകൾ, വ്യാപാരി സംഘടനകൾ തുടങ്ങി 25 ലധികം വിഭാഗങ്ങളെ ഉൾക്കൊള്ളിച്ച് രൂപീകരിച്ച പൊതുവേദിയാണ് വയനാട് സംരക്ഷണ സമിതി.

വന്യമൃഗശല്യം, വയനാട് വന്യജീവി സങ്കേത പ്രഖ്യാപനം, കടുവാസങ്കേത പ്രഖ്യാപനം എന്നീ പ്രശ്നങ്ങളാണ് പ്രധാന വിഷയങ്ങൾ. മാനന്തവാടി രൂപതയിൽ നിന്നും സിഞ്ചെല്ലൂസ് ഫാ.തോമസ് മണക്കുന്നേൽ (ചെയർമാൻ), ഫാ. ആന്റോ മമ്പള്ളി (വർക്കിംഗ് ചെയർമാൻ), ജോയി പുളിയംമാക്കൽ (ജനറൽ കൺവീനർ), സാലു അബ്രാഹം മേച്ചേരിൽ (ജനറൽ സെക്രട്ടറി) എന്നിവർ നേതൃത്വം നൽകുന്നു. ജനസംരക്ഷണ സമിതി രൂപീകരണത്തിന് എല്ലാ സഹകരണവും നൽകിയ അഭിവന്ദ്യ പിതാവിനെയും ജനറാളച്ചനേയും ഫൊറോന വികാരിയച്ചന്മാരെയും ഇടവക വൈദീകരെയും സംഘടന ഡയറക്ടർമാരെയും ഭാരവാഹികളെയും നന്ദിയോടെ ഓർക്കുന്നു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
ജനറൽ കൺവീനർ

**മതാധ്യാപകദിനം, നവം. 8**

സ്നേഹംനിറഞ്ഞ മതാധ്യാപകരെ ,

മതാധ്യാപകദിനത്തിന്റെ മംഗളങ്ങൾ ഏറെ സ്നേഹത്തോടെ നേരുന്നു. മതാധ്യാപകരുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വി. ചാൾസ് ബോറോമിയോയുടെ തിരുനാൾ കഴിഞ്ഞു വരുന്ന ഞായറാഴ്ചയാണ് നമ്മൾ മതാധ്യാപകദിനമായി ആചരിക്കുന്നത്. പതിവ് രീതികളിൽ നിന്നും വ്യത്യസ്തമായി ഏറെ പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ചുകൊണ്ടാണ് ഈ വർഷം നിങ്ങൾ വിശ്വാസപരിശീലന പ്രവർത്തനങ്ങളെ വിജയകരമായി ലക്ഷ്യത്തിലേക്ക് നയിക്കുന്നത്. നിങ്ങളുടെ സന്മനസ്സിനെയും ത്യാഗത്തെയും ഹൃദയത്തിലെ പ്രേഷിതാഗ്നിയേയും സ്നേഹത്തോടെ ആദരിക്കുകയും അനുമോദിക്കുകയും നന്ദി അറിയിക്കുകയും ചെയ്യുന്നു.

ഇടവകയിലെ പ്രഥമ മതാധ്യാപകനായ എല്ലാ ബഹു. വികാരിയച്ചന്മാർക്കും പ്രധാന അധ്യാപകർക്കും രണ്ടായിരത്തി അഞ്ഞൂറോളം വരുന്ന രൂപതയിലെ എല്ലാ മതാധ്യാപകർക്കും മേഖല ഡയറക്ടർ അച്ചന്മാർക്കും, മേഖല സെക്രട്ടറിമാർ, ടീമംഗങ്ങൾ, രൂപത ടീമംഗങ്ങൾ എന്നിവർക്കും മതാധ്യാപകദിനത്തിന്റെ ആശംസകൾ നേരുന്നു.

**വെബിനാർ: 'ഫ്രത്തേല്ലി തൂത്തി'**

മതാധ്യാപകദിനത്തോടനുബന്ധിച്ച് മാർപാപ്പയുടെ പുതിയ ചാക്രികലേഖനത്തെ ആസ്പദമാക്കി നവം. 8 ന് രാത്രി 8 മണി മുതൽ 9 മണിവരെ മതാധ്യാപകർക്കുവേണ്ടി വെബിനാർ നടത്തപ്പെടുന്നു.

**കാലികപ്രസക്തമാകേണ്ട വിശ്വാസ പരിശീലനം: മതാധ്യാപക വെബിനാർ**

മാനന്തവാടി രൂപതയിലെ മതാധ്യാപകർക്കായി 2020 സെപ്റ്റം. 27 ഞായറാഴ്ച വൈകുന്നേരം 8.00 pm – 10.00 pm വരെ വെബിനാർ നടന്നു. രൂപത വികാരി ജനറൽ മോൺ. പോൾ മുണ്ടോളിക്കൽ വെബിനാർ ഉദ്ഘാടനം ചയ്തു. മംഗലാപുരം സെന്റ് അലോഷ്യസ് കോളേജിൽ Dean of Studies ആയി സേവനം ചെയ്യുന്ന ഡോ. സജി പാലക്കൽ വെബിനാറിനു നേതൃത്വം നൽകി. വെബ്ബിനാറിനെ തുടർന്ന് ഓരോ ഇടവകയിലെയും മതാധ്യാപകരുടെ നേതൃത്വത്തിൽ വിശ്വാസ പരിശീലനത്തിൽ നടത്തേണ്ട നവീകരണങ്ങളെക്കുറിച്ചുള്ള ചർച്ചകൾ നടത്തി.

**ഒന്നാം ടേം പരീക്ഷ**

ഒക്ടോബർ 4–ാം തീയതി എല്ലാ ഇടവകകളിലും രൂപത സെമസ്റ്റർ പരീക്ഷ നടന്നു. കോവിഡ് പ്രതിസന്ധിക്കിടയിലും ഏറ്റവും ഭംഗിയായി പരീക്ഷയ്ക്കുവേണ്ട ക്രമീകരണങ്ങൾ നടത്തിയ ബഹു. വികാരിയച്ചന്മാർക്കും ഹെഡ്മാസ്റ്റേഴ്സിനും മതാധ്യാപകർക്കും നന്ദി അറിയിക്കുന്നു. പരീക്ഷയുടെ റിപ്പോർട്ട് സമയത്ത് തന്നെ അയച്ചുതന്ന ഹെഡ്മാസ്റ്റേഴ്സിന് പ്രത്യേകം നന്ദി.

**മേഖല HM കോൺഫ്രൻസ്**

നവംബർ മാസത്തിൽ എല്ലാ ഫൊറോനകളിലും HM കോൺഫ്രൻസ് നടത്തപ്പെടുന്നതാണ്. രൂപതാ ഡയറക്ടർ HM കോൺഫ്രൻസിൽ സന്നിഹിതനായിരിക്കും. ഫൊറോന HM കോൺഫ്രൻസിൽ വരുമ്പോൾ  കഴിഞ്ഞ വർഷത്തെ ഡിപ്ലോമ, പ്ലസ് വൺ, പ്ലസ് ടു പരീക്ഷകളുടെ സർട്ടിഫിക്കറ്റ് എത്തിക്കുന്നതാണ്. ഹെഡ്മാസ്റ്റേഴ്സ് ഓരോ ഇടവകയിലെയും  കുട്ടികളുടെ സർട്ടിഫിക്കറ്റ് ഈ മീറ്റിങ്ങിൽ വെച്ച് കൈപ്പറ്റേണ്ടതാണ്. മീറ്റിങ്ങിന് വരുമ്പോൾ 'കാലികപ്രസക്തമാകേണ്ട വിശ്വാസപരിശീലനം'എന്ന വിഷയത്തെക്കുറിച്ച് സ്റ്റാഫിൽ നടത്തിയ ചർച്ചയുടെ മിനിറ്റ്സും ഡിപ്ലോമ രജിസ്ട്രേഷന്റെ  print out ഉം  കൊണ്ടുവരേണ്ടതാണ്.

**ഡിപ്ലോമ രജിസ്ട്രേഷൻ**

ഈ വർഷത്തെ ഡിപ്ലോമ രജിസ്ട്രേഷൻ Online ആണ്. എങ്ങനെയാണ് രജിസ്ട്രേഷൻ നടത്തേണ്ടത് എന്ന് വ്യക്തമാക്കുന്ന Tutorial video ഹെഡ്മാസ്റ്റേഴ്സിന്റെ വാട്സ്ആപ് ഗ്രൂപ്പിൽ അയച്ചിട്ടുണ്ട്. Tutorial video കണ്ടതിനുശേഷം മാത്രമേ രജിസ്ട്രേഷൻ നടത്താവൂ. HM കോൺഫ്രൻസിൽ വരുമ്പോൾ ഡിപ്ലോമ രജിസ്ട്രേഷന്റെ print out കൊണ്ടുവരേണ്ടതാണ്.

2020 നവംബർ 15 നു മുമ്പ് രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതുണ്ട്. www.catechismmdy.in എന്ന നമ്മുടെ സൈറ്റിലാണ് രജിസ്ട്രേഷൻ  നടത്തേണ്ടത്. കുട്ടിയുടെ മാമ്മോദീസപേര്, സ്കൂളിലെ പേര് (സ്കൂളിലെ പേര് ചേർക്കുമ്പോൾ ഇനിഷ്യലടക്കം ചേർക്കേണ്ടതാണ്), വീട്ടുപേര്, അപ്പന്റെ പേര്, അമ്മയുടെ പേര്, ജനനതീയതി, മാമ്മോദീസ തീയതി എന്നിവ കുട്ടികളിൽനിന്ന് കൃത്യമായി വാങ്ങേണ്ടതാണ്. രജിസ്ട്രേഷൻ സമയത്തുതന്നെ പൂർത്തിയാക്കാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ പ്രേഷിതരെ,

'എപ്പോഴും ഈശോയുടെ കൂടെ ആയിരിക്കുക, ഈശോയോടൊപ്പം ജീവിക്കുക എന്നതാണ് എന്റെ ജീവിതാഭിലാഷം' വാഴ്ത്തപ്പെട്ട കാർലോ അകിറ്റിസിന്റെ വാക്കുകളാണിത്. ആധുനിക കാലത്തും വിശുദ്ധരാകാം;കാലം മുന്നോട്ടു ചെല്ലുംതോറും വിശുദ്ധി അപ്രസക്തം, കാലഹരണപ്പെട്ടത് എന്നു കരുതുന്നവർക്കുള്ള ഉത്തരമാണ് കാർലോയുടെ ജീവിതം. അതുപോലെ ജീൻസിട്ട്, കൈയ്യിൽ മൊബൈൽ കൊണ്ടുനടക്കുന്ന, സമൃദ്ധിയിലും പരിഷ്കാരത്തിലും ജീവിക്കുന്ന യുവത്വം തുളുമ്പിനിൽക്കുന്നവർക്കു ചേർന്നതല്ല, സാധ്യമല്ല വിശുദ്ധി എന്നു കരുതുന്നവർക്കുള്ള തിരുത്താണ് കാർലോയുടെ ജീവിതം. ഈ നൂറ്റാണ്ടിൽ, സമ്പൽസമൃദ്ധിയുടെ നടുവിൽ മൊബൈലും കമ്പ്യൂട്ടറും, ജീൻസും ഷർട്ടും ഉപയോഗിച്ചുകൊണ്ടും കാർലോ എന്ന കൗമാരക്കാരൻ വിശുദ്ധിയുടെ പടവുകൾ ചവിട്ടികയറി. എന്തുപയോഗിക്കുന്നു എവിടെ ജീവിക്കുന്നു എന്നതിലല്ല എങ്ങനെ ജീവിക്കുന്നു, നിന്റെ ഹൃദയം എവിടെ നിക്ഷേപിച്ചിരിക്കുന്നു എന്നതിലാണ് കാര്യം. വെർച്ചൽ റിയാലിറ്റിയുടെ കണ്ണഞ്ചിപ്പിക്കുന്ന സൈബർ യുഗത്തിൽ, അതിന്റെ നടുവിൽ നിന്നുകൊണ്ടു തന്നെ കാർലോ ചിതലും കീടവും നശിപ്പിക്കാത്ത, കള്ളൻമാർ കവരാത്ത വിലയേറിയ 'മുത്തുകൾ'വാരിക്കൂട്ടി, അത് അവന് അനന്തവും അമൂല്യവുമായ നിക്ഷേപങ്ങളായി. അതാണ് കാർലോയുടെ വിശുദ്ധി.

ഓർമ്മകളുടെ മാസമാണ് നവംബർ, നമ്മളിന്നായിരിക്കുന്നതിന് വിശുദ്ധരുടെയും പൂർവ്വികരുടെയും പരിത്യാഗ സ്മൃതികളിലേക്ക് തുറന്നിട്ടൊരു ജാലകം ഈ മാസത്തിനുണ്ട്. നമ്മളിന്നായിരിക്കുന്നത് അവരുടെ ത്യാഗത്തിനുള്ള നന്ദി പ്രകടനമായിട്ടാണോ? നമ്മുടെ കൂടെയുള്ളവരുടെ നിനവുകളെ പ്രചോദിപ്പിക്കുംവിധം സ്നേഹത്യാഗങ്ങളുടെ അനുഭവമേകാൻ നമുക്കാവുന്നുണ്ടോ? എന്നീ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ നമുക്കാവണം. നാം നട്ടതല്ലെങ്കിലും നമുക്കിന്നും തണലേകുന്ന എല്ലാ പച്ചമരങ്ങൾക്കും നന്ദിയേകി കർമ്മപഥത്തിൽ നമുക്കൊരുമിച്ച് മുന്നേറാം..

പ്രേഷിതാഭിവാദ്യങ്ങളോടെ,

ഷിജു അച്ചൻ

| | | |
|---|---|---|
| 2020-നവംബർ | : | മുൻപേ നടന്ന മിഷനറിമാർ |
| പ്രയർ 2020 | : | മൺമറഞ്ഞ മിഷനറിമാർക്കുവേണ്ടി |
| മിഷൻ പ്രയർ ബാങ്ക് | : | ഫരിദാബാദ് രൂപത – കൽപ്പറ്റ മേഖലയിലെ ശാഖകൾ |

**അരുതേ അനീതിയാണ്**

വിയർപ്പൊഴുക്കി അന്നമൊരുക്കുന്ന കർഷകന്റെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും, കാട് സംരക്ഷിക്കപ്പെടുന്നതുപോലെ തന്നെ നാടും സംരക്ഷിക്കപ്പെടുന്നതിനും, പാവപ്പെട്ട മലയോര കർഷകരുടെ അവകാശങ്ങൾ കാത്തുസൂക്ഷിക്കപ്പെടുന്നതിനുമായി ബഫർസോൺ പ്രഖ്യാപനം റദ്ദ്ചെയ്യുക, വന്യജീവി ശല്യത്തിന് പരിഹാരം കാണുക, കടുവാസങ്കേതം:ശുപാർശ പിൻവലിക്കുക, ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പാക്കാതിരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത 'ജീവിക്കാ നുള്ള പോരാട്ടം' എന്ന പേരിൽ ശക്തമായി പ്രതികരിച്ചു. ശാഖ, മേഖല, രൂപത തലങ്ങളിൽ സംഘടനാ അംഗങ്ങൾ ഹാഷ്റ്റാഗിൽ ധീരതയോടെ തങ്ങളുടെ പ്രതിഷേധം അറിയിച്ചു. ബഹു. മുഖ്യമന്ത്രിക്കും വനംവകുപ്പു മന്ത്രിക്കും രൂപത മാനേജിംങ് കമ്മറ്റി കത്തുകൾ അയച്ചു. 'അരുതേ അനീതിയാണ്' എന്ന പേരിൽ യൂറ്റ്യൂബ് ചാനലിലൂടെ പ്രഗല്ഭരായ മിഷണറിമാർ ബഫർസോണിനെതിരെ പ്രഭാഷണ പരമ്പര നടത്തി. രൂപതയുടെ നാനാഭാഗങ്ങളിലായി, അങ്ങോളം ഇങ്ങോളം ബാനറുകളും പോസ്റ്ററുകളും ഉയർത്തിയും സമ്മേളനങ്ങൾ സംഘടിപ്പിച്ചും കർഷക സഹോദരങ്ങൾക്കായി വീറോടെ പോരാടിയ എല്ലാ മിഷനറിമാർക്കും രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**കുട്ടികൾക്കു പഠിക്കാൻ ഒരു കൈത്താങ്ങ്**

'ഒരു കൈത്താങ്ങ്' പദ്ധതിയുടെ ഭാഗമായി നിർധന കുടുംബത്തിലെ വിദ്യാർത്ഥികൾക്കു പഠനസഹായം നല്കുന്നതിനോടനുബന്ധിച്ച് കുറുമണി ഇടവകയിലെ ഒരു കുടുംബത്തിന് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത പുതിയ ടിവി നല്കി സഹായിച്ചു. രൂപത ഡയറക്ടർ ഫാ.ഷിജു ഐക്കരക്കാനായിൽ, ശാഖാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുത്തേൻ, രൂപത പ്രസിഡന്റ് രഞ്ജിത് മുതുപ്ലാക്കൽ, ശാഖാ ജോ. ഡയറക്ടർ സി. ഉദയ സി.എം.സി., ശാഖാ അംഗങ്ങളായ ഷൈജു, ഷിനോജ് എന്നിവർ നേതൃത്വം കൊടുത്തു.

**ഞങ്ങളുണ്ട് കൂടെ**

ദുരിതബാധിതർക്ക് ഒരു പ്രേഷിത സാന്ത്വനം ഞങ്ങളുണ്ട് കൂടെ എന്ന പദ്ധതിയുമായി ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത..

കവളപ്പാറ പ്രളയത്തിൽ തകർന്ന ആറു കുടുംബങ്ങൾക്ക് ഭൂതാനം സെന്റ് മേരീസ് ഇടവക നിർമ്മിച്ചു നൽകുന്ന വീടുകൾ വയറിംഗ് ചെയ്യുന്നതിനാവശ്യമായ തുക, 2,10,000 രൂപ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത നല്കി. നിലമ്പൂർ മണിമൂളി റീജിണൽ വികാരി ജനറൽ റവ.ഫാ.തോമസ് മണക്കുന്നേൽ 'ഞങ്ങളുണ്ട് കൂടെ' പദ്ധതി യുടെ ഉദ്ഘാടനവും, ആദ്യ സഹായ വിതരണോദ്ഘാടനവും നടത്തി. ചടങ്ങിൽ രൂപത ഡയറക്ടർ ഫാ.ഷിജു ഐക്കരക്കാനായിൽ, മേഖല ഡയറക്ടർ ഫാ.ബിജു തൊണ്ടിപറമ്പിൽ, ഭൂതാനം ഇടവക വികാരി ഫാ.വിമൽ, രൂപത പ്രസിഡന്റ് രഞ്ജിത് മുതുപ്ലാക്കൽ, സെക്രട്ടറി ടോം പൂവക്കുന്നേൽ, ജനറൽ ഓർഗനൈസർ തങ്കച്ചൻ മാപ്പിളക്കുന്നേൽ, റീജ ണൽ ഓർഗനൈസർ വിൻസന്റ് തലച്ചിറ, എക്സിക്യൂട്ടീവ് അംഗങ്ങ ളായ ബിനീഷ് തുമ്പിയാംകുഴി, സാബു ഊളവള്ളി, ബിജു ചിറ്റേടം, അരുൺ ചേറാടി, ജോസ് ഭൂദാനം എന്നിവർ പങ്കെടുത്തു.

**'മാധ്യമങ്ങളിലെ ക്രൈസ്തവ വിരുദ്ധത' വെബിനാർ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വ ത്തിൽ മേഖല ഭാരവാഹികൾക്കായി 'മാധ്യമങ്ങളിലെ ക്രൈസ്തവ വിരു ദ്ധത' എന്ന വിഷയത്തെ ആസ്പദമാക്കി രൂപത ടീം അംഗം അഡ്വ. ജിജിൽ കിഴക്കരകാട്ട് വെബിനാർ നയിച്ചു. രൂപതയുടെ വിവിധ മേഖല കളിൽ നിന്നായി അൻപതിലധികം മേഖല ഭാരവാഹികൾ പങ്കെടുത്തു. സാമൂഹ്യ മാധ്യമങ്ങളുടെ പിന്നാംപുറങ്ങളിൽ ഒളിഞ്ഞും തെളിഞ്ഞും നടക്കുന്ന ക്രൈസ്തവ വേട്ടയുടെ കാണാപ്പുറങ്ങളെ പറ്റി കൂടുതൽ അവബോധമുള്ളവരാകാൻ അഡ്വ.ജിജിൽ നയിച്ച വെബിനാർ ഏറെ ഉപകാരപ്രദമായി. വെബിനാറിന് രൂപത ഡയറക്ടർ ഫാ.ഷിജു ഐക്കരക്കാനായിൽ, ജോ.ഡയറക്ടർ സി.ക്രിസ്റ്റീന എഫ്.സി.സി, രൂപത പ്രസിഡന്റ് രഞ്ജിത് മുതുപ്ലാക്കൽ, വൈസ് പ്രസിഡന്റ് ആര്യ കൊച്ചുപുരക്കൽ, രൂപത സെക്രട്ടറി ടോം പൂവക്കുന്നേൽ, ജനറൽ ഓർഗ നൈസർ തങ്കച്ചൻ മാപ്പിളക്കുന്നേൽ എന്നിവർ നേതൃത്വം നൽകി.

**ആദരാഞ്ജലികൾ**

അകാലത്തിൽ പൊലിഞ്ഞ് നിത്യത സ്വന്തമാക്കിയ ചെറുപുഷ്പ മിഷൻലീഗ് നരിവാലമുണ്ട ശാഖ ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചന് മിഷൻലീഗ് രൂപത കുടുംബത്തിന്റെ ആദരാഞ്ജലികൾ. സംഘടനയെ നെഞ്ചിലേറ്റി സ്നേഹിച്ച പ്രിയ ബാബു അച്ചാ, അങ്ങയുടെ നിഷ്കളങ്ക സ്നേഹത്തിനും വിശുദ്ധജീവിത മാതൃകയ്ക്കും നല്ല ദൈവം പ്രതിഫലം നല്കി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**ഹൃദയ ദൂത് 2020**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ മിഷൻമാസം 'ഹൃദയ ദൂത് 2020' ഉദ്ഘാടനം കണിയാരം ശാഖയുടെ സഹകരണത്തോടെ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നിലവിളക്കു തെളിച്ചുകൊണ്ട് രൂപത ഡയറക്ടർ ഫാ.ഷിജു ഐക്കരക്കാനായിൽ നിർവഹിച്ചു. പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ കത്തീഡ്രൽ വികാരി ഫാ. സണ്ണി മഠത്തിൽ, രൂപത ജോ.ഡയറക്ടർ സി.ക്രിസ്റ്റീന എഫ്.സി.സി, ഫാ.അനീഷ് കാട്ടാംകോട്ടിൽ, ഫാ.ജോഫിൻ, രൂപത സെക്രട്ടറി ടോം പൂവക്കുന്നേൽ, രൂപത ജനറൽ ഓർഗനൈസർ തങ്കച്ചൻ മാപ്പിളക്കുന്നേൽ, ആര്യ കൊച്ചുപുരക്കൽ, അരുൺ ജോണി, ഡോൺ വടക്കേടത്ത്പുത്തൻപുര, എയ്ഞ്ചൽ മരിയ എന്നിവർ നേതൃത്വം കൊടുത്തു.

**വിശുദ്ധ പുഷ്പം**

ഒക്ടോബർ ഒന്ന് ചെറുപുഷ്പ മിഷൻലീഗിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വി.കൊച്ചുത്രേസ്യായുടെ തിരുനാൾ ദിനം. കുഞ്ഞുമിഷനറിമാരുടെ ആത്മീയാനന്ദത്തിന് മാറ്റുകൂട്ടുന്ന പുണ്യ ദിനം. ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത കുടുംബത്തിൽ നിന്നും ഏവർക്കും ഈ ദിനത്തിന്റെ നൻമകളും മംഗളങ്ങളും ആശംസിച്ചു. രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി ശാഖ, മേഖല, രൂപത തലത്തിൽ ദൈവത്തിനായി ദൈവം തന്നെ തിരഞ്ഞെടുത്ത് വിശുദ്ധിയിൽ മാറ്റി നിർത്തിയ ഈ വി.പുഷ്പത്തെ പറ്റിയുള്ള പ്രസംഗങ്ങളും പ്രഭാഷണങ്ങളും സോഷ്യൽ മീഡിയകളിലൂടെ അനേകരിൽ എത്തിച്ചു.

**ഈശോയുടെ സ്വന്തം ചെറുപുഷ്പം – വെബിനാർ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ വി.കൊച്ചുത്രേസ്യായുടെ തിരുനാൾ ദിനത്തിൽ രൂപതയിലെ കൊച്ചുത്രേസ്യ നാമധാരികളുടെ സംഗമവും വെബിനാറും 'ഈശോയുടെ സ്വന്തം ചെറുപുഷ്പം' എന്ന പേരിൽ നടത്തി. സി.എം.എൽ. രൂപത ഡയറക്ടർ ഫാ.ഷിജു ഐക്കരക്കാനായിൽ സംഗമം ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് രഞ്ജിത് മുതുപ്ലാക്കൽ അധ്യക്ഷത വഹിച്ച സംഗമത്തിൽ രൂപത ടീം അംഗം സി.ലിസ്സ അലക്സ് എസ്.കെ.ഡി. വെബിനാർ നയിച്ചു. രൂപത ജോ.ഡയറക്ടർ സി. ക്രിസ്റ്റീന എഫ്.സി.സി, രൂപത സെക്രട്ടറി ടോം പൂവക്കുന്നേൽ, രൂപത ജനറൽ ഓർഗനൈസർ തങ്കച്ചൻ മാപ്പിളക്കുന്നേൽ, വൈ.പ്രസിഡന്റ് ആര്യ കൊച്ചുപുരക്കൽ, എക്സിക്യൂട്ടീവ് അംഗങ്ങളായ ജോസ് മാങ്കൂട്ടം, നിമ്മി മൂലനിരപ്പേൽ എന്നിവർ നേതൃത്വം നൽകി.

**HAPPY BIRTHDAY CML**

എഴുപത്തിമൂന്നാണ്ടുകൾക്കുമുൻപ് തിരുസഭയുടെ പ്രേഷിതാകാശത്ത് വിരിഞ്ഞ മഴവില്ല്, അനേകം ഹൃദയങ്ങളിൽ സുവിശേഷ പ്രകാശം നിറയാൻ നിമിത്തമായ സംഘമുന്നേറ്റം, മിഷനറിമാരുടെ പരിശീലനക്കളരി, ദൈവവിളിയുടെ നേഴ്സറി, ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഈറ്റില്ലം, അതാണ് ചെറുപുഷ്പ മിഷൻലീഗ്. ഒക്ടോബർ 3-ന് 73 വർഷങ്ങൾ തികയുമ്പോൾ സംഘടനയ്ക്കു ജന്മം നൽകിയ ബഹു. മാലിപ്പറമ്പിൽ അച്ചനെയും കുഞ്ഞേട്ടനെയും നന്ദിയോടെ അനുസ്മരിച്ചു. ഇന്നേ ദിനം രൂപത ഡയറക്ടർ ഫാ.ഷിജു ഐക്കരക്കാനായിൽ രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾക്കും രൂപത പ്രസിഡന്റ് രഞ്ജിത് മുതുപ്ലാക്കൽ രൂപതയിലെ അൽമായ നേതൃത്വങ്ങൾക്കും സ്ഥാപക ദിനത്തിന്റെ ആശംസകൾ നേർന്നു.

**സ്ഥാപക ദിനവും പതാക ദിനവും**

ചെറുപുഷ്പ മിഷൻലീഗ് 73-ാമത് സ്ഥാപക ദിനവും പതാക ദിനവും സംയുക്തമായി കണിയാരം കത്തീഡ്രൽ ദേവാലയത്തിൽ വച്ച് ആചരിച്ചു. സി.എം.എൽ. രൂപത ഡയറക്ടർ ഫാ.ഷിജു ഐക്കരക്കാനായിൽ കത്തീഡ്രൽ ശാഖ പ്രസിഡന്റ് ഡോൺ വടക്കേടത്തു പുത്തൻപുരയ്ക്ക് പതാക നൽകികൊണ്ട് ഉദ്ഘാടനം ചെയ്തു. കത്തീഡ്രൽ വികാരി ഫാ. സണ്ണി മഠത്തിൽ, രൂപത പ്രസിഡന്റ് രഞ്ജിത് മുതുപ്ലാക്കൽ, രൂപത സെക്രട്ടറി ടോം പൂവക്കുന്നേൽ, അസി.ഡയറക്ടർ ഫാ.ജോഫിൻ, ജോ.ഡയറക്ടർ സി.ജെയിൻ, വൈ. പ്രസിഡന്റ് ഏയ്ഞ്ചൽ തെക്കുംപുറത്ത് എന്നിവർ പ്രസംഗിച്ചു. ജൂഡ്സൺ കോട്ടായിൽ, അഖിൽ കോട്ടായിൽ, ടോം കിഴക്കേൽ, മേഘ നെടുമല തുടങ്ങിയവർ നേതൃത്വം നൽകി.

**MISSION FLAG CHALLENGE**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ഒക്ടോബർ അഞ്ചുവരെ ശാഖ, മേഖല തലങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ഫ്ളാഗ് ചലഞ്ച് നടത്തി. മേഖല തലത്തിലോ, ശാഖ തലത്തിലോ, വ്യക്തിപരമായോ, സംഘമായോ കുഞ്ഞുമിഷനറിമാരുടെ ചങ്കായ, അഭിമാനമായ ചെമ്മഞ്ഞകൊടി കൈകളിലേന്തി നിൽക്കുന്ന ഫോട്ടോ #missionflagchallenge എന്ന് ടൈപ്പ് ചെയ്ത് എല്ലാവരും തങ്ങളുടെ ഫേസ്ബുക്ക് അക്കൗണ്ടിൽ പോസ്റ്റ് ചെയ്തു. സംഘടന അംഗങ്ങളുടെ ആത്മാഭിമാനമായ ചെമ്മഞ്ഞക്കൊടിയുടെ ചൈതന്യം അതിർത്തികൾ കടന്ന് പഞ്ചഭൂഖണ്ഡങ്ങളിൽ എത്താൻ അത് കാരണമായി. ഇതിനു പിന്നിൽ പ്രയത്നിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.

**ഇതൊക്കെ മാറും പിള്ളേരേ-ഷോർട്ട് ഫിലീം**

മിഷൻമാസത്തിന്റെ പ്രാധാന്യം വിളിച്ചോതുന്നതിനൊപ്പം വിശുദ്ധിയുടെ വിളനിലം കുടുംബമാണെന്ന സത്യം ലോകത്തോടുപറയുന്ന 'ഇതൊക്കെ മാറും പിള്ളേരെ' എന്ന മനോഹരമായ ഷോർട്ട് ഫിലീം പൂർണ്ണമായും മൊബൈലിൽ ചിത്രീകരിച്ചതാണ്. ചെറുപുഷ്പ മിഷൻലീഗ് മരകാവ് ശാഖയുടെ സ്നേഹോപഹാരത്തിന് നന്ദി. ഒപ്പം ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ചെറുപുഷ്പ മിഷൻലീഗ് രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**പരിശുദ്ധജപമാല രാജ്ഞി**

മിഷൻ മാസാചരണത്തിന്റെ ഭാഗമായി ഒക്ടോബർ 7 പരി. ജപമാല രാജ്ഞിയുടെ തിരുനാൾ ദിനത്തിൽ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ ROSARY WAR എന്ന പ്രാർത്ഥന സംരംഭത്തിന് തുടക്കം കുറിച്ചു. പാസ്റ്ററൽ സെന്റർ ഡയറക്ടർ ബഹു. പോൾ വാഴപ്പള്ളി അച്ചനും എക്സിക്യൂട്ടീവ് അംഗങ്ങളും ചേർന്ന് ജപമാല ചൊല്ലിക്കൊണ്ട് ഉദ്ഘാടനം ചെയ്തു. പരി. ജപമാലയുടെ ശക്തിയെ പറ്റിയും ജപമാല പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയെ പറ്റിയുമൊക്കെ വളരെ ആധികാരികമായി സന്ദേശം നല്കി ഈ ദിനത്തെ സമ്പന്നമാക്കിയ ബഹു.പോൾ വാഴപ്പള്ളി അച്ചന് രൂപത സമിതിയുടെ സ്നേഹവും നന്ദിയും.

**ROSARY WAR**

വ്യാധിയുടെ പരീക്ഷണങ്ങൾക്കെതിരെ പ്രാർത്ഥനയുടെ പോരാട്ടം. രൂപതയിലെ മുഴുവൻ ശാഖകളിലെയും മുപ്പതിനായിരത്തിലധികം വരുന്ന കുടുംബങ്ങളെ ജപമാലയുടെ പ്രാർത്ഥനാ ശൃംഖലയിൽ ചേർത്തു നിർത്തി ഒരുക്കിയ പ്രത്യേക പ്രാർത്ഥന അർപ്പണമാണ് ROSARY WAR. ഒക്ടോബർ 7 മുതൽ 31 വരെയുള്ള സമയം കൊണ്ട് ഒരു കുടുംബം 30 ജപമാല വീതം ചൊല്ലിക്കൊണ്ട് ദശലക്ഷം ജപമാല പ്രാർത്ഥിച്ച് കൊറോണ വൈറസിനെ പ്രതിരോധിക്കാനുള്ള മരുന്നു കണ്ടെത്തുന്നതിനും അഖിലലോക മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായും സമർപ്പിച്ചു. 7 മുതൽ 31 വരെ എക്സിക്യൂട്ടീവ് അംഗങ്ങൾ വ്യക്തിപരമായി 1000 ജപമാല ചൊല്ലി മാതൃകയായി.

**സൈബർ അപ്പസ്തോലൻ**

10.10.2020 very unique day തിരുസഭയുടെ ഹൃദയത്തിൽ തങ്കലിപികളിൽ കോറിയിട്ട പുണ്യദിനം. ദിവ്യകാരുണ്യത്തിന്റെ സൈബർ അപ്പസ്തോലനായ കാർലോ അകിറ്റിസ് വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ട നല്ല ദിനം. ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത

ഈ ദിനത്തിന്റെ എല്ലാ നൻമകളും പ്രാർത്ഥനയോടെ ആശംസിച്ചു. ഹൃദയം നിറയുന്ന സ്വർഗ്ഗീയ കാരുണ്യത്തിന്റെ പ്രേഷിതരാകാൻ ഈ വിശുദ്ധ പ്രചോദനത്തെ കുഞ്ഞു മിഷനറിമാരായ നമുക്കും ഹൃദയത്തിൽ സ്വീകരിക്കാം.

ബർമുഡയും ബനിയനുമിട്ട ഒരു കൂട്ടുകാരനായ കാർലോ അകിറ്റിസ് എന്ന ന്യൂ ജനറേഷൻ വിശുദ്ധനെ കുറിച്ച് ഫാ.ബിവാൾഡിൻ സ്ക്രിപ്റ്റ് തയ്യാറാക്കി രൂപത വൈസ് പ്രസിഡന്റ് ആര്യ എഡിറ്റിംങ് നടത്തി എക്സിക്യൂട്ടീവ് അംഗം ഷാജി ചന്ദനപറമ്പിൽ ശബ്ദം നല്കിയ വീഡിയോ ഏറെ അഭിനന്ദനാർഹം. ഇതിനു പിന്നിൽ പ്രവർത്തിച്ച ബിവാൾഡിൻ അച്ചനും ആര്യയ്ക്കും ഷാജി സാറിനും രൂപത കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും.

**നിയമാവലി പ്രശ്നോത്തരി**

പുതുക്കിയ നിയമാവലി മനസിലാക്കുന്നതിനും പഠിക്കുന്നതിനുമായി ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത സംഘടിപ്പിച്ച ഓൺലൈൻ ക്വിസ് മത്സരമാണ് നിയമാവലി പ്രശ്നോത്തരി. രൂപതയുടെ വിവിധ ശാഖകളിൽ നിന്നുമായി ധാരാളം കുഞ്ഞു മിഷനറിമാർ പങ്കെടുത്ത ഈ മത്സരത്തിൽ അഞ്ജന ചെറുതറപ്പേൽ (കയ്യൂന്നി), മരിയ തോമസ് ചെറുതറപ്പേൽ (കയ്യൂന്നി ), ഏഞ്ചൽ വർഷ നിരപ്പേൽ (ദ്വാരക), ബിന്ദു മരങ്ങാട്ടിൽ (പുതുശ്ശേരി), ജോവിയാൽ നിരപ്പേൽ (ദ്വാരക) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും നാലും അഞ്ചും സ്ഥാനങ്ങൾക്ക് അർഹരായി. വളരെ ഭംഗിയായി മത്സരം ക്രമീകരിച്ച ബിനീഷ് സാറിനും ചോദ്യങ്ങൾ തയ്യാറാക്കുന്നതിനു സഹായിച്ച ഷാജി സാറിനും എല്ലാറ്റിനും ചുക്കാൻ പിടിച്ച രൂപത ഡയറക്ടർ ഷിജു ഐക്കരക്കാനായിൽ അച്ചനും രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**പെൺ താരകങ്ങൾക്ക് ആശംസകൾ**

ഒക്ടോബർ 11 –International Day of Girl Child ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയിലുള്ള കുഞ്ഞുമിഷനറിമാരായ മുഴുവൻ പെൺമക്കൾക്കും പ്രത്യേകിച്ച് ശാഖ, മേഖല, രൂപത തലങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ പെൺ താരങ്ങൾക്കും രൂപത കുടുംബത്തിൽ നിന്നുള്ള മംഗളങ്ങളും ആശംസകളും നേർന്നു.

**STAND WITH STAN SWAMY**

സാമൂഹിക പ്രവർത്തകനും ഈശോസഭ അംഗവുമായ ഫാ.സ്റ്റാൻ സ്വാമിയെ അകാരണമായി അറസ്റ്റ് ചെയ്ത നടപടിയിൽ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത പ്രതിഷേധിച്ചു. അഞ്ചു പതിറ്റാണ്ടുകളായി ജാർഖണ്ഡിലെ ആദിവാസി വിഭാഗങ്ങൾക്കും

ദളിതർക്കും വേണ്ടി ജീവിതം സമർപ്പിച്ച് പ്രേഷിത പ്രവർത്തനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ഫാ.സ്റ്റാൻ സ്വാമിയെ കള്ളക്കേസ് ചുമത്തി മാവോയിസ്റ്റായി ചിത്രീകരിക്കുന്നത് അംഗീകരിക്കാനാവില്ലെന്ന് രൂപത പ്രസിഡന്റ് രഞ്ജിത് മുതുപ്ലാക്കൽ അഭിപ്രായപ്പെട്ടു. സി.എം.എൽ രൂപത ഡയറക്ടർ ഫാ.ഷിജു ഐക്കരക്കാനായിൽ, രൂപത ജോ.ഡയറക്ടർ സി. ക്രിസ്റ്റീന എഫ്.സി.സി, രൂപത സെക്രട്ടറി ടോം പൂവക്കുന്നേൽ, രൂപത ജനറൽ ഓർഗനൈസർ തങ്കച്ചൻ മാപ്പിളക്കുന്നേൽ എന്നിവർ യോഗത്തിൽ സംസാരിച്ചു.

**അഭിനന്ദനങ്ങൾ**

മാനന്തവാടി മീഡിയ & കമ്മ്യൂണിക്കേഷൻ പുറത്തിറക്കുന്ന 'പ്രതിധ്വനി' e-മാഗസിൻ ഒക്ടോബർ മാസത്തിൽ വിവിധങ്ങളായ സൃഷ്ടികൾ നൽകിയ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത കുടുംബാംഗങ്ങളായ അജീഷ് എടപ്പാട്ട്, തോമസ് കല്ലറക്കൽ, ഷാജി ചന്ദനപറമ്പിൽ, നോയൽ ബെന്നി നടവയൽ എന്നിവർക്ക് രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ജൻമദിനാശംസകൾ**

ഒക്ടോബർ 16 ന് ജൻമദിനം ആഘോഷിച്ച മാനന്തവാടി രൂപത വികാരി ജനറാൾ മോൺ.പോൾ മുണ്ടോളിക്കൽ അച്ചന് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത കുടുംബത്തിന്റെ ജൻമദിനാശംസകളും പ്രാർത്ഥനകളും നേർന്നു.

**പാവപ്പെട്ടവന്റെ കുഞ്ഞച്ചൻ**

കേരള സഭയ്ക്ക് അഭിമാനവും വൈദീക ലോകത്തിന് മാതൃകയുമായ വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചനെ അനുസ്മരിക്കുന്ന പുണ്യ ദിനം ഒക്ടോബർ 16. ദളിത് ക്രൈസ്തവർക്കുവേണ്ടി തന്റെ ജീവിതം മുഴുവൻ മാറ്റിവച്ച് അവരുടെ ഉന്നമനത്തിനായി അത്യദ്ധ്വാനം ചെയ്ത ദൈവത്തിന്റെയും പാവപ്പെട്ടവരുടെയും കുഞ്ഞച്ചനെ ചെറുപുഷ്പ മിഷൻലീഗ് മാന്തവാടി രൂപത അന്നേദിനം പ്രത്യേകവിധം അനുസ്മരിച്ചു.

**മിഷൻ ഞായർ**

ചെറുപുഷ്പ മിഷൻലീഗ് മാന്തവാടി രൂപതയുടെ നേതൃത്വത്തിൽ പ്രേഷിതാത്മ 2020 മിഷൻ ഞായർ ആഘോഷങ്ങൾക്ക് നടവയൽ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന ദേവാലയത്തിൽ വച്ച് ആർച്ച് പ്രീസ്റ്റ് ഫാ.ജോസ് മേച്ചേരി ഉദ്ഘാടനം ചെയ്തു. സി.എം.എൽ. രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ മുഖ്യപ്രഭാഷണം നടത്തി. രൂപത പ്രസിഡന്റ് രഞ്ജിത് മുതുപ്ലാക്കൽ അധ്യക്ഷത വഹിച്ച മീറ്റിം

ങ്ങിൽ ഫാ. നിധിൻ ആലക്കാത്തടത്തിൽ, ആന്റോ ചിറമേൽ, ബിജോയ് പുതുശ്ശേരിയിൽ, ഐറിൻ വാതക്കോടത്ത്, ടോണി ചെമ്പോട്ടിക്കൽ, സിനീഷ് ആപ്പുഴയിൽ എന്നിവർ പ്രസംഗിച്ചു. അന്നേദിനം ശാഖ, മേഖല, രൂപത തലങ്ങളിൽ ഫാ.സ്റ്റാൻ സ്വാമി എന്ന മിഷനറിക്കുവേണ്ടി മിഷനറിമാർ വളരെ ശക്തമായി തങ്ങളുടെ പ്രതിഷേധം അറിയിച്ചു.

**പിതാവിന്റെ സന്ദേശം**

മിഷൻ ഞായറിനോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗിനെ ഏറെ സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന മാനന്തവാടി രൂപതാധ്യക്ഷനും സംഘടനയുടെ രക്ഷാധികാരിയുമായ മാർ ജോസ് പൊരുന്നേടം പിതാവ് രൂപതയിലെ കുഞ്ഞുമിഷനറിമാർക്ക് മിഷൻഞായർ സന്ദേശം നൽകി. മിഷനറി യേശുവിനു സാഷ്യം വഹിക്കുന്ന വ്യക്തിയാണ്. മിഷൻലീഗ് അംഗങ്ങൾ ആയിരിക്കുന്ന ഇടങ്ങളിൽ യേശുവിനു സാക്ഷ്യം വഹിക്കുന്നവരാകണം എന്നും പിതാവ് മക്കളെ ഓർമ്മപ്പെടുത്തി. പ്രായോഗികമായ മിഷൻ സന്ദേശം നൽകി അനുഗ്രഹിച്ച പിതാവിന് രൂപത കുടുംബത്തിന്റെ നന്ദി.

**മിഷൻ ചലഞ്ച്**

കോവിഡ് കാലത്ത് സംഘബോധത്തിന്റെ മാതൃക തീർക്കാൻ, ആവേശത്തോടെ തീക്ഷ്ണതയോടെ പൂർത്തിയാക്കാൻ ശാഖകൾക്ക് അവസരം നൽകികൊണ്ട് 20-ാം തീയതി മുതൽ ആരംഭിക്കാൻ രൂപത സമിതി 5 മിഷൻ ചലഞ്ചുകൾ ശാഖകൾക്ക് നൽകി.

**മുദ്രാവാക്യം വിളി മത്സരം**

മിഷൻ ഞായറിനോടനുബന്ധിച്ച് മിഷനറിമാരുടെ ആവേശമായ മിഷൻ മുദ്രാവാക്യങ്ങൾ കുടുംബമൊന്നിച്ചോ കൂട്ടുകാരൊന്നിച്ചോ ആവേശത്തോടെ വിളിക്കുന്ന ഒരു മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ മത്സരം. വിവിധ ശാഖകളിൽ നിന്നും അനേകം ഗ്രൂപ്പുകൾ പങ്കെടുത്ത മത്സരത്തിൽ സെന്റ് മേരീസ് ചർച്ച് കല്ലുവയൽ, വെള്ളിയാംകണ്ടത്തിൽ റിയ മേരി, സിയ സജി & എയ്ഞ്ചൽ റോസ് (കല്ലോടി), സെന്റ് തോമസ് ചർച്ച് ഇടിവണ്ണ എന്നീ ശാഖകൾ ഒന്നും രണ്ടും മൂന്നും സ്ഥാനത്തിന് അർഹരായി. പങ്കെടുത്ത എല്ലാ ശാഖകൾക്കും കുഞ്ഞുമിഷനറിമാർക്കും പ്രത്യേകിച്ച് സമ്മാനാർഹരായവർക്കും അഭിനന്ദനങ്ങൾ.

**ബലിപീഠത്തിനരികിൽ - വെബിനാർ**

ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃതൃത്വത്തിൽ അൾത്താര ബാലസംഘാംഗങ്ങളുടെയും ആകാൻ ആഗ്രഹിക്കുന്നവരുടെയും സംഗമവും വെബിനാറും ഒക്ടോബർ 18 മിഷൻ ഞായറാഴ്ച ഉച്ചതിരിഞ്ഞ് 2.45 മുതൽ 4.00 മണിവരെ സംഘടിപ്പിച്ചു. ബലിക്കല്ലിൽ മാലാഖയ്ക്ക

ടുത്ത വിശുദ്ധിയോടെ ശുശ്രൂഷചെയ്ത് വിജയത്തിന്റെ ഉയരങ്ങൾ താണ്ടിയപ്പോഴും ദിനവും ബലിയിൽ നിന്നും ശക്തിയാർജ്ജിച്ച ഭൂമിയിലെ ദൈവ നീതിയുടെ ആൾ രൂപമായ മുൻ സുപ്രീം കോടതി ജഡ്ജ്, ജസ്റ്റിസ് കുര്യൻ ജോസഫ് സാർ നയിച്ച വെബിനാർ മാനന്തവാടി രൂപത മെത്രാൻ മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം ചെയ്തു. ബലിവേദിയുടെ അരികിൽ പുണ്യസൂനമായി വളരുവാൻ, ആത്മീയതയിൽ അടിത്തറ പാകിയ ജീവിതം കരുപിടിപ്പിക്കാൻ വിശുദ്ധിയോടെ വിജയത്തിന്റെ ഉയരങ്ങൾ കയറാൻ അൾത്താര ബാലകരായ കുഞ്ഞുമിഷനറിമാർക്ക് ആത്മീയ പ്രചോദനവും ആവേശവും പകരുന്നതായിരുന്നു കുര്യൻ ജോസഫ് സാറിന്റെ ഓരോ വാക്കും. ലോകാതിർത്തികളിൽ ദൈവസാന്നിധ്യത്തിന്റെ അടയാളങ്ങളാകാൻ, തിരുസഭയുടെ ഭാവി സ്വപ്നങ്ങളാകാൻ രൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്നും സി.എം.എൽ. യൂറ്റ്യൂബ്, ഫേസ്ബുക്ക് ചാനലുകളിലൂടെയും സൂം ആപ്പിലൂടെയും പങ്കെടുത്ത രണ്ടായിരത്തിലേറെ അൾത്താര ബാലകരുടെ ഹൃദയങ്ങളിൽ തീക്ഷ്ണതയുടെ തീയിട്ട ജസ്റ്റിസ് കുര്യൻ ജോസഫ് സാറിന് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും. ഒപ്പം തുടക്കം മുതൽ ഒടുക്കം വരെ ഞങ്ങളോടൊപ്പമായിരുന്നുകൊണ്ട് അവസാന ആശീർവാദവും നൽകി ഞങ്ങളെ അനുഗ്രഹിച്ച ഞങ്ങളുടെ പ്രിയപ്പെട്ട പിതാവിനും നന്ദി. രൂപത ഡയറക്ടർ ഫാ.ഷിജു ഐക്കരക്കാനായിൽ, രൂപത പ്രസിഡന്റ് രഞ്ജിത് മുതുപ്ലാക്കൽ, വൈ.പ്രസിഡന്റ് ആര്യ കൊച്ചുപുരക്കൽ എന്നിവർ വെബിനാറിന് നേതൃത്വം നൽകി.

**മേഖല വാർത്തകൾ**

**മണിമൂളി മേഖല**

ചെറുപപുഷ്പ മിഷൻലീഗ് മണിമൂളി മേഖലയുടെ നേതൃത്വത്തിൽ അനേകരെ പങ്കെടുപ്പിച്ചുകൊണ്ട് സി.എം.എൽ. ബാഡ്ജ് ചലഞ്ച് നടത്തി. കോവിഡ് വ്യാപനത്തിന്റെ തീവ്രത കുറയുന്നതിനായി മേഖലയിലെ 10 ശാഖകളെയും ഉൾകൊള്ളിച്ചുകൊണ്ട് ദശദിന ജപമാല യജ്ഞം നടത്തി.

**ബത്തേരി മേഖല**

സെപ്റ്റംബർ 1 മുതൽ 8 വരെ മേഖലയിലെ വിവിധ ശാഖകളിലായി നിർദേശിക്കപ്പെട്ട വിവിധ നിയോഗങ്ങൾക്കായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. മിഷൻ മാസാചരണത്തോടനുബന്ധിച്ച് –മഴവില്ല് 2020–. ഒക്ടോബർ 1 മുതൽ 7 വരെ മിഷൻ അറിവ് എന്ന പേരിൽ സി.എം.എൽ. സംഘടനയെ കുറിച്ചുള്ള വിവിധങ്ങളായ അറിവുകൾ

മേഖലയിലെ സംഘടനാഗംങ്ങൾക്കായി പങ്കുവച്ചു. ചെറുപുഷ്പ മിഷൻലീഗ് ദൈവവിളിയുടെ നേഴ്സറി എന്ന പേരിൽ ദൈവവിളിയുടെ വിവിധ വശങ്ങളെയും വിവിധ വൈദീക സന്യാസ സമൂഹങ്ങളെയും പരിശീലന കേന്ദ്രങ്ങളെയും മേഖലയിലെ കുഞ്ഞു മിഷനറിമാർക്കു പരിചയപ്പെടുത്തി. ക്രിസ്തുവിന്റെ കുഞ്ഞു മിഷനറി എന്ന പേരിൽ റവ.ഫാ.ജെൻസൺ ലാസലറ്റിന്റെ നേതൃത്വത്തിൽ വെബിനാർ നടത്തി.

**ശാഖവാർത്തകൾ**

**ചുള്ളിയോട് ശാഖ**

മിഷൻ മാസാചരണത്തിന്റെ ഭാഗമായി ശാഖയുടെ യൂറ്റ്യൂബ് ചാനൽ ആരംഭിച്ചു. ഓരോ ദിനത്തിന്റെയും പ്രാധാന്യം അനുസരിച്ച് ശാഖാംഗങ്ങൾ ആ ദിനത്തിന്റെ വിശുദ്ധരെ പരിചയപ്പെടുത്തുന്നു. ഒക്ടോബർ 1-ാം തീയതി തന്നെ ശാഖാ ഡയറക്ടർ റവ.ഫാ.തോമസ് തൈക്കുന്നുംപുറം പതാക ഉയർത്തി മിഷൻ മാസത്തിനു തുടക്കം കുറിച്ചു. ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി പെൻസിൽ ഡ്രോയിംഗ്, കളറിംഗ് മത്സരങ്ങൾ നടത്തി. ബൈബിളിലെ ഒരദ്ധ്യായം കാണാതെ പറയുന്നതിനായി സങ്കീർത്തനം 23 ജൂനിയർ വിഭാഗത്തിനും സങ്കീർത്തനം 34 സീനിയർ വിഭാഗത്തിനും നൽകി. കുട്ടികൾ നല്ല രീതി യിൽ പ്രതികരിച്ചു.

**മീനങ്ങാടി ശാഖ**

വി.ഫ്രാൻസിസ് അസ്സീസിയുടെ തിരുനാളിനോടനുബന്ധിച്ച് സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 4 വരെ വിശുദ്ധന്റെ ജീവചരിത്ര കുറിപ്പ് ശാഖാംഗങ്ങളിലേക്കും ഇടവകാംഗങ്ങളിലേക്കും വാട്സാപ്പ് ഗ്രൂപ്പു വഴി ഷെയർ ചെയ്തു. ഇടവകയിലെ അർഹരായ രണ്ടു വ്യക്തി കൾക്ക് മരുന്നുവാങ്ങാൻ സഹായമായി 3000 രൂപ നൽകി. ഒക്ടോബർ 4 ന് തിരുബാലസഖ്യം അംഗങ്ങൾക്കായി വി. ഫ്രാൻസിസ്സ് അസ്സീസി യുടെയും വി. കൊച്ചുത്രേസ്യായുടെയും പ്രച്ഛന്നവേഷ മത്സരം നടത്തി. ഒക്ടോബർ 7 ന് കുടുംബപ്രാർത്ഥന എന്ന വിഷയത്തെ ആസ്പദമാക്കി ചിത്ര രചന മത്സരം നടത്തി. ഒക്ടോബർ 14 ന് തിരുബാല സഖ്യം അംഗങ്ങൾക്കായി ബൈബിൾ കഥ പറയൽ മത്സരം നടത്തി.

**മരക്കടവ് ശാഖ**

ബഫർസോൺ പ്രഖ്യാപനം തടയുന്നതിനായി പ്രതിഷേധ റാലിയും യൂറ്റ്യൂബ് ചാനലിലൂടെ പ്രതിരോധ സന്ദേശവും നൽകി. ഒക്ടോബർ 1 ന് മിഷൻ മാസാചരണത്തിന് തുടക്കം കുറിച്ചു. ഇടവക യുടെ അഞ്ചു ദിക്കുകളിൽ പതാക ഉയർത്തുകയും പതാക വന്ദനം നടത്തുകയും ചെയ്തു. സ്വന്തം ഭവനങ്ങളിൽ വച്ച് പതാക കൈകളി

ലേന്തി മുദ്രാവാക്യം വിളിച്ചു. ഒക്ടോബർ മാസത്തിൽ ലോകം മുഴു വനുവേണ്ടിയും രൂപതയുടെ പ്രത്യേക പ്രാർത്ഥന നിയോഗങ്ങൾക്കായും കുഞ്ഞുനിഷനറിമാർ പ്രത്യേക പ്രാർത്ഥനകളും ജപമാലയും നിഷ്ഠ യോടെ നടത്തി. ഗാന്ധി ജയന്തി ദിനത്തിൽ ഗാന്ധിയൻ ചിന്തകൾ എഴുതി. പള്ളി പരിസരവും കുരിശടിയും വൃത്തിയാക്കി. സെന്റ് കാത റിൻ ഹോം സന്ദർശിച്ച് സ്നേഹോപഹാരം നൽകി. പൂന്തോട്ടം നിർമ്മിച്ചു. ഫണ്ട് ശേഖരണത്തിനായി പച്ചക്കറിതോട്ടം നട്ടുപിടിപ്പിച്ചു. സി.എം.എൽ സ്ഥാപക ദിനത്തിൽ മുൻ ഭാരവാഹികൾക്ക് ആശംസകൾ അറിയിച്ചു. ഒക്ടോബർ 4 ന് വി. ഫ്രാൻസിസ്സ് അസ്സീസിയുടെ നാമധാരിയായ ശാഖ ഡയറക്ടർ അച്ചന് തിരുനാൾ ആശംസകൾ നേർന്നു. 18-ാം തീയതി മിഷൻ ഞായർ ഏറ്റവും മനോഹരമായി ആഘോഷിച്ചു. ഫാ. സ്റ്റാൻ സ്വാമിക്കു നീതി ലഭിക്കുന്നതിനായി പോസ്റ്ററുകളും പ്ളാക്കാർഡുകളും ഉയർത്തി ശക്തമായ പ്രതിഷേധ റാലി നടത്തി.

**ചിത്രഗിരി ശാഖ**

സെപ്റ്റംബർ 15 മുതൽ അനുദിന വിശുദ്ധരെ പരിചയപ്പെടുത്തി. ബഫർസോൺ പ്രഖ്യാപനത്തിനെതിരെ മേഖലയോടു ചേർന്ന് ശക്ത മായി പ്രതികരിച്ചു. ഒക്ടോബർ 1 സംഘടനാ ദിനമായി ആഘോഷിച്ചു. അന്ന് പതാക ഉയർത്തി മിഷൻമാസത്തിനു ആരംഭം കുറിച്ചു. എല്ലാ വീടുകളിലും തിരുസ്വരൂപങ്ങൾ അലങ്കരിച്ച് മിഷൻമാസത്തിനു തുടക്കം കുറിച്ചു. 2-ാംതീയതി കോവിഡ് വ്യാപനം തടയുന്നതിനായി ഉപവസിച്ചു പ്രാർത്ഥിച്ചു. കുടുംബം ഒന്നിച്ച് എത്രയും ദയയുള്ള മാതാവേ എന്ന പാട്ടുപാടി നന്നായി സഹകരിച്ചവർക്ക് സമ്മാനം നൽകി. 3 ന് സ്ഥാപക ദിനത്തോടനുബന്ധിച്ച് സ്ഥാപകനേതാക്കൾക്കായി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. മുൻശാഖാ ഡയറക്ടർ, ജോ. ഡയറക്ടർ എന്നിവരുടെ ഫോട്ടോ വച്ച് ആശംസകൾ നേർന്നു. 4 ന് പ്രകൃതി ദിനം ആചരിച്ചു. പ്രകൃതിയെ കുറിച്ച് കവിത മത്സരം നടത്തുകയും വീട്ടിൽ ഒരു തൈ വീതം നടുകയും ചെയ്തു. 5-ാം തീയതി ദളിത് ദിനം, കുഞ്ഞച്ചൻ അനു സ്മരണവും ജീവചരിത്രം പരിചയപ്പെടുത്തുകയും ചെയ്തു. ജപമാല രാജ്ഞിയുടെ തിരുനാൾദിനം രാവിലെ 9 മുതൽ രാത്രി 9 വരെ ഗ്രൂപ്പ് അടിസ്ഥാനത്തിൽ അഖണ്ഡ ജപമാല നടത്തി. 8 ദൈവവിളിദിനം- ഇടവകയിൽ നിന്നും ദൈവവിളി സ്വീകരിച്ചവരെയും അവരുടെ മാതാ പിതാക്കളെയും ആദരിച്ചു.11 കർഷകദിനം-കുട്ടികൾ അടുക്കള

തോട്ടനിർമ്മാണ മത്സരം നടത്തി. ബൈബിൾ വായന ദിനത്തോടനുബന്ധിച്ച് വീടുകളിൽ വചനമരം നിർമ്മിക്കുകയും വചന പ്രതിഷ്ഠ നടത്തുകയും ചെയ്തു. 13 ന് തിരുസഭാദിനം – ഫ്രാൻസിസ് പാപ്പായ്ക്കു ആശംസകൾ അയച്ചു.

**അമ്പലവയൽ ശാഖ**

27–10–2020 ന് പ്രേഷിത ജ്വാല 2020 എന്ന പേരിൽ മിഷൻ മാസാചരണത്തിന് തുടക്കം കുറിച്ചുകൊണ്ട് പതാക ഉയർത്തുകയും മിഷൻ ജ്യോതി തെളിക്കുകയും ചെയ്തു. വചനാമൃതം, സുകൃത മഞ്ജരി: സ്റ്റാറ്റസ് ചലഞ്ചിന് തുടക്കം കുറിച്ചു (ഒക്ടോബർ 1 മുതൽ 31 വരെ). ബഫർസോൺ കരട് വിജ്ഞാപനത്തിനെതിരെ പ്രതിഷേധ ദിനം സംഘടിപ്പിച്ച് ശക്തമായി പ്രതിഷേധിച്ചു. വോയ്സ് ഓഫ് ഹെവൻ എന്ന പേരിൽ മിഷൻലീഗ് അംഗങ്ങൾക്കായി സംഗീത മത്സരം സംഘടിപ്പിച്ചു. രൂപതയുടെ മിഷൻ ഫ്ളാഗ് ചലഞ്ച് പ്രോഗ്രാമിൽ ശാഖ മിഷണറിമാർ ആവേശത്തോടെ പങ്കെടുത്തു.

മിഷൻ തീക്ഷ്ണതയോടെ ഉപരി ആവേശത്തോടെ ചെമ്മഞ്ഞ ക്കൊടിക്കീഴിൽ വീണ്ടും നമുക്ക് അണിചേരാം.

**ടോം ജോസ് പൂവക്കുന്നേൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

## 1. CATHOLIC YOUTH CHANNEL

### (a) കൂട്ടുകാരി നിനക്ക് വേണ്ടി

കാത്തലിക് യൂത്ത് ചാനലിൽ 2020 ഓഗസ്റ്റ് 23-ാം തീയതി രാത്രി 10 മണിക്ക് മണിമൂളി പാലേമാട് ഇടവകാംഗമായ ജിത്തു ജോസഫ് തോമസ് യൂത്ത് ടോക്ക് നടത്തി. കാനഡയിൽ ലണ്ടൻ സിറ്റിയിൽ നിന്നാണ് തന്റെ ലൈവ് പ്രക്ഷേപണം നടത്തിയത്. പാക്കിസ്ഥാനിൽ മതനിന്ദാ കുറ്റം ആരോപിച്ച് ജയിലിൽ അടക്കപ്പെട്ട കുട്ടിയുടെ നേർരേഖ വരച്ചുകാണിച്ചുകൊണ്ട് ലോകത്ത് നടക്കുന്ന മത പീഡനങ്ങളെ പ്പറ്റിയുള്ള ഒരു തുറന്ന പ്രതികരണമായിരുന്നു ജിത്തു ജോസഫ് നടത്തിയത്. അനീതിക്കെതിരെ തുറന്നു സംസാരിക്കാൻ യുവജനങ്ങൾ മുന്നോട്ടു വരണമെന്ന ആഹ്വാനം ഒരു വെല്ലുവിളിയായി അദ്ദേഹം യുവജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചു. ജിത്തു ജോസഫ് തോമസിന് മാനന്തവാടി രൂപതയുടെ നന്ദി.

### (b) പ്രസംഗ മത്സര ഫലപ്രഖ്യാപനം

2020 സെപ്റ്റംബർ 25 വെള്ളിയാഴ്ച രാവിലെ 11.30 ന് 'ക്രൈസ്തവർക്കെതിരെ നടക്കുന്ന പീഢനം നിശബ്ദമാകുന്ന ലോകം' എന്ന വിഷയത്തെ കുറിച്ച് നടത്തിയ പ്രസംഗ മത്സരത്തിന്റെ ഫല പ്രഖ്യാപനം കാത്തലിക് യൂത്ത് ചാനലിന്റെ ഫേയ്സ് ബുക്ക് പേജിൽ യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ നടത്തി. സാഹോദര്യം, സമത്വം, തുല്യത, സ്നേഹം എന്നീ മൂല്യങ്ങളിൽ ഉറച്ചു നിന്നുകൊണ്ടുള്ള മത്സരമാണ് നടന്നത്. വ്യത്യസ്തങ്ങളായ റീത്തുകൾ, രൂപതകളിൽപ്പെട്ട 18 പേർ പങ്കുചേർന്നു. ഒന്നാം സ്ഥാനം ഐറിൻ സജി മാനന്തവാടി, രണ്ടാം സ്ഥാനം ക്രിസ്റ്റി ടോം ചങ്ങനാശ്ശേരി, മൂന്നാം സ്ഥാനം കൊച്ചുറാണി ടോമി കോതമംഗലം. പ്രോത്സാഹന സമ്മാനങ്ങൾ, 1. ആൽഫി അഗസ്റ്റിൻ പാല, 2. ഷാജി ജോൺ മാനന്തവാടി, 3. അർച്ചന എസ്.ജി. നെയ്യാറ്റിൻകര.

പ്രസംഗങ്ങൾ വിലയിരുത്തിയ ഫാ. നോബിൾ പാറക്കലിനും അഡ്വ. ജിജിൽ കിഴക്കരക്കാട്ടിനും നന്ദി. പങ്കെടുത്ത എല്ലാ മത്സരാർത്ഥികൾക്കും ഇതിന് നേതൃത്വം നൽകിയ നീരജ് ചിറപ്പുറം, അലീന ചേറാടിയിൽ എന്നിവർക്കും അഭിനന്ദനങ്ങൾ.

**2. YOUR NEIGHBER ASSOCIATION**

**(a) ലോക ഓസോൺ ദിനം**

ഭൂമിയുടെ കവചമായ ഓസോൺ പാളിയുടെ സങ്കീർണ്ണതകൾ പരിഹരിക്കുന്നതിന് വിദ്യാർത്ഥികൾക്കായുള്ള കർമ്മപദ്ധതി അവതരിപ്പിച്ചുകൊണ്ട് 2020 സെപ്റ്റംബർ 16-ാം തീയതി ലോക ഓസോൺ ദിനം ആചരിച്ചു. ആൻമരിയ മണിമൂളി, എയ്ഞ്ചലീന ബിജു നടവയൽ എന്നിവർ ഇതിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ട് പ്രസംഗങ്ങൾ തയ്യാറാക്കി. വീഡിയോകൾ ഫെയ്സ് ബുക്കിൽ അപ്ലോഡ് ചെയ്തു. പരിസ്ഥിതിയോടുള്ള വിദ്യാർത്ഥികളുടെ ഉത്തരവാദിത്വം ബോധ്യപ്പെടുത്തുന്ന നല്ല സന്ദേശങ്ങൾ ആയിരുന്നു ഇവ.

**(b) എന്റെ കുടുംബം**

കുടുംബബന്ധങ്ങളുടെ ഊഷ്മളത തലമുറകളിലേയ്ക്ക് കൈമാറുന്നതിനായി ദേശീയ കുടുംബദിനം ആചരിച്ചു. 2020 സെപ്റ്റംബർ 28 ന് യൂത്ത് മിനിസ്ട്രി കുടുംബങ്ങൾ ഇതിൽ പങ്കുചേർന്നു. എന്റെ കുടുംബം എന്ന വിഷയത്തെ അടിസ്ഥാനമാക്കി ലൈഫ് 2020 ലെ 25 വിദ്യാർത്ഥികൾ മനോഹരമായ കുടുംബചിത്രങ്ങൾ വരച്ച് വീഡിയോ തയ്യാറാക്കി. ലൈഫ് 2019 ബാച്ചിലെ 20 കുട്ടികൾ തങ്ങളുടെ കുടുംബത്തെക്കുറിച്ച് അനുഭവ വിവരണങ്ങൾ അടങ്ങുന്ന വീഡിയോകൾ നിർമ്മിച്ചു. യൂത്ത്മിനിസ്ട്രി ലീഡേഴ്സ്, ലൈഫ് 2016, 2017 ഇവർ തങ്ങളുടെ കുടുംബ ഫോട്ടോകളും സന്ദേശങ്ങളും ഉൾക്കൊള്ളുന്ന വീഡിയോകൾ തയ്യാറാക്കി. ഇപ്രകാരം വളരെ സമുചിതമായി യുവർ നൈബറിന്റെ നേതൃത്വത്തിൽ ദേശീയ കുടുംബ ദിനം ആചരിച്ചു.

**(c) സേവന വഴിയിൽ**

2020 ഒക്ടോബർ 2 ഗാന്ധിജയന്തിയോടനുബന്ധിച്ച് രാഷ്ട്ര പിതാവിന്റെ ജീവസുറ്റ സ്മരണകൾ അയവിറക്കിക്കൊണ്ട് വിദ്യാർത്ഥികൾ സേവനത്തിന്റെ മഹത്വവും സന്ദേശവും ഉൾക്കൊള്ളിച്ചു കൊണ്ട് വീഡിയോകളും പോസ്റ്ററുകളും നിർമ്മിച്ച് സാമൂഹ്യ മാധ്യമങ്ങളിലൂടെ പൊതുജനത്തിൽ എത്തിച്ചു. ഇതിന് നേതൃത്വം നൽകിയ എയ്ഞ്ചലീന ഡിനോജിനും ആഷ്ലിൻ എലിസബത്തിനും അഭിനന്ദനങ്ങൾ.

**(d) പഴമയുടെ പുണ്യം**

2020 ഒക്ടോബർ 9 ലോക തപാൽ ദിനത്തോടനുബന്ധിച്ച് പഴമയുടെ നന്മകൾ സ്വന്തമാക്കാൻ വേണ്ടി 2016 ലൈഫ് വിദ്യാർത്ഥി

മെൽന മനോജ് 96 വയസുള്ള മരകാവ് ഇടവക ചാക്കോ ആണ്ടുതാഴത്തുമായി അഭിമുഖം നടത്തി. പഴമയുടെ തപാൽ കഥകൾ വിവരിച്ചുകൊണ്ട് അദ്ദേഹം അഭിമുഖത്തിൽ പങ്കുചേർന്നു. ഈ അഭിമുഖത്തിന്റെ വീഡിയോ ഫേയ്സ്ബുക്കിൽ അപ്ലോഡ് ചെയ്തു. ഇത് വിദ്യാർത്ഥികൾക്ക് പഴയകാല തപാൽ വിനിമയങ്ങൾ അറിയുവാനുള്ള ഒരു നല്ല അവസരമായിരുന്നു.

**(e) ബി പോസിറ്റീവ്**

യുവർ നൈബർ അസോസിയേഷനും ലൈഫ് ട്രെയിനിംഗും സംയുക്തമായി സംഘടിപ്പിച്ച മാനസിക ആരോഗ്യ ദിനാചരണം 2020 ഒക്ടോബർ 10 ന് നടത്തി. വിദ്യാർത്ഥികൾ പോസ്റ്ററുകളും, വീഡിയോകളും നിർമ്മിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു. അപർണ്ണ മരക്കടവ് മാനസിക ആരോഗ്യത്തിനു വേണ്ട 10 സർഗ്ഗാത്മകമായ ചിന്തകൾ ഉൾക്കൊള്ളിച്ചുകൊണ്ട് വീഡിയോ തയ്യാറാക്കി അതിലൂടെ ബോധവൽക്കരണം നടത്തി.

2017 ബാച്ചുകാർ അർത്ഥവത്തായ "മനസ്സ്" ഷോർട്ട് ഫിലിം നിർമ്മിച്ചു. അഭിനയം ജുവൽ, ഓസ്റ്റിൻ എന്നിവരും രചന ലെനയും, ശബ്ദം ആൻമരിയ, അഞ്ജലി, ജെറി എന്നിവരും എഡിറ്റിംഗ് റിച്ചാർഡും നടത്തി. ഈ ദിനാചരണത്തിന് നേതൃത്വം നൽകിയ എല്ലാവർക്കും അഭിനന്ദനങ്ങൾ.

**(f) ദേശീയ ബാലികാ ദിനം**

2020 ഒക്ടോബർ 11 ന് ദേശീയ ബാലികാദിനത്തിന്റെ ഭാഗമായി ഇതിന്റെ മഹത്വവും പ്രാധാന്യവും വ്യക്തമാക്കുന്ന വീഡിയോകൾ വിദ്യാർത്ഥികൾ തയ്യാറാക്കി പ്രചരിപ്പിച്ചു. എയ്ഞ്ചലീന ഡിനോജ്, ആൻമരിയ ഷിബു, മേധ തെരേസ് എന്നിവർ ഇതിന് നേതൃത്വം നൽകി. ആഷ്‌ലിൻ എലിസബത്ത്, ഐറിൻമേരി സജി എന്നിവർ ഈ ദിനത്തിന് സന്ദേശം നൽകി. യുവജനങ്ങളുടെ പ്രതിനിധിയായി അഞ്ജന ജേക്കബ് ചിറ്റിനപ്പിള്ളി ശക്തമായ വാക്കുകളിലൂടെ ബാലികാ ദിനത്തിന്റെ ബോധവൽക്കരണം നടത്തി. പങ്കാളികളായ എല്ലാ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും അഭിനന്ദനങ്ങൾ.

**(g) നാളെയുടെ സ്വപ്നങ്ങൾ**

ഇന്ത്യയുടെ മുൻ രാഷ്ട്രപതി എ പി ജെ അബ്ദുൾകലാം എന്ന പ്രതിഭയുടെ ജന്മദിനമായി ഒക്ടോബർ 15 ന് വിദ്യാർത്ഥിദിനമായി ആചരിക്കുമ്പോൾ സ്വപ്നതുല്യമായ ലക്ഷ്യത്തോടെ മുന്നേറുന്ന

വിദ്യാർത്ഥികൾ പോസ്റ്ററുകളും വീഡിയോകളും നിർമ്മിച്ച് പ്രചരിപ്പിക്കുക വഴി വിദ്യാർത്ഥിദിനം ആചരിച്ചു. ഇതിന് നേതൃത്വം വഹിച്ച ആൻമരിയ ഷിബുവിനും എയ്ഞ്ചലീന ബിജുവിനും ലെനയ്ക്കും എയ്ഞ്ചലീന ഡിനോജിനും അഭിനന്ദനങ്ങൾ.

**(h) കൈകഴുകൽ**

കൊറോണ വൈറസിന്റെ ഭീതിജനകമായ വ്യാപനത്തിന്റെ ഈ വേളയിൽ 2020 ഒക്ടോബർ 15 കൈകഴുകൽ ദിനമായി ആചരിക്കുമ്പോൾ ഏറെ അർത്ഥവത്താകുന്നു. വിദ്യാർത്ഥികൾ കൈകഴുകുകയും അതിന്റെ പ്രാധാന്യം വിളിച്ചോതുന്ന വീഡിയോകളും, പോസ്റ്ററുകളും തയ്യാറാക്കിക്കൊണ്ട് ഈ ദിനം ആചരിച്ചു.

**(i) അന്നം**

വിശക്കുന്നവന് ഭക്ഷണം നൽകാൻ കഴിഞ്ഞാൽ അതാണ് ഏറ്റവും വലിയ നന്മ എന്ന് തിരിച്ചറിഞ്ഞ് 2020 ഒക്ടോബർ 16 ന് ലോകഭക്ഷ്യദിനം ആചരിച്ചു. അന്നത്തിന്റെ മാഹാത്മ്യവും അതിന്റെ വിലയും ദാരിദ്ര്യത്തിന്റെ വേദനയും തിരിച്ചറിഞ്ഞ് വിദ്യാർത്ഥികൾ അതിനെതിരെയുള്ള ബോധവൽക്കരണ വീഡിയോകളും പോസ്റ്ററുകളും തയ്യാറാക്കുകയും വ്യക്തിപരമായ പ്രതിജ്ഞ എടുക്കുകയും ചെയ്തു. ഇതിന് നേതൃത്വം വഹിച്ച ലീഡേഴ്സ് ആഷിലിനും ലെനയ്ക്കും എയ്ഞ്ചലീനക്കും സാന്ദ്രക്കും അഭിനന്ദനങ്ങൾ.

**(j) ദാരിദ്ര്യനിർമ്മാർജനം**

2020 ഒക്ടോബർ 17 ന് അന്താരാഷ്ട്ര ദാരിദ്ര്യനിർമ്മാർജന ദിനമായി ആചരിച്ചു. ബോധവൽക്കരണ വീഡിയോകൾ തയ്യാറാക്കി പ്രചരിപ്പിച്ചു. എയ്ഞ്ചലീന ബിജു, ആൻമരിയ ഷിബു എന്നിവർ തയ്യാറാക്കി അവതരിപ്പിച്ച സന്ദേശ വീഡിയോകൾ ഏറെ ശ്രദ്ധേയമായിരുന്നു. 2019 ബാച്ചിലെ ലൈഫ് വിദ്യാർത്ഥികൾ ദാരിദ്യത്തിന് എതിരേയുള്ള പ്രസിദ്ധമായ വചനങ്ങൾ ഉൾപ്പെടുത്തിയ പോസ്റ്ററുകൾ നിർമ്മിച്ചത് ഈ ദിനത്തിന്റെ പ്രാധാന്യം വിദ്യാർത്ഥികളിലേക്ക് എത്തിക്കുവാൻ ഏറെ സഹായകമായി. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഡയൻ ബിനോ, സാന്ദ്ര പ്രകാശ്, ഡാനിയേൽ എന്നിവർക്കും അഭിനന്ദനങ്ങൾ.

**(k) ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം**

മലയാളികൾ എക്കാലവും മനസിലേറ്റുന്ന മലയാളത്തിന്റെ ഇതിഹാസ കവി അക്കിത്തം അച്ച്യുതൻ നമ്പൂതിരിയുടെ ഓർമ്മകൾക്കു

മുമ്പിൽ പ്രണാമം. അദ്ദേഹത്തിന്റെ ജീവചരിത്രവും മലയാള ഭാഷയ്ക്ക് നൽകിയ സംഭാവനകളും അദ്ദേഹം നേടിയ അംഗീകാരങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് വീഡിയോകൾ നിർമ്മിക്കുകയും കവിയോടുള്ള ബഹുമാന സൂചകമായി അദ്ദേഹത്തിന്റെ വേനൽമഴ എന്ന കവിത പാടി അദ്ദേഹത്തെ അനുസ്മരിക്കുകയും ചെയ്തു. ഇതിന് നേതൃത്വം നൽകിയ ലൈഫ് വിദ്യാർത്ഥിനി അതുല്യക്ക് അഭിനന്ദനങ്ങൾ.

**3. LIFE TRAINING**

**(a) ഈശോയുടെ കുസൃതികുടുക്ക**

വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് 2016 ബാച്ചുകാർ 7 ദിവസത്തെ ഈശോയുടെ കുസൃതികുടുക്ക എന്ന പരമ്പര തയ്യാറാക്കി. സെപ്റ്റംബർ 25 മുതൽ ഒക്ടോബർ 1 വരെ ഫെയ്സ്ബുക്കിൽ പ്രസിദ്ധീകരിച്ച ഈ വീഡിയോകളിൽ കൊച്ചുത്രേസ്യായുടെ ജീവിതാനുഭവങ്ങൾ, ജീവിതചരിത്രം വ്യത്യസ്തമായ രീതികളിലൂടെയാണ് അവതരിപ്പിച്ചത്. ഫോൺകോൾ, മാതാപിതാക്കളോടുള്ള സംശയനിവാരണം, കൊച്ചനുജനും ചേച്ചിയും തമ്മിലുള്ള സംഭാഷണം, കൂട്ടുകാർ തമ്മിലുള്ള സംഭാഷണം, ഈ രീതിയിൽ നിർമ്മിച്ച വീഡിയോകൾ വിജ്ഞാനപ്രദവും ആത്മീയ ജീവിതത്തിന് കൂടുതൽ ഉതകുന്നതും ആയിരുന്നു. ഇതിൽ പങ്കുചേർന്ന ആൻമരിയ, ആഷ്ലിൻ, അപർണ്ണ, അനോവ, ജോയൽ, മെൽന, ഐറിൻ, എമ്മിൽ, ആൽഫ്രഡ്, ജോൺ സോനു എന്നിവർക്ക് അഭിനന്ദനങ്ങൾ.

**(b) കാരുണ്യത്തിന്റെ പ്രവാചകൻ**

കാരുണ്യപ്രവർത്തികളുടെ പ്രവാചകനായ വി. വിൻസെന്റ് ഡിപോളിന്റെ തിരുനാൾ ദിനമായ സെപ്റ്റംബർ 27 ന് ലൈഫ് വിദ്യാർത്ഥികൾ വിശുദ്ധന്റെ ചരിത്രം ഉൾക്കൊള്ളുന്ന വീഡിയോയും നല്ലൊരു പ്രഭാഷണവും തയ്യാറാക്കി. വിശുദ്ധനെ അടുത്തറിയുവാൻ ഇത് സഹായകമായി. ഇതിന് നേതൃത്വം വഹിച്ച ജോൺ സോനുവിനും സനിലിറ്റ് സന്തോഷിനും അഭിനന്ദനങ്ങൾ.

**(c) മുഖ്യദൂതന്മാർ**

2020 സെപ്റ്റംബർ 29 ന് മുഖ്യദൂതന്മാരുടെ തിരുനാൾ ദിനത്തിൽ അവരോട് ചേർന്ന് പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്ന വീഡിയോകൾ 2018, 2016 ബാച്ചുകാർ തയ്യാറാക്കി. ഇതിന് നേതൃത്വം നൽകിയ എയ്ഞ്ചലീനയ്ക്കും ഐറിനും അനുമോദനങ്ങൾ.

**(d) മരിയൻ ചലഞ്ച്**

ജപമാല മാസത്തിൽ ദേവാലയങ്ങളിൽ സ്വാതന്ത്രമായി പോകാനാകാത്ത ഈ മഹാമാരിയുടെ നാളുകളിൽ കുടുംബം ദേവാലയമാക്കുന്നതിന്റെ ഭാഗമായി മരിയൻ ചലഞ്ച് നടത്തി. ഒക്ടോബർ 1-ാം തീയതി വീട്ടിൽ മാതാവിന്റെ ഗ്രോട്ടോ നിർമ്മിക്കുകയും മാതാവിനോട് സംസാരിക്കുന്ന വീഡിയോകൾ നിർമ്മിക്കുകയും ചെയ്തു. സാധിക്കുന്നിടത്തോളം ജപമാലകൾ അമ്മയുടെ അടുത്ത് വന്ന് ചൊല്ലി കൊറോണയ്ക്കെതിരെ പ്രതിരോധം സൃഷ്ടിക്കുവാൻ സാധിച്ചു. 72 വിദ്യാർത്ഥികൾ മരിയൻ ചലഞ്ച് മനോഹരമായി പൂർത്തിയാക്കി. ഇതിന് നേതൃത്വം നൽകിയ ലാലച്ചനും സി. ആൻസിക്കും പങ്കെടുത്ത 72 വിദ്യാർത്ഥികൾക്കും അനുമോദനങ്ങൾ.

**(e) ഈശോയുടെ കളിപന്ത്**

2020 ഒക്ടോബർ ഒന്നാം തീയതി വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾദിനത്തിൽ ലൈഫ് 2018 ബാച്ചിലെ 13 വിദ്യാർത്ഥികൾ ചേർന്ന് വി. ചെറുപുഷ്പത്തിന്റെ ജീവചരിത്രം വീഡിയോ തയ്യാറാക്കി. 2018 ബാച്ചിന് അഭിനന്ദനങ്ങൾ.

**(f) കാവലാൾ**

ഒക്ടോബർ 2 കാവൽമാലാഖയുടെ തിരുനാൾ ദിനത്തിൽ നിരന്തരം കൂടെ സഞ്ചരിക്കുന്ന കാവലാൾക്കുള്ള നന്ദിയായി സെറിൻ രാജേഷ് ചുങ്കക്കുന്നിന്റെ നേതൃത്വത്തിൽ 2018 ബാച്ചുകാർ വീഡിയോ നിർമ്മിച്ചു. ഇത് ക്വാറന്റൈൻ കാലത്ത് നല്ലൊരു ആത്മീയ വിചാരമായിരുന്നു.

**(g) കരുണയുടെ പ്രേഷിത**

2020 ഒക്ടോബർ 3-ാം തീയതി വി. ഫൗസ്റ്റീനയുടെ തിരുനാൾ ആചരിച്ചു. രാവിലെ 9 മണിക്ക് ഗൂഗിൾ മീറ്റിൽ കരുണയുടെ ജപമാല ചൊല്ലിയും വി. ബലി അർപ്പിച്ചും പ്രാർത്ഥിച്ചു. ബഹു. ലാലച്ചൻ നേതൃത്വം വഹിച്ചു. 25 പേർ ഇതിൽ പങ്കുചേർന്നു. കൂടാതെ പോസ്റ്ററുകളും വീഡിയോകളും നിർമ്മിച്ച് ഈ ദിനം ധന്യമാക്കി.

**(h) അസീസിയിലെ നിസ്വൻ**

2020 ഒക്ടോബർ 4 ന് വി. ഫ്രാൻസീസ് അസീസിയുടെ തിരുനാളിനോടനുബന്ധിച്ച് 5 ദിന വീഡിയോ പരമ്പര 2017 ബാച്ചുകാർ തയ്യാറാക്കി. ഇതിലൂടെ വിശുദ്ധനെ അറിയാൻ കുട്ടികൾക്ക് സാധിച്ചു. ഇതിന് നേതൃത്വം നൽകിയ അഞ്ജലി സണ്ണി, ഓസ്റ്റിൻ, റിച്ചാർഡ്, ആൻമരിയ, ലെന എന്നിവർക്ക് അഭിനന്ദനങ്ങൾ.

**(i) ജപമാല രാജ്ഞി**

ജപമാല രാജ്ഞിയുടെ തിരുനാൾ ദിനത്തിൽ പോസ്റ്ററുകളും വീഡിയോകളും നിർമ്മിച്ചും അനുഭവങ്ങൾ പങ്കുവെച്ചും ജപമാല ചൊല്ലിയും ആഘോഷിച്ചു. ജപമാല ചൊല്ലി പ്രാർത്ഥിച്ചപ്പോൾ ലഭിച്ച അനുഗ്രഹങ്ങൾ വിവരിക്കുന്ന വീഡിയോകൾ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തി. അഞ്ജലി ജപമാല രാജ്ഞിയെക്കുറിച്ച് പ്രസംഗം തയ്യാറാക്കി.

**(j) കുരുന്നുകൾ ബഫർ സോണിനെതിരെ**

ലൈഫ് കുടുംബത്തിലെ 2019–20 ബാച്ചിലെ 30 വിദ്യാർത്ഥികൾ ബഫർ സോണിനെതിരെ ഞങ്ങളെ സംരക്ഷിക്കണമെന്ന ശുപാർശയുമായി ഇന്ത്യയുടെ പ്രധാനമന്ത്രിക്ക് കത്തുകൾ എഴുതി. നാടിന്റെ ശബ്ദമായി തീർന്ന ലൈഫ് കുരുന്നുകൾക്ക് അഭിനന്ദനങ്ങൾ.

**(k) എന്റെ അമ്മ**

ജപമാല മാസത്തിൽ പരി. അമ്മക്കുള്ള പ്രത്യേക സമ്മാനമായി 2017 ലെ 13 വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ എന്റെ അമ്മ എന്ന നാലുദിന പരമ്പര തയ്യാറാക്കി. പ്രസംഗം, ഗാനം, ചരിത്രം, അനുഭവങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുള്ള ഈ പരിപാടി അമ്മയോടുള്ള ഭക്തിയിൽ വളരാൻ ഇടവരുത്തി. ഇതിൽ പങ്കുചേർന്നവർക്ക് അഭിനന്ദനങ്ങൾ.

**(l) ദിവ്യകാരുണ്യത്തിന്റെ കാർലോ**

വിശുദ്ധ കുർബാനയാണ് എനിക്ക് സ്വർഗ്ഗത്തിലേക്കുള്ള വഴി എന്ന് വിളിച്ചോതിയ ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ വിശുദ്ധ താരം കാർലോ അകിറ്റീസ്. വിശുദ്ധ കുർബാനയെ സ്നേഹിച്ച ഈ 15 വയസുകാരനെ 2020 ഒക്ടോബർ 12–ാം തീയതി വാഴ്ത്തപ്പെട്ടവരുടെ പദവിയിലേക്ക് ഉയർത്തിയപ്പോൾ വിശുദ്ധിയുടെ പാത സ്വന്തമാക്കാൻ ആഗ്രഹിച്ചുകൊണ്ട് വിദ്യാർത്ഥികൾ പോസ്റ്ററുകളും വീഡിയോകളും തയ്യാറാക്കി. വാഴ്ത്തപ്പെട്ട കാർലോയുടെ ജീവചരിത്രവും ആത്മീയതയും ആനുകാലിക പ്രസക്തമായ വിശുദ്ധിയും വിവരിക്കുന്ന ലഘു ചിത്രം 2016 ബാച്ചിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഐറിനും കൂട്ടുകാർക്കും അഭിനന്ദനങ്ങൾ.

**(m) വിശുദ്ധ പാപ്പ**

2020 ഒക്ടോബർ 11–ാം തീയതി വി. ജോൺ ഇരുപത്തിമൂന്നാമൻ പാപ്പായുടെ തിരുനാൾ ദിനത്തിൽ പാപ്പായുടെ ജീവചരിത്രം അടങ്ങിയ സന്ദേശം പ്രസംഗങ്ങളിലൂടെ കൈമാറി. ഇതിന് നേതൃത്വം നൽകിയവർക്ക് അഭിനന്ദനങ്ങൾ.

**(n) ആവിലായിലെ വിശുദ്ധ താരം**

ഒക്ടോബർ 15 ന് വി. അമ്മത്രേസ്യായുടെ തിരുനാൾ ദിനത്തിൽ വിശുദ്ധയുടെ ജീവചരിത്രം ഉൾക്കൊള്ളുന്ന വീഡിയോ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയ അബിറ്റയ്ക്ക് അഭിനന്ദനങ്ങൾ.

**(o) നന്മയുടെ കുഞ്ഞച്ചൻ**

ഒക്ടോബർ 16–ാം തീയതി വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാൾ ദിനത്തിൽ കുഞ്ഞച്ചനെക്കുറിച്ചുള്ള അർത്ഥസമ്പുഷ്ടവും കാലിക പ്രസക്തവും ജീവചരിത്രം ഉൾക്കൊള്ളുന്നതുമായ വീഡിയോ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തി. യൂട്യൂബിലും ഫേയ്സ്ബുക്കിലും അപ്ലോഡ് ചെയ്തുകൊണ്ട് ധാരാളം വിദ്യാർത്ഥികളിലേക്കും യുവജന ങ്ങളിലേക്കും ഈ സന്ദേശം പകർന്നുകൊടുക്കാൻ നേതൃത്വം വഹിച്ച ഐറിന് അഭിനന്ദനങ്ങൾ.

**(p) തിരുസന്നിധിയിൽ**

ഒക്ടോബർ 17 ശനിയാഴ്ച രാവിലെ 7.45 ന് ലൈഫ് കുടുംബം ഒന്നുചേർന്ന് ഗൂഗിൾ മീറ്റിൽ വിശുദ്ധ ബലി അർപ്പിച്ച് പ്രാർത്ഥിച്ചു. ധാരാളം കുട്ടികൾ പങ്കുചേർന്നു.

**(q) ലൈഫ് 2016 ബാച്ച്**

എല്ലാ ദിവസവും രാവിലെ 6 മണിക്ക് 12 ലൈഫ് വിദ്യാർത്ഥികൾ ഒരുമിച്ച് പ്രാർത്ഥിക്കുകയും 8 മണിക്ക് സൂമിൽ ഒന്നുചേർന്ന് പരിശീലനം നേടുകയും ചെയ്ത് വരുന്നു. ഇതിന്റെ കോമൺ ലീഡറായി ആഷ്ലിനും അക്കാഡമിക് ലീഡറായി ആൻമരിയയും സ്പരിച്ച്വൽ ലീഡറായി അനോവയും ലൈഫ് കോച്ചായി അപർണ്ണയും സ്കിൽ ഇൻചാർജ്ജായി അബിറ്റയും മ്യൂസിക്കൽ ട്രെയിനറായി ജോൺ സോനുവും ഇമോഷണൽ ട്രെയിനറായി എമിലും ഗോൾ ട്രെയിനറായി ആൽഫ്രഡും സോഷ്യൽ ഡേ ഒബ്സേർവറായി മേധയും സ്പരിചൽ ഡേ ഒബ്സേർവറായി ഐറിനും റിലേഷൻഷിപ്പ് മാനേജരായി ജോയലും കൺട്രോളർ ഓഫ് എക്സാമിനേഷനറായി മെൽനയും തങ്ങളുടെ ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിർവ്വഹിക്കുന്നു. ലൈഫ് വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ.

**(o) Above 2020 Youth Convention Session 2**

ഉന്നതനായ ക്രിസ്തുവിന്റെ കൃപ യുവഹൃദയങ്ങളിലേക്ക് ഒഴുകി ഇറങ്ങിയ Above 2020 രണ്ടാം ഭാഗം നടത്തണമെന്ന യുവജനങ്ങളുടെ അഭ്യർത്ഥന പ്രകാരം കൊറോണ ദുരന്ത കാലത്ത് അഭിവന്ദ്യ ജോസ് പിതാവിന്റെ അനുഗ്രഹത്തോടെ കൺവെൻഷൻ നടത്തുവാൻ തീരുമാനിച്ചു.

**മദ്ധ്യസ്ഥ പ്രാർത്ഥന**

യുവജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാനായി 2 വാട്സാപ്പ് ഗ്രൂപ്പുകൾ ഉണ്ടാക്കി. യുവജനങ്ങളുടെ പ്രാർത്ഥനയ്ക്ക് അഖില, അനു, ലിജിന, അഞ്ജന എന്നിവർ നേതൃത്വം നൽകി. ഇതിൻ പ്രകാരം കൺവെൻഷനുവേണ്ടി 12750 ജപമാലകളും 4000 കരുണകൊന്തയും 5000 വിശ്വാസപ്രമാണവും ചൊല്ലി കാഴ്ചവച്ചു. സെപ്റ്റംബർ 18 വെള്ളിയാഴ്ച ഉപവസിച്ച് ഏകദിന മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. സെപ്റ്റംബർ 23 ബുധനാഴ്ച 3 മണി മുതൽ 4 മണിവരെ കൺവെൻഷനുവേണ്ടി ഓൺലൈൻ ആരാധന യൂത്ത്മിനിസ്ട്രി ഓഫീസ് ചാപ്പലിൽ നിന്ന് നടത്തി.

**യുവജനങ്ങളിലേക്ക്**

ഫേയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം, വാട്സാപ്പ് എന്നിവയിലൂടെ ധാരാളം വീഡിയോകളും പോസ്റ്ററുകളും നിർമ്മിച്ച് യുവജനങ്ങളിലേക്ക് എത്തിച്ചു. ഇതിന് നേതൃത്വം നൽകിയത് ജോമോൾ, മെർളിൻ, നിഷ, എയ്ഞ്ചൽ എന്നിവരാണ്. യൂട്യൂബ് ചാനലിന്റെയും ഫേയ്സ്ബുക്ക് ചാനലിന്റെയും ലിങ്ക് എല്ലാവരിലേക്കും അയച്ച് വ്യൂവേഴ്സിനെ രൂപപ്പെടുത്തുന്നതിന് മുന്നിൽ നിന്നവർ ജെറിൻ, ജസ്റ്റിൻ, ആതിര, അലീന എന്നിവരാണ്. ജീവസുറ്റ പ്രവർത്തനങ്ങൾക്ക് അഭിനന്ദനങ്ങൾ.

**ഗൂഗിൾ ഫോം വഴി**

ദിനങ്ങൾക്ക് മുമ്പേ ഗൂഗിൾ രജിസ്ട്രേഷൻ ഫോം തയ്യാറാക്കി, ഇതുവഴി 1200 പേരെ ബുക്ക് ചെയ്യിക്കുവാൻ അധ്വാനിച്ചവർക്ക് നന്ദി.

**ഓൺലൈൻ യൂത്ത് കൺവെൻഷൻ ആദ്യദിനം 25-9-2020**

വൈകുന്നേരം 5.25 ന് ജെ. ബാന്റിന്റെ നേതൃത്വത്തിൽ നടന്ന ഗാനശുശ്രൂഷയോടെ കൺവെൻഷൻ ആരംഭിച്ചു. യൂത്ത്മിനിസ്ട്രി അസോസിയേറ്റ് ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ വി. ബലി അർപ്പിച്ചു. കുർബാനയ്ക്ക് ശേഷം അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിനെയും ധ്യാന ടീമിനെയും ഡയറക്ടർ ഫാ. ലാൽ പൈനുങ്കൽ സ്വാഗതം ചെയ്തു. അഭിവന്ദ്യ പിതാവ് യുവജനങ്ങളെ വെളിച്ചത്തിലേക്ക് കടന്നുവരുവാൻ ക്ഷണിച്ചുകൊണ്ട് Above 2020 ഉദ്ഘാടനം ചെയ്തു. തുടർന്ന് പ്രകാശത്തിലേക്ക് നയിക്കുന്ന ക്രിസ്തു സാന്നിധ്യത്തെ യുവജനത്തിന് പകർന്നു നൽകിക്കൊണ്ട് ക്രൈസ്റ്റ് കൾച്ചർ ടീം ബ്രദർ റെജി കൊട്ടാരം വചനപ്രഘോഷണവും ആരാധനയും

രോഗസൗഖ്യ പ്രാർത്ഥനയും നടത്തി. ഫാ. ജയ്മോൻ കളമ്പുകാട്ട്, ഫാ. ബിജോ കറുകപ്പള്ളി, ഫാ. ജോഷി മഞ്ഞക്കുന്നേൽ, ഫാ. ഷിജു ഐക്കരക്കാനായിൽ എന്നിവർ ആരാധനയിൽ പങ്കുചേർന്നു. തുടർന്ന് ജെ.ബാന്റ് ആക്ഷൻ സോങ്ങിന് നേതൃത്വം നൽകി. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ നൽകിയ കുരിശിന്റെ ആശീർവാദത്തോടെ ആദ്യ ദിന കൺവെൻഷൻ സമാപിച്ചു.

മാനന്തവാടി രൂപത കമ്മീഷൻ, മിഷൻലീഗ്, കെ.സി.വൈ.എം., യൂത്ത്മിനിസ്ട്രി തുടങ്ങിയവയുടെ ഫേയ്സ്ബുക്ക് പേജിലൂടെയും മീഡിയകമ്മീഷൻ, യൂത്ത്മിനിസ്ട്രി എന്നിവയുടെ യൂട്യൂബ് ചാനലിലൂടെയും തത്സമയം കൺവെൻഷൻ സ്ട്രീം ചെയ്തിരുന്നു. ദൈവാനുഗ്രഹത്തിന്റെ ആദ്യദിനം തന്നെ 25000 ത്തിൽ അധികം ആളുകൾ ഇതിൽ പങ്കുചേർന്നു. ദൈവകരുണയ്ക്ക് നന്ദി.

**വിശുദ്ധിയുടെ രണ്ടാംദിനം 26-9-2020**

പരിശുദ്ധ ജപമാലയോടുകൂടി കൺവെൻഷൻ ആരംഭിച്ചു. സി. ബെൻസി, സി. ഡിവ്ന, സി. നോയൽ മരിയ, ലിൻഷ, അൽജോസ് എന്നിവർ ജപമാലയ്ക്ക് നേതൃത്വം നൽകി. വി. ബലിക്ക് പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. പോൾ വാഴപ്പള്ളി നേതൃത്വം നൽകി. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ ബ്രദറിനെയും യുവജനങ്ങളെയും സ്വാഗതം ചെയ്തു. ബ്രദർ റെജി കൊട്ടാരം യൗവനങ്ങളുടെ രാജകുമാരനെ ഉയർത്തിക്കൊട്ടിക്കൊണ്ട് വിശുദ്ധിയുടെ സകല മേഖലകളും വിശുദ്ധ ഗ്രന്ഥത്തിന്റെയും ആനുകാലിക ലോകത്തിന്റെയും പശ്ചാത്തലത്തിൽ വിവരിച്ചുകൊണ്ട് അനുഗ്രഹത്തിന്റെ വചനപ്രഘോഷണവും ആരാധനയും നടത്തി. രൂപതയുടെ ചാൻസലർ ബഹു. സിജീഷ് പുല്ലൻകുന്നേൽ, ഫാ. പോൾ വാഴപ്പള്ളി, ഫാ. ജയ്മോൻ കളമ്പുകാട്ട്, ഫാ. ലാൽ പൈനുങ്കൽ, ഫാ. ജോബി മുക്കാട്ടുകാവുങ്കൽ എന്നിവരും പങ്കുചേർന്നു. ജെ. ബാന്റിലെ യുവജനങ്ങളാണ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം വഹിച്ചത്.

**കൺവെൻഷൻ സമാപന ദിനം - 27-9-2020**

കൺവെൻഷന്റെ സമാപന ദിനത്തിൽ വൈകുന്നേരം 5 മണിക്ക് ജെ.ബാന്റ് മ്യൂസിക് മിനിസ്ട്രി നടത്തിയ ഗാനശുശ്രൂഷയോടെ ധ്യാനം ആരംഭിച്ചു. ഈ പാവന ദിവസം ലാലച്ചന്റെ നേതൃത്വത്തിൽ നന്ദിയുടെ ബലി അർപ്പിച്ചു. കൊറോണ വിതക്കുന്ന ദുരിതങ്ങളിലേക്ക് നോക്കാതെ

ക്രിസ്തുവിലേക്ക് നോക്കാൻ അച്ചൻ ആഹ്വാനം ചെയ്തു. വി. ബലിക്ക് ശേഷം ബ്രദർ റെജി കൊട്ടാരം അഭിഷേകം നിറഞ്ഞ വചന പ്രഘോഷണം ആരംഭിച്ചു. ആത്മാവിന്റെ മുറിവുകൾ സൗഖ്യമാകേണ്ടതിനെക്കുറിച്ചും ക്രിസ്തുവിന്റെ മുറിവിനാൽ സുഖം പ്രാപിക്കുന്നതിനെക്കുറിച്ചും അതിന്റെ വിവിധങ്ങളായ തലങ്ങളെയും ആന്തരിക മുറിവുകളുടെ മേഖലകളെയും മോചനം നേടാനുള്ള വഴികളും വ്യക്തമാക്കിക്കൊണ്ട് മുറിവേറ്റ ക്രിസ്തുവിനെ ഉയർത്തിക്കാട്ടി യുവജനങ്ങൾക്ക് അദ്ദേഹം കരുത്തു നൽകി. ഇതിനായി വ്യക്തിയായി കടന്നുവരുന്ന പരിശുദ്ധാത്മാവിനെ കൂട്ടുപിടിക്കാൻ പ്രചോദനമേകി. തുടർന്ന് സൗഖ്യാരാധനയിലേക്ക് പ്രവേശിച്ചു.

ആരാധനയ്ക്കുശേഷം മാനന്തവാടി രൂപതയുടെ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ സമാപന സന്ദേശം നൽകി. ഗോലിയാത്തിനെ കീഴടക്കിയ കൊച്ചു ദാവീദിനെ ചൂണ്ടി നിനക്ക് ചെയ്യാൻ കഴിയുന്ന നന്മ ചെയ്ത് സത്യസന്ധമായി അധ്വാനിക്കുവാൻ അച്ചൻ ആഹ്വാനം ചെയ്തു. സമാപന സന്ദേശത്തിനുശേഷം യൂത്ത് മിനിസ്ട്രി അസോസിയേറ്റ് ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ ഔദ്യോഗികമായി എല്ലാവർക്കും നന്ദി അർപ്പിച്ചു. തുടർന്ന് ബഹു. ജനറാളച്ചൻ വി. കുരിശിന്റെ ആശീർവാദം നൽകി പ്രാർത്ഥിച്ചു. ജെ. ബാന്റ് നയിച്ച ഗാനശുശ്രൂഷയോടെ കൺവെൻഷൻ സമാപിച്ചു.

**നന്ദിയുടെ ഒരു വാക്ക്**

ദൈവകാരുണ്യത്തിന് മുമ്പിൽ പ്രണാമം. Above 2020 ഉദ്ഘാടനം ചെയ്ത അഭിവന്ദ്യ പിതാവിനും സമാപന സന്ദേശം നൽകിയ ജനറാളച്ചനും യൂത്ത്മിനിസ്ട്രിയുടെ നന്ദി. Above 2018, 2020 നേതൃത്വം നൽകിയ ക്രൈസ്റ്റ് കൾച്ചർ ടീമിനും പ്രത്യേകിച്ച് ബ്രദർ റെജി കൊട്ടാരത്തിനും ഹൃദയംഗമമായ നന്ദി. ബ്രദറിനോടൊപ്പം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയ ആൻസണും ജെ. ബാന്റിനും നന്ദി.

കൺവെൻഷനോട് സഹകരിച്ച പ്രത്യേകിച്ച് ഫേയ്സ്ബുക്ക് പേജുകളിലൂടെ യൂട്യൂബ് ചാനലിലൂടെ തത്സമയ പ്രക്ഷേപണം നടത്തിയ എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും നന്ദി. മിഷൻലീഗ്, കെ.സി.വൈ.എം., ജീസസ്യൂത്ത്, മതബോധനം തുടങ്ങിയ മുഴുവൻ സംഘടനാ ഡയറക്ടർമാർക്കും ഭാരവാഹികൾക്കും പാസ്റ്ററൽ

സെന്ററിലെ എല്ലാ വൈദികർക്കും ഹൃദയം നിറഞ്ഞ നന്ദി. ഓൺലൈൻ ലൈവ് സ്ട്രീമിംഗ് മുഴുവൻ ഭംഗിയായി നിർവ്വഹിച്ച മാനന്തവാടി രൂപത മീഡിയകമ്മീഷൻ ഡയറക്ടർ മനോജ് കാക്കോനാലച്ചനും ടീം അംഗങ്ങൾ ഫാ. നിഖിൽ ചവറനാൽ, ഫാ. അഖിൽ കുന്നത്ത്, ഫാ. ആൽഫിൻ, സി. ജിനി, നിഷ എന്നിവർക്കും യൂത്ത് മിനിസ്ട്രിയുടെ നന്ദി.ഈ മൂന്ന് ദിനങ്ങളിലായി 30000 ആളുകളാണ് ഈ കൺവെൻഷനിൽ പങ്കുചേർന്നത്. സ്വദേശത്തും വിദേശത്തുമായി പങ്കുചേർന്ന സകലർക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു. കുറച്ചു നാളുകളായി മധ്യസ്ഥപ്രാർത്ഥനകളും മറ്റ് ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് നിർവ്വഹിച്ച യുവജനങ്ങൾ, യുവജനമദ്ധ്യസ്ഥ ഗ്രൂപ്പ്, പബ്ലിസിറ്റി ഗ്രൂപ്പ്, രജിസ്ട്രേഷൻ ഗ്രൂപ്പ്, മീഡിയ ഗ്രൂപ്പ്, വ്യൂവേഴ്സ് ബിൽഡിംഗ് ഗ്രൂപ്പ്, ജെ.പി. കമ്മ്യൂണിറ്റി അംഗങ്ങൾ, ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികൾ, യൂത്ത്മിനിസ്ട്രി ലീഡേഴ്സ് മറ്റ് കമ്മിറ്റി ഭാരവാഹികൾ, പ്രയർ ഫോർ യൂത്ത്മിനിസ്ട്രി അംഗങ്ങൾ FCC, CMC, SH, SABS, SKD, SCV കോൺഗ്രിഗേഷനുകളിൽ മദ്ധ്യസ്ഥപ്രാർത്ഥന നടത്തിയ സിസ്റ്റേഴ്സിനും ഹൃദയം നിറഞ്ഞ നന്ദി.

ഇതിന്റെ നടത്തിപ്പിനായി രാപകൽ ഇല്ലാതെ അധ്വാനിച്ച ഫാ. ലാൽ ജേക്കബ് പൈനുങ്കലിനും ഫാ. ജോബി മുക്കാട്ടുകാവുങ്കലിനും ഈ കൺവെൻഷനുവേണ്ടി യുവജനങ്ങളെ നേരിട്ട് വിളിച്ച് നേതൃത്വം നൽകിയ സി. ബെൽസി, സി.ഡിവ്നക്കും യൂത്ത്മിനിസ്ട്രി ടീം സി. ലിൻസി, സി. നോയൽ, സി. ആൻസി, ലിൻഷ, അൽജോസ് എന്നിവർക്കും നന്ദി.

**സി. ആൻസി തോമസ് സി. എം. സി**
സെക്രട്ടറി, ഡിപ്പാർട്ട് മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**അന്തർദേശീയ ബാലികാദിനാചരണം നടത്തി**

അന്തർദേശീയ ബാലികാദിനമായി ആചരിക്കപ്പെടുന്ന ഒക്ടോബർ 11 ന് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ 'പെൺകുരുന്ന് പൊൻകുരുന്ന്' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. സ്ത്രീത്വം കീറിമുറിക്കപ്പെടേണ്ടതല്ല അപമാനിക്കപ്പെടേണ്ടതല്ല, ഓരോ സ്ത്രീയും അമ്മയാണ് സഹോദരിയാണ്. ഇന്നിന്റെ വെല്ലുവിളികളും നാളെയുടെ വാഗ്ദാനങ്ങളും ആകേണ്ട നാം പരസ്പരം ബഹുമാനിച്ചും ആദരിച്ചും സമൂഹത്തിന്റെ ഉന്നതി ലക്ഷ്യമാക്കി പ്രവർത്തിക്കണം എന്ന ആശയത്തെ മുൻനിർത്തി കെ.സി.വൈ.എം. സംസ്ഥാന സമിതി ആരംഭിച്ചിരിക്കുന്ന WWW (We are With Women) ക്യാമ്പയിനിന്റെ ഭാഗമാവുകയായിരുന്നു കെ.സി.വൈ.എം. മാനന്തവാടി രൂപതയും. കെ.സി.വൈ.എം. മാനന്തവാടി രൂപത വൈസ് പ്രസിഡന്റ് കുമാരി റ്റെസിൻ വയലിൽ അദ്ധ്യക്ഷയായിരുന്നു. ബഹുമാന്യയായ ആലത്തൂർ എം പി കുമാരി രമ്യ ഹരിദാസ് വെബിനാർ ഉദ്ഘാടനം ചെയ്തു. മാനന്തവാടി രൂപത അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം അനുഗ്രഹ പ്രഭാഷണം നടത്തി. കോഴിക്കോട് ഗവൺ. മെന്റൽ ഹെൽത്ത് സെന്ററിലെ സൈക്യാട്രിക് സോഷ്യൽ വർക്കർ ഡോ. ശ്രീപ്രിയ സി.കെ വെബിനാറിൽ ക്ലാസ് നയിച്ചു. കെ.സി.വൈ.എം. സംസ്ഥാന അസി. ഡയറക്ടർ സി.റോസ് മെറിൻ SD, കെ.സി.വൈ.എം. മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര, ഡയറക്ടർ റവ. ഫാ. ആഗസ്റ്റിൻ ചിറയ്ക്കതോട്ടത്തിൽ, രൂപത ഭാരവാഹികളായ സി. സാലി CMC, റോസ്മേരി തേറുകാട്ടിൽ, ജിയോ മച്ചുകുഴിയിൽ, മേബിൾ പുള്ളോലിക്കൽ, ടിബിൻ പാറക്കൽ, ഡെറിൻ കൊട്ടാരത്തിൽ, ജസ്റ്റിൻ ലൂക്കോസ്, ജിജിന ജോസ് എന്നിവർ സംസാരിച്ചു. കെ.സി.വൈ.എം. മാനന്തവാടിയുടെ യൂറ്റ്യൂബ്, ഫേയ്സ് ബുക്ക്, സൂം ആപ്പ് എന്നിവയിലൂടെ 1000 ൽ അധികം യുവജനങ്ങൾ പങ്കെടുത്തു. എല്ലാവർക്കും രൂപത സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

**ജനസ്വരം പ്രസംഗമത്സര വിജയികൾ**

കെ.സി.വൈ.എം. മാനന്തവാടി രൂപത നടത്തിവരുന്ന ജനസ്വരം എന്നതിന്റെ ഭാഗമായി 'പരിസ്ഥിതി പരിപാലന നയങ്ങൾ കർഷക സൗഹൃദമോ' എന്ന വിഷയത്തിൽ നടത്തപ്പെട്ട പ്രസംഗ മത്സരത്തിൽ 40–ൽ പരം അംഗങ്ങൾ പങ്കെടുത്തു. ജോമോൾ ജോസ് (കൊട്ടിയൂർ യൂണിറ്റ്), അനുഷ സജി (തരിയോട് യൂണിറ്റ്) എന്നിവർ ഒന്നും രണ്ടും സ്ഥാനങ്ങളും ജിജിന (ചുണ്ടക്കര യൂണിറ്റ്), അതുല്യ കെ കുര്യൻ (കബനിഗിരി യൂണിറ്റ്) എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികളായ ഏവർക്കും മാനന്തവാടി രൂപതയുടെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. ഫലപ്രഖ്യാപനം കാര്യക്ഷമമായി നിർവഹിച്ച കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ ചാലക്കരക്കും ആശംസകളർപ്പിച്ച് സംസാരിച്ച കെ.സി.വൈ.എം. മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര, രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറയ്ക്കതോട്ടത്തിൽ കുമാരി മേബിൾ പുള്ളോലിക്കൽ ശ്രീ. റ്റിബിൻ പാറക്കൽ എന്നിവർക്കും മത്സരത്തിൽ പങ്കെടുത്ത മുഴുവൻ യുവജനസുഹൃത്തുക്കൾക്കും നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**ഫാ. സ്റ്റാൻ സ്വാമി – ശബ്ദമില്ലാത്തവരുടെ ശബ്ദം**

ദേശീയ അന്വേഷണ ഏജൻസി അകാരണമായി അറസ്റ്റ് ചെയ്ത മനുഷ്യാവകാശ പ്രവർത്തകൻ ഫാ. സ്റ്റാൻ സ്വാമിയെയും മറ്റുള്ളവരെയും നിരുപാധികം വിട്ടയക്കണമെന്നും അദ്ദേഹത്തോട് സർക്കാർ മാപ്പു പറയണമെന്നും ദ്വാരകയിൽ സംഘടിപ്പിച്ച പ്രതിഷേധ സദസ്സിൽ കെ.സി.വൈ.എം. രൂപതാ സമിതി ആവശ്യപ്പെട്ടു. കെ.സി.വൈ.എം. രൂപത പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര അധ്യക്ഷത വഹിച്ച പ്രതിഷേധ യോഗത്തിൽ കെ.സി.വൈ.എം. മാനന്തവാടി രൂപത ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറയ്ക്ക തോട്ടത്തിൽ റവ. ഫാ. നോബിൾ പാറക്കൽ, റവ. ഫാ. ദീപക് എടാട്ട് എസ് ജെ, ശ്രീ. വിപിൻ പിലാപള്ളി എന്നിവർ സംസാരിച്ചു. കെ.സി.വൈ.എം. മേഖലാ, യൂണിറ്റ് തലങ്ങളിലും വിവിധ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.

**Blind Eye Protest യൂണിറ്റുകളിൽ**

2020 ഒക്ടോബർ 18 ന് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ യൂണിറ്റ് തലത്തിൽ Blind Eye Protest സംഘടിപ്പിച്ചു. നിശബ്ദമാക്കാൻ ശ്രമിച്ചാലും സത്യത്തിന്റെ സ്വരം ഉയർന്നു നിൽക്കും. ആദിവാസി സമൂഹത്തിന്റെയും ദളിതരുടെയും ഉന്നമനത്തിനുവേണ്ടി

പ്രയത്നിച്ച ഫാ.സ്റ്റാൻ സ്വാമിയെ മോചിപ്പിക്കുക നീതി പ്രവർത്തിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് യൂണിറ്റ് അടിസ്ഥാനത്തിൽ അഞ്ചുപേർ വീതം ചേർന്ന് കണ്ണുകെട്ടി പ്രതിഷേധമറിയിച്ചു. സാധിക്കുന്നവർ വീടുകളിലായിരുന്നുകൊണ്ട് പ്രതിഷേധത്തിൽ പങ്കുചേർന്നു. രൂപത, മേഖല, യൂണിറ്റ് ഫേസ്ബുക്ക് അക്കൗണ്ടുകളിലും പേഴ്സണൽ അക്കൗണ്ടിലും പോസ്റ്റ് ചെയ്തുകൊണ്ടായിരുന്നു പ്രതിഷേധ പ്രകടനം നടത്തിയത്. പങ്കെടുത്ത യൂണിറ്റ്, മേഖലാ സമിതികൾക്കും യുവജനങ്ങൾക്കും രൂപതാസമിതിയുടെ നന്ദി രേഖപ്പെടുത്തുന്നു.

**സ്വാഗതം**

തരിയോട്മേഖലാ കെ.സി.വൈ.എം. ഡയറക്ടർ റവ. ഫാ. നിധീഷ് തലച്ചിറക്കും മാനന്തവാടി മേഖല അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. നിഷ്വിൻ തേൻപള്ളി, മാനന്തവാടി മേഖല ആനിമേറ്റർ സി.ദിവ്യജോസഫ് OSA യ്ക്കും മാനന്തവാടി രൂപതാ സമിതിയുടെ അഭിനന്ദനങ്ങളും ഒപ്പം സ്വാഗതവും ആശംസിക്കുന്നു.

**കൃതജ്ഞതയോടെ**

തരിയോട് മേഖല കെ.സി.വൈ.എം. ഡയറക്ടർ സ്ഥാനത്തു നിന്നും നരിവാലമുണ്ട ഇടവകയിലേക്ക് വികാരിയായി സ്ഥലം മാറിപ്പോയ റവ. ഫാ. സനോജ് ചിറ്ററക്കൽ അച്ചന് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നന്ദിയും പുതിയ ഇടവകയിലേക്ക് സർവ്വവിധ നന്മകളും പ്രാർത്ഥനകളും അർപ്പിക്കുന്നു.

**വിവാഹ മംഗളാശംസകൾ**

വിവാഹജീവിതത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന മാനന്തവാടി രൂപത യുവജന പ്രസ്ഥാനത്തിന്റെ സെക്രട്ടറിയും യുവജനങ്ങളുടെ കരുത്തനായ നേതാവും ഏറെ പ്രിയങ്കരനുമായ ശ്രീ. ജിയോ ജെയിംസ് മച്ചികുഴിക്കും ദിവ്യക്കും മാനന്തവാടി രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**ആദരാഞ്ജലികൾ**

നരിവാലമുണ്ട കെ.സി.വൈ.എം. യൂണിറ്റ് ഡയറക്ടറും മാനന്തവാടി രൂപതയുടെ വിവിധ തലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച വിശിഷ്ട വ്യക്തിത്വത്തിന് ഉടമയുമായ റവ. ഫാ. ബാബു പാറയിൽ അച്ചന്റെ നിര്യാണത്തിൽ മാനന്തവാടി രൂപത കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

**പേൾ സാഹിത്യമത്സരങ്ങൾ**

2020 വർഷത്തെ പേൾസാഹിത്യ മത്സരങ്ങൾ നവംബർ 8 ന് ഞായറാഴ്ച നടത്തപ്പെടുന്നതായിരിക്കും. മത്സരയിനങ്ങൾ മുദ്രാവാക്യം, നോട്ടീസ്, കവിത, പത്രവാർത്ത, പോസ്റ്റർ എന്നിവയാണ്. മേഖലകളുടെ നേതൃത്വത്തിൽ തന്നെയായിരിക്കും മത്സരങ്ങൾ നടത്തപ്പെടുക. ഓൺലൈനായി നടത്തപ്പെടുന്ന മത്സരങ്ങൾ മേഖലാ സമിതിയുടെ വിലയിരുത്തലിനുശേഷം യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ കിട്ടുന്ന എൻട്രികൾ നവംബർ 16 ന് രൂപത ഓഫീസിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്.

**യൂണിറ്റ്വാർത്തകൾ**

**അരുൾനിലയം യൂണിറ്റ്**

യുവജനങ്ങളുടെ നേതൃത്വത്തിൽ ZOOM വഴിയായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ഇടവകയിൽ നിന്നും ദീർഘകാലത്തെ സേവനത്തിനുശേഷം സ്ഥലം മാറിപ്പോകുന്ന വികാരി റവ. ഫാ. ജോസ് തെങ്ങടയിലിനും സഹവികാരിക്കും യാത്രയയപ്പു നൽകി. മേഖലയുടെ നേതൃത്വത്തിൽ നിർമ്മിച്ച മാസ്ക്കുകൾ പുഷ്പഗിരി ഹോസ്പിറ്റലിലെ പാലിയേറ്റീവ് കെയർ യൂണിറ്റിൽ അരുൾനിലയം യൂണിറ്റിലെ യുവ ജനങ്ങളുടെ സഹായത്തോടെ വിതരണം ചെയ്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ ഓൺലൈൻ പ്രസംഗമത്സരം സംഘടിപ്പിച്ചു. ഇടവകയിലെ ഒരു വിദ്യാർത്ഥിക്ക് ഒരുവർഷത്തേക്കുള്ള ഫീസ് യുവജനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു നൽകി.

**മണിമൂളി യൂണിറ്റ്**

പരിശുദ്ധ അമ്മയുടെ ജനനതിരുനാളിന് ഒരുക്കമായി നൊവേന യിലും വി. ബലിയിലും പങ്കെടുത്തു പ്രാർത്ഥിച്ചു. ഒക്ടോബർ 2 ന് സേവനദിനമായി ആചരിച്ചു. യുവജനങ്ങളുടെ നേതൃത്വത്തിൽ പള്ളിയും പരിസരവും വൃത്തിയാക്കി. ജപമാലമാസത്തോട് അനുബന്ധിച്ച് ഒക്ടോബർ 9 ന് പ്രാർത്ഥനാ ദിനമായി ആചരിച്ചു

**അമരക്കുനി യൂണിറ്റ്**

യുവജനങ്ങളുടെ നേതൃത്വത്തിൽ വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കുകയും യുവജനങ്ങൾക്കായി വാട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കുകയും ചെയ്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**മരക്കടവ് യൂണിറ്റ്**

മേഖലാതലത്തിൽ നടത്തിയ ഡിജിറ്റൽ മാഗസിന് വേണ്ടി യൂണിറ്റിന്റെ നേതൃത്വത്തിൽ വീഡിയോ തയ്യാറാക്കി നൽകി.

മേഖലാതലത്തിൽ നടത്തിയ ഫോട്ടോഗ്രാഫി മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ യൂണിറ്റ് കരസ്ഥമാക്കി. മരക്കടവ് പ്രദേശത്തെ വന്യജീവികളുടെ ശല്യം രൂക്ഷമാകുന്ന സാഹചര്യത്തിൽ അതിനെതിരെ പരിഹാരം കണ്ടെത്തുവാൻ MLA ഐസി ബാലകൃഷ്ണന്റെ നേതൃത്വത്തിൽ നടത്തിയ ജനകീയ ജാഗ്രതാ സമിതിയുടെ മീറ്റിംഗിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു. പൗരോഹിത്യ സ്വീകരണം നടത്തിയ റവ.ഫാ. റ്റിന്റോയ്ക്ക് സ്വീകരണം നൽകി. കർഷകരുടെ ജീവിതത്തോട് അനുഭാവം പ്രകടമാക്കി പന്തംകൊളുത്തി പ്രകടനം നടത്തി. ബഫർസോൺ വിരുദ്ധ പോസ്റ്റർ ക്യാമ്പയിനിൽ മരക്കടവ് യൂണിറ്റും പങ്കെടുത്തു. മേഖലാ ഡയറക്ടർ ഫാ. സാന്റോയുടെ നാമഹേതുക തിരുനാൾ ആഘോഷിച്ചു.

**പാലേമാട് യൂണിറ്റ്**

എട്ടുനോമ്പിനോടനുബന്ധിച്ച് നൊവേനയിലും വിശുദ്ധ കുർബാനയിലും യുവജനങ്ങൾ പങ്കെടുത്തു. പൂർവ്വപിതാക്കന്മാരെ അനുസ്മരിച്ചുകൊണ്ട് പള്ളിയും പരിസരവും വൃത്തിയാക്കി. മണിമൂളിയിൽ വച്ച് നടത്തിയ മേഖല മീറ്റിഗിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു.

**ബെക്കി യൂണിറ്റ്**

യൂണിറ്റ് അംഗങ്ങൾ എക്സിക്യൂട്ടീവ് കൂടുകയും പ്രവർത്തനങ്ങളെ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. ജപമാലമാസത്തിന് ഒരുക്കമായി യൂണിറ്റ് ഡയറക്ടർ ഫാ.അനീഷ് ആലുംങ്കലിന്റെ നേതൃത്വത്തിൽ 22 യുവജനങ്ങൾ ഒന്നിച്ച് പള്ളിയും പരിസരവും വൃത്തിയാക്കി, പൂച്ചെടികൾ നട്ടു.

**കൽപ്ര യൂണിറ്റ്**

യൂണിറ്റ് ഡയറക്ടർ അഗസ്റ്റിൻ താന്നിയിലച്ചന് സ്വീകരണം നൽകി. കോവിഡിന്റെ പശ്ചാത്തലം മുൻനിർത്തി എക്സിക്യട്ടീവ് കൂടുകയും കഴിഞ്ഞ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങളെകുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. ഒക്ടോബർ 2 ന് ഗാന്ധിജയന്തി ദിനത്തിൽ പള്ളിയും പരിസരവും വൃത്തിയാക്കി. മേഖലയുടെ നേതൃത്വത്തിൽ നടത്തിവന്ന 'ഒരു നിമിഷം അമ്മയോടൊപ്പം' എന്ന പ്രോഗ്രാമിൽ യൂണിറ്റിൽ നിന്നും യുവജനങ്ങൾ സന്ദേശങ്ങൾ നൽകി.

**കയ്യൂന്നി യൂണിറ്റ്**

സീറോമലബാർ സഭയുടെ ആഹ്വാനമനുസരിച്ച് പ്രാർത്ഥനാദിനം ആചരിച്ചു. യുവജനങ്ങൾ നിർമ്മിച്ച സാനിറ്റൈസർ മെഷീൻ ചേരമ്പാടി തഹസിൽദാർക്ക് യൂണിറ്റ് ഡയറക്ടർ ഫാ. വിൻസെന്റ് കളപ്പുര കൈമാറി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ദിനത്തിൽ കുരിശിന്റെവഴി നടത്തി പ്രാർത്ഥിച്ചു. രൂപതയുടെ നേതൃത്വത്തിൽ നടത്തിയ ജനസ്വരം പ്രസംഗമത്സരത്തിൽ യൂണിറ്റിൽ നിന്നും രണ്ടു പേർ പങ്കെടുത്തു. കോതമംഗലം രൂപതയുടെ നേതൃത്വത്തിൽ നടത്തുന്ന ഇടവകയുടെ ചരിത്രം എന്ന ഡോക്യുമെന്ററിയിൽ യൂണിറ്റും പങ്കുചേർന്നു. യൂണിറ്റ് ഡയറക്ടർ റവ.ഫാ.വിൻസെന്റ് കളപ്പുരയുടെയും അസി.വികാരി റവ. ഫാ. റിബിന്റെയും നാമഹേതുക തിരുനാൾ സമുചിതമായി ആഘോഷിച്ചു.

**റോസ്മേരി തേറുകാട്ടിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

ഒക്ടോബർ 9,10,11 തീയതികളിൽ ഓൺലൈൻ വഴി നടത്തിയ കോഴ്സിൽ 74 പേരും ഒക്ടോബർ 30, 31, നവംബർ 1 തീയതികളിൽ നടത്തിയ കോഴ്സിൽ 100 പേരും പങ്കെടുത്തു. അടുത്ത സെമിനാർ നവംബർ 13,14,15 തീയതികളിൽ.

**പ്രോ ലൈഫ്**

കെ.സി.ബി.സി. പ്രോലൈഫ് സമിതി മലബാർ റീജിയണൽ മീറ്റിംഗിൽ രൂപതാ ഡയറക്ടർ സംബന്ധിച്ചു. കഴിഞ്ഞവർഷം ആരംഭിച്ച മാട്രിമണി വെബ്സൈറ്റിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്തു.

**മരിയൻ സിംഗിൾസ്**

മരിയൻ സിംഗിൾസിലെ അംഗങ്ങൾ 700 കരുണക്കൊന്ത, 3000 ജപമാല എന്നിവ ചൊല്ലി കൊറോണ വൈറസ് നിർവ്യാപനത്തിനു വേണ്ടി കാഴ്ചവച്ചു.

**മാതൃവേദി**

**ബൈബിൾ പകർത്തിയെഴുതൽ:** ചെറുപുഷ്പ മിഷൻലീഗും മാതൃവേദിയും സംയുക്തമായി 'ഒരുമയുടെ വചനത്താളുകൾ'എന്ന പേരിൽ പി.ഒ.സി. സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുതൽ ആരംഭിച്ചു. ഇടവകയിലെ എല്ലാ കുടുംബങ്ങളുടെയും സഹകരണത്തോടെ ഒരു ഇടവകയ്ക്ക് ഒരു ബൈബിൾ എന്ന വിധത്തിലാണ് ക്രമീകരിക്കുന്നത്. A 4 സൈസ് പേപ്പറിന്റെ രണ്ടു പുറത്തുമായി എഴുതാം. ഒക്ടോബർ 20 ന് ആരംഭിച്ച് നവംബർ 30 നു മുമ്പായി ബൈൻഡ് ചെയ്ത് രൂപതാ ഓഫീസിൽ എത്തിക്കണം.

**മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ്:** വിവിധ മേഖലകളിലെ പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ എന്നിവരുടെ ഓൺലൈൻ മീറ്റിംഗ് സെപ്റ്റംബർ 27 ന് നടത്തി. അതാത് മേഖലകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് അവർ സംസാരിച്ചു.

**മേഖല ആനിമേറ്റേഴ്സ് മീറ്റിംഗ്:** വിവിധ മേഖലകളിലെ ആനിമേറ്റർ മാരുടെ ഓൺലൈൻ മീറ്റിംഗ് ഒക്ടോബർ 19 ന് നടത്തുകയുണ്ടായി.

**ബത്തേരി മേഖല**

യൂ ട്യൂബ് ചാനൽ ആരംഭിച്ചു. നോമ്പാചരണത്തിന്റെ ഭാഗമായി ബഹു. വൈദികർ തിരുവചനസന്ദേശങ്ങൾ നൽകി. അധ്യാപക ദിനത്തിൽ എല്ലാ അധ്യാപകർക്കും പ്രസംഗ മത്സരം നടത്തി. മത്സര വിജയികളുടെ പ്രസംഗങ്ങൾ യൂ ട്യൂബ് ചാനലിൽ സംപ്രേഷണം ചെയ്തു.

**കല്ലോടി മേഖല**

എട്ടു നോമ്പാചരണത്തിൽ മേഖലയിലെ എല്ലാ ഇടവകകളും ചേർന്ന് കൊറോണ എന്ന വിപത്തിനെതിരെ 45,075 ജപമാല ചൊല്ലി. വി. ബലിയിൽ കാഴ്ച വെപ്പ് നടത്തി. മാതാവിന്റെ തിരുസ്വരൂപം അലങ്കരിച്ചു.

**നിലമ്പൂർ മേഖല**

ഡയറക്ടറായി ചാർജ്ജെടുത്ത ബഹു. ഡെന്നീസച്ചന് വാട്സാപ്പ് വഴി സ്വാഗതമേകി. മേഖല എക്സിക്യൂട്ടീവ് ഗൂഗിൾ മീറ്റ് വഴി നടത്തി. ഓണത്തിന് മേഖലാടിസ്ഥാനത്തിൽ മത്സരം നടത്തി.

**മുള്ളൻകൊല്ലി**

ബഹു. ഫാ. ജെയ്സൺ കുഴികണ്ടത്തിൽ മേഖലയുടെ ഡയറക്ടറായി ചാർജ്ജെടുത്തു. ഉപവാസ പ്രാർത്ഥനയും 13 മണി ആരാധനയും നടത്തി. വി. മദർതെരേസയുടെ തിരുനാൾ ആചരിച്ചു. എട്ടു നോമ്പാചരണത്തോടനുബന്ധിച്ച് പരി. അമ്മ സഹരക്ഷക എന്ന വിഷയത്തെകുറിച്ച് പ്രസംഗ മത്സരം നടത്തി.

**തോണിച്ചാൽ**

മരിയൻ ഗാനമത്സരത്തിൽ 4 പേർ പങ്കെടുത്തു. SCV സിസ്റ്റേഴ്സ് നടത്തുന്ന ജീവൻധാര മാനസിക കേന്ദ്രത്തിൽ 50 കിലോ അരി, ഡ്രസ്, ടോയ്ലെറ്റ് സാധനങ്ങൾ എന്നിവ നൽകി. കൽപ്പറ്റയിൽ നടന്ന ബഫർ സോൺ ഉപവാസ സമരത്തിൽ ഭാരവാഹികൾ പങ്കെടുത്ത് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിലേക്ക് 100 കത്തുകൾ എഴുതി പ്രതിഷേധം അറിയിച്ചു. ജപമാല മാസത്തോടനുബന്ധിച്ച് 100 അമ്മമാർ ചേർന്ന് ജപമാല ചങ്ങല കോർത്തു. അമ്മയെ അറിയാൻ എന്ന പേരിൽ മരിയൻ ക്വിസ് നടത്തി.

**വടപുറം**

വി. കുർബാനയിൽ പങ്കെടുത്ത് ജപമാല മാസാചരണം നടത്തി. കാഴ്ചസമർപ്പണത്തിൽ കിട്ടിയ 3000 രൂപ ഫണ്ടിൽ ശേഖരിച്ചു. നേർച്ച പായസം നൽകി.

**പുതിയിടംകുന്ന്**

മാതാവിന്റെ ജനനതിരുനാളിനോടനുബന്ധിച്ച് കൊറോണ വൈറസ് മാറുവാനായി 1500 ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ഓണത്തിന് പൂക്കളമത്സരം നടത്തി.

**കയ്യൂന്നി**

പരി. അമ്മ, മദർ തെരേസ എന്നിവരുടെ തിരുനാൾ ആചരിച്ചു. അധ്യാപക ദിനത്തിൽ ആശംസകൾ നേർന്നു. 10, +2, ഡിപ്ലോമ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളേയും, 50 വയസ്സിൽ താഴെ നാലു മക്കളുള്ള മാതാപിതാക്കളെയും, വചന വാക്യ മത്സരത്തിൽ സമ്മാനാർഹരായവരെയും ആദരിച്ചു. ഒരു നിർദ്ധന കുടുംബത്തിന് വിവാഹ സഹായമായി 5000 രൂപ നൽകി. രൂപത നടത്തിയ ഓൺ ലൈൻ വെബിനാറിൽ ധാരാളം പേർ പങ്കെടുത്തു. മാനസിക സുരക്ഷ എങ്ങനെ കൈവരിക്കാം എന്ന വിഷയത്തെ സംബന്ധിച്ച് ബഹു. സി. ഫിലോ ക്ലാസ് എടുത്തു. സഖറിയാസ് മീറ്റ് നടത്തി. വയോജനങ്ങൾക്ക് വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. കയ്യെഴുത്തു മാസിക പ്രകാശനം ചെയ്തു. ഷോട്ട് ഫിലിം അവതരിപ്പിച്ചു. ഒരു നിർദ്ധന കുടുംബത്തിന് ആടിനെ നൽകി. കോളനി നിവാസികൾക്ക് മാസ്ക് വിതരണം ചെയ്തു.

**കോട്ടത്തറ**

മദർതെരേസ ദിനത്തിൽ അദ്ധ്യാപകരെ ആദരിച്ചു. ഇടവകയിലെ ഒരു നിർദ്ധന വിദ്യാർത്ഥിക്ക് 3000 രൂപ നൽകി.

**തലഞ്ഞി**

എല്ലാ ദിവസവും വചനം എഴുതി ഗ്രൂപ്പിൽ അയച്ചു. പരി. അമ്മയുടെ ജനനത്തിരുനാൾ ആഘോഷിച്ചു. അഖണ്ഡ ജപമാല നടത്തി. 30 കുടുംബങ്ങൾക്ക് കിറ്റ് നൽകി. വികാരിയച്ചന്റെ നേതൃത്വത്തിൽ അധ്യാപകരെ ആദരിച്ചു. ഒരു നിർദ്ധന കുടുബത്തിന് 10000 രൂപ നൽകി.

**കുറുമ്പാല**

സാന്ത മോനിക്ക പ്രാർത്ഥന ഗ്രൂപ്പിൽ നിയോഗങ്ങൾ വെച്ച് പ്രാർത്ഥിച്ചു. കോവിഡ് -19 നെ അതിജീവിക്കാൻ ഉപവാസം അനുഷ്ഠിച്ചു. അധ്യാപകർക്ക് ഫോണിലൂടെ ആശംസകൾ നേർന്നു. പരി. അമ്മയുടെ ജനന തിരുനാളിന് 1000 നന്മ നിറഞ്ഞമറിയം ചൊല്ലി കാഴ്ച വെച്ചു. മരിയൻക്വിസ് നടത്തി, സമ്മാനങ്ങൾ നൽകി. രൂപതയിൽ ഓൺലൈൻ വഴി നടത്തിയ സെമിനാറിൽ അമ്മമാർ പങ്കെടുത്തു. ഒരു വിദ്യാർത്ഥിക്ക് പഠനസഹായമായി 500 രൂപ നൽകി.

**കളത്തുവയൽ**

എട്ടുനോമ്പാചരിച്ചു. അഖണ്ഡ ജപമാല നടത്തി. അധ്യാപക ദിനാശംസകൾ നേർന്നു. കോവിഡ്-19 രോഗികൾക്കായി ജപമാലയും കരുണകൊന്തയും ചൊല്ലി പ്രാർത്ഥിച്ചു. ഇടവകയുടെ പൊതുവായ ആവശ്യത്തിനായി ഒരു മൊബൈൽ ഫോൺ സംഭാവന ചെയ്തു.

പരിസ്ഥിതിലോല പ്രദേശ പ്രഖ്യാപനത്തിനെതിരെ ഉപവാസസമര ത്തിലും ഒപ്പ് ശേഖരണത്തിലും പങ്കെടുത്തു. രോഗീസന്ദർശനം നടത്തി.

**കുറുമണി**

കർഷകർക്കുവേണ്ടി കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. ഒരു നിർദ്ധന കുടുബത്തിന് 2000 രൂപ സംഭാവന നൽകി. ബഹു. വികാരി യച്ചന്റെ നേതൃത്വത്തിൽ ആരോഗ്യ പ്രവർത്തകരെ മാസ്ക് നൽകി ആദ രിച്ചു. വി. വിൻസെന്റ് ഡി പോൾ, വി. മത്തായി എന്നീ നാമധാരികൾക്കു വേണ്ടി പ്രാർത്ഥിച്ചു. ബഹു. പാറയിലച്ചന്റെ നിര്യാണത്തിൽ എല്ലാ വരും അനുശോചനം അറിയിച്ച് പ്രാർത്ഥിച്ചു.

**വഞ്ഞോട്**

പരി. അമ്മയുടെ ജനന തിരുനാളിനോടനുബന്ധിച്ച് വി. കുർബാന യിൽ പങ്കെടുത്തു. കാഴ്ചവെപ്പ് നടത്തി. ലക്കി മേരിയെ തെരഞ്ഞെ ടുത്ത് സമ്മാനം നൽകി. കോവിഡ് – 19 നെതിരെ 6600 ജപമാല ചൊല്ലി പ്രാർത്ഥിച്ചു. 11 അമ്മമാർ ചേർന്ന് കൃഷി ചെയ്ത ജൈവ പച്ചക്കറി ത്തോട്ടം വിലയിരുത്തി.

**വാളേരി**

മഹാമാരിക്കെതിരെ 4450 ജപമാല ചൊല്ലി. മാതാവിന്റെ ജന്മ ദിന സമ്മാനമായി പുതിയ ഉടുപ്പും കാപ്പയും നൽകി. രൂപം അലങ്കരിച്ച് ചെയിൻ റോസറി നടത്തി.

**പൂക്കോട്ടുംപാടം**

ഉപവാസദിനം ആചരിച്ച് ആരാധന നടത്തി. പ്രാർത്ഥനാ ദിനം ആചരിച്ചു. ഇടവകയിലെ 125 കുടുംബങ്ങൾക്ക് കിറ്റ് വിതരണം ചെയ്തു. വിവാഹിതരാകുന്ന ദമ്പതികൾക്ക് ബൈബിൾ സമ്മാനമായി നൽകി. അദ്ധ്യാപകർക്ക് ആശംസകൾ നേർന്നു. ബഹു. പാറയിലച്ചന്റെ ആത്മ ശാന്തിക്കായി പ്രാർത്ഥിച്ചു. രോഗീസന്ദർശനം നടത്തി. 20000 രൂപ വായ്പ സഹായം നൽകി. ഒരു നിർദ്ധന കുടുംബത്തിന് 5000 രൂപ ചികിത്സയ്ക്കായി വായ്പ നൽകി.

**മരക്കടവ്**

വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാളിൽ ഭവനങ്ങളിൽ കുരി ശിന്റെ വഴി ചൊല്ലി. സെന്റ് കാതറിൻസ് ഓൾഡേജ് ഹോം സന്ദർശിച്ചു. ബഹു. വികാരിയച്ചന്റെ ഫീസ്റ്റ് ആഘോഷിച്ചു.

**ചുങ്കക്കുന്ന്**

നിർദ്ധനനായ ഒരു ആദിവാസി യുവാവിന് ചികിത്സ സഹായ മായി 500 രൂപ കൊടുത്തു. കാഴ്ചസമർപ്പണത്തിലൂടെ ലഭിച്ച 32250 രൂപകൊണ്ട് 750 രൂപ പ്രകാരമുള്ള 43 കിറ്റുകൾ വിതരണം ചെയ്തു.

ലോക്ഡൗൺ കാലത്ത് നടത്തിയ മത്സര വിജയികൾക്ക് സമ്മാനം നൽകി. ആദിവാസി കോളനി സന്ദർശിച്ചു. 35 കുടുംബങ്ങൾക്ക് കമ്പിളിയും മാസ്കും നൽകി. ഒരു നിർദ്ധന കുടുംബത്തിന് 1000 രൂപ നൽകി.

**പൂളപ്പാടം**

വാർഡുതലത്തിൽ വാട്സാപ്പ് ഗ്രൂപ്പ് രൂപീകരിച്ചു. ലോക്ഡൗൺ കാലത്ത് അമ്മമാർ നടത്തിയ പരിപാടികൾ വീഡിയോ ആക്കി രൂപത യിൽ നൽകി. മാതാവിന്റെ തിരുനാളിന് 1000 ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ഉപവാസം അനുഷ്ഠിച്ച് പ്രാർത്ഥന ദിനം ആചരിച്ചു. സാന്താ മോനിക്ക പ്രാർത്ഥന കൂട്ടായ്മയിലേക്ക് ഒരാളെ തെരഞ്ഞെ ടുത്തു.

**കരിമാനി**

പരി. അമ്മയുടെ ജനനതിരുനാൾ ആചരിച്ചു. പ്രാർത്ഥന ദിനം ആചരിച്ചു. തിരുമണിക്കൂർ ആരാധന നടത്തി. രോഗീസന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. രോഗീസഹായം നൽകി. ശാലോം മാസിക ഭവനങ്ങളിൽ എത്തിച്ചു. വിവിധ നിയോഗങ്ങൾക്കായി കരുണക്കൊന്ത, തിരുഹൃദയ കൊന്ത, ജപമാല എന്നിവ ചൊല്ലി. മദർതെരേസ ദിനം ആചരിച്ചു. 150 മാസ്ക് തയ്ച്ച് നൽകി.

**നരിവാലമുണ്ട**

എട്ടുനോമ്പ് ആചരിച്ചു. മരിയൻ സ്തുതികൾ എന്ന പേരിൽ മാതാ വിന്റെ ഗാനങ്ങൾ ആലപിച്ച് മാതൃദിനം ആചരിച്ചു. അഗതികൾക്കും, വിവിധ പരീക്ഷകൾ എഴുതുന്ന കുട്ടികൾക്കുംവേണ്ടി പ്രാർത്ഥിച്ചു. അധ്യാപക ദിനത്തിൽ എല്ലാ ടീച്ചേഴ്സിനും ആശംസകൾ അറിയിച്ചു. രോഗീസഹായം നൽകി. ബഹു. വികാരിയച്ചന്റെ നിര്യാണത്തിൽ ദുഃഖ ദിനം ആചരിച്ചു. ഇടയന്റെ വേർപാടിൽ അമ്മമാർ ഒരു വർഷത്തേക്ക് നോമ്പെടുത്ത് മരിച്ച വിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം
**ഫാ. ജോജോ കുടക്കച്ചിറ**
അസി. ഡയറക്ടർ, കുടുംബപ്രേഷിതത്വം

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

ലോകം ഇന്നുവരെ അഭിമുഖീകരിക്കാത്ത പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണല്ലോ. കോവിഡ്-19 എന്ന മഹാമാരി നമ്മെ വരിഞ്ഞു മുറുക്കുകയാണ്. ഇത്രയും രൂക്ഷമായ പ്രതിസന്ധി ഒരുപക്ഷെ നമ്മുടെ ജീവിതത്തിൽ ഇതിനു മുമ്പ് അനുഭവിച്ചിട്ടുണ്ടായിരിക്കുകയില്ല. വിൻസെന്റ് ഡി പോൾ സൊസൈറ്റിയടക്കമുള്ള ഭക്തസംഘടനകളുടെ പ്രവർത്തനം വളരെ ബുദ്ധിമുട്ടിയാണ് നടക്കുന്നതെന്ന യാഥാർത്ഥ്യം നാം ഉൾക്കൊള്ളണം. വീടിന് പുറത്തിറങ്ങി പ്രവർത്തിക്കാൻ കഴിയാതെ എങ്ങനെ ജീവകാരുണ്യ പ്രവർത്തികൾ നടത്തുമെന്ന ചോദ്യമാണ് മിക്ക വിൻസെൻഷ്യൻ പ്രവർത്തകരും ചോദിക്കുന്നത്. പ്രാർത്ഥനയോടൊപ്പം പ്രവർത്തിയിലും ഏർപ്പെടുന്ന വിൻസെൻഷ്യൻ പ്രവർത്തകരുടെ ഈ ചോദ്യത്തിന് പ്രസക്തിയുണ്ട്. എന്നാൽ പ്രതിസന്ധികളുണ്ടാകുമ്പോൾ പകച്ചു നില്ക്കേണ്ടവരാണോ നമ്മൾ. ദൈവം നമുക്ക് ഒട്ടേറെ കഴിവുകൾ നല്കിയിട്ടുണ്ട്. ഒരു കഴിവുമില്ലാത്ത ഒരൊറ്റയാളെപ്പോലും ദൈവം സൃഷ്ടിച്ചിട്ടില്ല. നമ്മുടെ കഴിവുകൾ കണ്ടെത്തുവാനോ അവ അവനുതന്നെയും സമൂഹത്തിനും ഉപകാരപ്പെടുംവിധത്തിൽ വിനിയോഗിക്കുമ്പോഴാണ് നാം ദൈവഹിതത്തിന് അനുസൃതമായി പ്രവർത്തിക്കുന്നവരാകുന്നത്. വിളക്കു കൊളുത്തി പറയുടെ കീഴിൽ വയ്ക്കരുതെന്ന ബൈബിൾ വാക്യത്തിന് ഇത്തരുണത്തിൽ പ്രസക്തി വർദ്ധിക്കുകയാണ്. ഓരോ വിൻസെൻഷ്യൻ പ്രവർത്തകരിൽ നിന്നും ദൈവം ഒട്ടേറെ നന്മ പ്രവർത്തികൾ പ്രതീക്ഷിക്കുന്നുണ്ട്. അവനവനായിരിക്കുന്ന അവസ്ഥയിൽ അപരനുവേണ്ടി പ്രവർത്തിക്കുവാൻ നമുക്ക് സാധിക്കണം. നമ്മുടെ ചുറ്റും വേദനിക്കുന്നവരുടെ എണ്ണം അനുദിനം പെരുകിവരികയാണ്. ഈ സാഹചര്യത്തിൽ ഒരു വിൻസെൻഷ്യൻ എങ്ങനെ കയ്യുംകെട്ടി നിശ്ചലനായി ഇരിക്കുവാൻ സാധിക്കും. ദൂരേയ്ക്ക് നന്മപ്രവർത്തികളുമായി പോകുവാൻ സാധിക്കുകയില്ലെങ്കിലും, നമ്മുടെ ചുറ്റുപാടുകളിലേക്ക് നമുക്ക് കടന്നുചെല്ലുവാൻ സാധിക്കും. വേദനിക്കുന്നവരോട് ആശ്വാസ വാക്കുകളായി-കഴിയുന്ന സാമ്പത്തിക സഹായങ്ങൾ നല്കി നമുക്ക്

ചുറ്റും നന്മയുടെ പ്രകാശകിരണങ്ങൾ പടർത്തുവാൻ ഓരോ വിൻസെൻഷ്യനുമാകട്ടെ. പ്രതിസന്ധികൾ നമ്മെ തളർത്താതിരിക്കട്ടെ. നമുക്ക് ഉണർന്നിരുന്ന് പ്രാർത്ഥിക്കാം, കഴിയുംവിധം പ്രവർത്തിക്കാം. ദൈവം നമ്മോടുകൂടെയുണ്ട്, വി.വിൻസെന്റ് ഡി പോളും, വാഴ്ത്തപ്പെട്ട ഫെഡറിക് ഓസാനാമും നമുക്ക് പ്രചോദനമാകട്ടെ.

**ഓസാനാംഭവൻ**

ഓസാനാംഭവന് വിശക്കുവാൻ തുടങ്ങിയിട്ടുണ്ട്. ഓസാനാം ഭവനിലെ അപ്പച്ചന്മാരെ മറക്കരുതേ. 75 അപ്പച്ചന്മാരും, ശുശ്രൂഷകരു മടക്കം 100-പേരാണ് ഇവിടെയുള്ളത്. നമ്മൾ നല്കുന്ന സഹായങ്ങൾ മാത്രമാണ് ഓസാനാംഭവനുള്ള വരുമാനം. നമ്മൾ മറന്നാൽ നമ്മുടെ അപ്പച്ചന്മാർക്ക് മറ്റാരാണുള്ളത്. ഇപ്പോൾ ആഘോഷങ്ങൾ ഇല്ലാത്ത സമയമാണല്ലൊ. നമ്മുടെ വീടുകളിലും, അയൽവക്കങ്ങളിലും വിവാഹങ്ങൾ തുടങ്ങിയവ നടക്കുന്നുണ്ടല്ലോ. ആഘോഷങ്ങളില്ലാതെ നടക്കുന്ന ഇത്തരം പരിപാടികളുടെ നടത്തിപ്പുകാരോട് ഒരു ചെറിയ സഹായം ഓസാനാംഭവനുവേണ്ടി നീക്കിവയ്ക്കുവാൻ അപേക്ഷിക്കു വാൻ നമുക്കാവില്ലെ. ഒരു നല്ല വിൻസെൻഷ്യൻ ഒരു നല്ല ഭിക്ഷക്കാര നാവണം-നമുക്കുവേണ്ടിയല്ല, പ്രത്യുത അപരനുവേണ്ടി. ഇതിന് ദൈവം നിങ്ങൾക്ക് നൂറിരട്ടിയായി പ്രതിഫലം നല്കും.

സ്നേഹപൂർവം,

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
സി.സി. ആത്മീയ ഉപദേഷ്ടാവ്
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
സി.സി. പ്രസിഡന്റ്

**കോവിഡ് 19 പ്രതിരോധ പരിപാടികൾ**

കേന്ദ്ര, സംസ്ഥാന സർക്കാരിന്റെ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് റേഡിയോ മാറ്റൊലിയുടെ പ്രവർത്തനങ്ങൾ പുന:ക്രമീകരിച്ചു. ഈ ടോക്സ്, പൊതു സേവന പരസ്യങ്ങൾ പ്രൊമോകൾ, തത്സമയ ഫോൺ ഇൻ പരിപാടികൾ എന്നിവയും വിവിധ തലത്തിലുള്ള വകുപ്പ് മേധാവികളുടെ സന്ദേശങ്ങളും പ്രക്ഷേപണം ചെയ്തു. അതോടൊപ്പം ആദിവാസി വിഭാഗങ്ങൾക്കിടയിലേക്ക് ബോധവത്കരണം എത്തിക്കുന്നതിനായി ഗോത്രഭാഷയിലും പ്രോഗ്രാമുകളും പ്രോമോകളും പ്രക്ഷേപണം ചെയ്തു.

**നാഷണൽ കോൺഫറൻസ്**

സെപ്റ്റംബർ 23, 24 തീയതികളിൽ MIT വേൾഡ് പീസ് യൂണിവേഴ്സിറ്റി പൂനെയും യുനെസ്കോയും സംയുക്തമായി സംഘടിപ്പിച്ച രണ്ടാമത് ദേശീയ കോൺഫറൻസിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ.ബിജോ തോമസ് പ്രബന്ധം അവതരിപ്പിച്ച് സംസാരിച്ചു. ഇന്ത്യയിലെ 265 കമ്മ്യൂണിറ്റി റേഡിയോകളിൽ സൗത്ത് സോണിനെ പ്രതിനിധീകരിച്ചാണ് ഫാ.ബിജോ തോമസ് പ്രബന്ധം അവതരിപ്പിച്ചത്.

## ORMA Website Launching

അമേരിക്കയിലെ ഫിലാൽഡൽഫിയയിലെ മലയാളി സംഘടനയായ ORMA (Oversease Residents Malayalee Assosiation - International) യുടെ Website Launching Radio Mattoli Station Director Fr. Bijo Thomas നിർവ്വഹിച്ചു.

**കൃഷി പാഠശാല**

ആത്മ വയനാടും കൃഷി വിജ്ഞാന കേന്ദ്രം വയനാടും സംയുക്തമായി സംഘടിപ്പിക്കുന്ന കൃഷി പാഠശാല എന്ന കൃഷി വിജ്ഞാന പരിപാടി പ്രക്ഷേപണം ആരംഭിച്ചു. റേഡിയോ മാറ്റൊലി ഓൺ ലൈൻ ന്യൂസ് പോർട്ടൽ വഴിയും പ്രോഗ്രാം ജനങ്ങളിലെത്തിച്ചു.

**തത്സമയ ഫോൺ ഇൻ പരിപാടി**

ഇരുപത്തി ഒന്നാമത് ലോക കാഴ്ച ദിനത്തോടനുബന്ധിച്ചു കുട്ടികളിലെ കാഴ്ച വൈകല്യങ്ങൾ എന്ന വിഷയത്തിൽ ഒക്ടോബർ

8 വ്യാഴാഴ്ച രാവിലെ 11 മണി മുതൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ജില്ല ആശുപത്രി ഒഫ് താൽമിക് സർജൻ ഡോക്ടർ റൂബി എം വി, ഒപ്റ്റോമെട്രിസ്റ്റ് സലീം ആയത്ത് എന്നിവർ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി. സംശയനിവാരണത്തിനായി 16 ശ്രോതാക്കൾ പരിപാടിയിൽ പങ്കെടുത്തു.

കുടുംബശ്രീ നടത്തുന്ന തൊഴിൽ ഉപജീവന മാർഗ്ഗങ്ങൾ എന്ന വിഷയത്തിൽ ഒക്ടോബർ 9 ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ജില്ലാ മിഷൻ കോർഡിനേറ്റർ പി. സാജിത ജില്ലാ മിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർമാരായ ഹാരിസ് കെ.എ, മുരളി കെ.ടി എന്നിവരും പരിപാടിയിൽ പങ്കെടുത്ത് ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി.

**സംസ്ഥാന ചലചിത്ര പുരസ്കാര ജേതാവ് വിനുഷ രവിക്ക് സ്വീകരണം**

സംസ്ഥാന ചലചിത്ര പുരസ്കാരം ലഭിച്ച കെഞ്ചിര യിലെ നായിക ദ്വാരക പത്തിൽക്കുന്ന് സ്വദേശി വിനുഷ രവിക്ക് റേഡിയോ മാറ്റൊലിയിൽ സ്വീകരണം നല്കി.

**സ്മരണാഞ്ജലി**

സെപ്റ്റംബർ 25 ന് അന്തരിച്ച സംഗീതപ്രതിഭ എസ്. പി ബാലസുബ്രമണ്യന് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടുള്ള പരിപാടി പ്രക്ഷേപണം ചെയ്തു.

മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരിക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടുള്ള പരിപാടി ഒക്ടോബർ 15 ന് പ്രക്ഷേപണം ചെയ്തു.

**കിലുക്കാംപെട്ടി**

കൊച്ചുകൂട്ടുകാർക്ക് അവരുടെ വിശേഷങ്ങൾ റേഡിയോ മാറ്റൊലിയിലൂടെ പങ്കുവെയ്ക്കാം. അതിനായി മാറ്റൊലിയിലേക്ക് ഞായറാഴ്ചകളിൽ രാവിലെ 11 മണി മുതൽ 12 മണിവരെ 9446034422 എന്ന നമ്പറിലേക്ക് 12 വയസ്സു വരെയുള്ള കുട്ടികൾക്ക് വിളിക്കാം.

**റേഡിയോനാടകം**

ഈ നാട് നിങ്ങളുടേയും നാട് എന്ന പേരിൽ റേഡിയോ നാടകം പ്രക്ഷേപണം ചെയ്തു. കോവിഡ് അതിജീവനം ഇതിവൃത്തം ആക്കിയായിരുന്നു നാടകം.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

**കുടിവെള്ളം ഉറപ്പുവരുത്തുവാൻ കിണർ റീചാർജിംങ്ങുമായി നബാർഡ് കെ എഫ് ഡബ്ല്യു സോയിൽ പ്രൊജക്റ്റ്**

വേനൽക്കാലത്ത് വറ്റുന്ന കിണറുകളിൽ കുടിവെള്ളം ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ കിണർ റീച്ചാർജിംങ്ങ് പദ്ധതി നടപ്പാക്കി നബാർഡ് കെ എഫ് ഡബ്ല്യു സോയിൽ പ്രൊജക്റ്റ് ശ്രദ്ധേയ മാകുന്നു. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ മട്ടിലയം, പൊർലോം നീർത്തട പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണിത്. വർഷംതോറും കിണറ്റിലെ ജലലഭ്യത കുറയു ന്നതുവഴി കിണർ വറ്റിപോകുന്നത് ഒഴിവാക്കുക, കിണറുകളിലെ ജലം വറ്റുന്നതനുസരിച്ച് കിണറ്റിലെ വെള്ളത്തിൽ ഉണ്ടാകുന്ന ജലമലിനീ കരണം കുറക്കുക, ഭൂഗർഭ ജലസമൃദ്ധി ഉറപ്പു വരുത്തുക, വർഷം മുഴു വൻ സുരക്ഷിത കുടിവെള്ളം നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് കിണർ റീച്ചാർജിങ്ങ് പരിപാടി നടപ്പിലാക്കുന്നത്. പുരമുകളിൽ പെയ്യുന്ന മഴവെള്ളത്തെ പൈപ്പ് വഴി ശേഖരിച്ച് ഒരു ഫിൽട്ടർ ടാങ്കിലൂടെ കടത്തി വിട്ട് മഴവെള്ളത്തിലെ ജല മാലിന്യങ്ങൾ നീക്കി പൈപ്പ് വഴി കിണറ്റി ലേക്ക് ശേഖരിക്കുന്ന രീതിയാണ് കിണർ റീചാർജിങ്ങ്. ഫിൽറ്റർ ചെയ്ത മഴവെള്ളം പൈപ്പ് വഴി കിണറിലെ ജലനിരപ്പിന് താഴെ ഒന്ന് രണ്ട് റിങ്ങുകൾക്ക് മുകളിൽ വരത്തക്ക രീതിയിൽ മഴവെള്ളം പൈപ്പിലൂടെ കടത്തിവിടുന്നു. കരി, നല്ല തരിയുള്ള പുഴ മണൽ, മെറ്റൽ ചിപ്സ്, പുഴയിൽ നിന്ന് ശേഖരിക്കുന്ന ചെറിയ പരൽ കല്ലുകൾ, ഫൈബർ നെറ്റ് എന്നിവയാണ് ഫിൽറ്റർ ടാങ്കിലെ ഫിൽറ്റർ മീഡിയ ആയി ഉപ യോഗിക്കുന്നത്. ഒരു വർഷം പുരമുകളിൽ പെയ്തിറങ്ങുന്ന 03 ലക്ഷ ത്തോളം ലിറ്റർ മഴയിൽ ഒരു ലക്ഷം ലിറ്റർ കിണറിൽ റീചാർജ് ചെയ്യാൻ സാധിച്ചാൽ വർഷം മുഴുവൻ ഗുണമേന്മയുള്ള കുടിവെള്ളം ഉറപ്പു വരുത്തുവാൻ സാധിക്കും. കഴിഞ്ഞ വർഷം യൂണിസെഫിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കിയ കിണർ റീചാർജിങ്ങ് പരിപാടി വൻ വിജയ

മായിരുന്നു. വേനൽക്കാലത്ത് കുടിവെള്ളം ലഭിക്കാത്ത 20 കിണറുകൾ ആണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ മട്ടിലയം നീർത്തട പ്രദേശത്തെ നിരവിൽപുഴ എന്ന യുപി സ്കൂളിലെ കിണറും ഉൾപ്പെടുന്നു. പദ്ധതി പ്രവർത്തനങ്ങൾക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും വില്ലേജ് നീർത്തട കമ്മിറ്റിയും നേതൃത്വം നൽകുന്നു.

**കന്നുകാലി തൊഴുത്തുകൾ നിർമ്മിച്ചു**

നബാർഡ് കെ എഫ് ഡബ്ല്യു സോയിൽ പ്രൊജക്ടിന്റെ ഭാഗമായി തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ മട്ടിലയം, പൊർലോം നീർത്തട പ്രദേശത്തെ 26 കുടുംബങ്ങൾക്ക് കന്നുകാലി തൊഴുത്തുകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിച്ചു. ഇതിൽ ഒന്നാം ഘട്ടത്തിലെ 06 കുടുംബങ്ങളുടെ പണി പൂർത്തിയായി. നീർത്തട പ്രദേശത്തെ 42 ശതമാനം കുടുംബങ്ങളും പശുവളർത്തൽ മുഖ്യ വരുമാന മാർഗ്ഗമായി സ്വീകരിച്ചവരാണ്. സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന ഇവിടുത്തെ കർഷകർക്ക് നല്ല കന്നുകാലി തൊഴുത്ത് സ്വന്തമായി നിർമ്മിക്കുവാൻ സാധിക്കാത്ത സാഹചര്യം വന്നപ്പോഴാണ് നബാർഡിന്റെ സാമ്പത്തിക സഹായം അനുവദിച്ച് നൽകിയത്. നബാർഡിൽ നിന്നും ഓരോ കുടുംബത്തിനും 18375 രൂപ വീതമാണ് സാമ്പത്തിക സഹായം നൽകിയത്. കർഷകർ സ്വന്തമായി കുറച്ച് പണവും സ്വന്തം അദ്ധ്വാനവും കൂടി ആയപ്പോൾ മാതൃകാപരമായ തൊഴുത്തുകൾ നിർമ്മിക്കുവാൻ സാധിച്ചു. പദ്ധതി നിർവ്വഹണ ഏജൻസിയായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും വില്ലേജ് നീർത്തട കമ്മിറ്റിയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ കുടുംബ സഹായ പദ്ധതിയിൽ മാനന്തവാടി, കൽപ്പറ്റ, മുള്ളൻകൊല്ലി റീജിയണുകളിലെ 5 കുടുംബങ്ങൾക്ക് (തവിഞ്ഞാൽ-02, പുതുശ്ശേരിക്കടവ് -02, മരകാവ് -01) അംഗത്വം ലഭിച്ചു. ഇപ്പോൾ ആകെ 320 കുടുംബങ്ങൾക്ക് സഹായം ലഭിക്കുന്നുണ്ട്. മാനന്തവാടി, പുൽപ്പള്ളി റീജിയണുകളിൽ നിന്നും 3 കുടുംബങ്ങളെ (പടമല-02, മരക്കടവ് -01) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. 2021-2022 വർഷത്തിലേക്കുള്ള പുതിയ അംഗങ്ങളെ ചേർത്തുവരുന്നു. അർഹരായ കുടുംബങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ എല്ലാവരുടെയും സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

**ഉപഭോക്താക്കൾക്ക് ഈ മാസം ലഭിച്ച ധനസഹായങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു**

| | | |
|---|---|---|
| ചെറുകിട സംരംഭകങ്ങൾക്കായി | - | 76000 (SAFP) |
| കൃഷിക്കായി | - | 131029 (SAFP) |
| മൃഗസംരക്ഷണത്തിനായി | - | 85030 (SAFP) |
| നിർമ്മാണ പ്രവർത്തനങ്ങൾക്കായി | - | 23000 (SAFP) |
| പണിയുപകരണങ്ങൾക്കായി | - | 25000 (SAFP & Govt) |
| പെൻഷൻ ലഭിച്ചത് | - | 9500 (Govt) |
| **ആകെ** | **-** | **339559** |

## DDU-GKY

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് കീഴിൽ ഗ്രാമങ്ങളിലെ 18 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ തൊഴിൽപരമായി കൂടുതൽ കഴിവുള്ളവർ ആക്കുന്നതിനുവേണ്ടി കേരള കുടുംബശ്രീ മിഷനും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയും ഒന്ന്ചേർന്ന് നടത്തിവരുന്ന DDU-GKY എന്ന പദ്ധതിയുടെ പഠന പരിശീലനങ്ങൾ മാനന്തവാടി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ബോയ്സ്ടൗണിലെ പരിശീലന കേന്ദ്രത്തിൽ നടന്നുവരുന്നു.

DDU-GKY യുടെ അടുത്ത പദ്ധതിയിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. ക്ലാസുകൾ നവംബർ മാസം ആദ്യവാരം ആരംഭിക്കുന്നതാണ്. ഫാബ്രിക്കേഷൻ, ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ, ബ്യൂട്ടീഷ്യൻ, ഫുഡ് പ്രോസസ്സിംഗ് എന്നീ കോഴ്സുകളിലേക്കാണ് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നത്. വിജയകരമായി പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും ജോലി നൽകുന്നു. ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ക്ലാസ്റൂമുകൾ, വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ, പേഴ്സണാലിറ്റി ഡവലപ്പ്മെന്റ് എന്നിവയിൽ പ്രത്യേക പരിശീലനം നൽകുന്നു. കൂടാതെ ഓരോ വിദ്യാർത്ഥികൾക്കും പഠനസമയങ്ങളിൽ കമ്പ്യൂട്ടർ/ടാബ്ലെറ്റ്സ് എന്നിവയും കൊടുക്കുന്നതാണ്. തൊഴിൽ പരമായ പരിശീലനത്തിനു മുൻതൂക്കം കൊടുക്കുന്ന ഈ കോഴ്സുകൾക്ക് യാതൊരുവിധ ഫീസോ മറ്റോ ഈടാക്കുന്നില്ല. അതോടൊപ്പം തന്നെ വിദ്യാർത്ഥികളുടെ താമസവും ഭക്ഷണവും തികച്ചും സൗജന്യമാണ്.

### ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT (2 years) കോഴ്സിലേക്ക് 2020-2021 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ആരംഭിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ

എഡ്യുക്കേഷന്റെ പി.എസ്.സി. അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. എസ്.എസ്.എൽ.സി. യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645442290, 9544842220 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**സേവ് എ ഫാമിലി  പ്ലാൻ – പ്രളയ പുനരധിവാസ പദ്ധതി**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി – സേവ് എ ഫാമിലി പ്ലാൻ ഇന്ത്യയുടെ സഹായത്തോടെ എടവക, പടിഞ്ഞാറത്തറ എന്നീ പഞ്ചായത്തുകളിലായി നടപ്പിലാക്കുന്ന പ്രളയപുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി കുരുമുളക്, കാപ്പി തൈകൾ വിതരണം ചെയ്ത 500 കർഷകർക്ക് വേണ്ടി ജൈവകൃഷി പരിശീലനം നടത്തി. പദ്ധതിയിൽ ഉൾപ്പെട്ട ഗ്രൂപ്പുകളിലെ വീട്ടമ്മമാർക്ക് സോപ്പ് നിർമ്മാണ പരിശീലനം നൽകി.

**ജീവസ് ഇൻഷൂറൻസ്**

മാനന്തവാടി രൂപതയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി നടത്തപ്പെടുന്ന ഒരു പദ്ധതിയാണ് ജീവസ് ഇൻഷൂറൻസ്. ഇതിലൂടെ ഈ വർഷം 827 കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകി വരുന്നു. 8,96,952 രൂപ ഇതിനോടകം ലഭിച്ചിട്ടുണ്ട്.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും ആയി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

**സ്കോളർഷിപ്പ്**

ഉന്നത വിദ്യാഭ്യാസത്തിനുള്ള ധനസഹായ അപേക്ഷകൾ കോഴ്സ് തുടങ്ങി 45 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.

**സ്വതന്ത്ര നിർമ്മാണ തൊഴിലാളി ക്ഷേമനിധി**

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമബോർഡിൽ രണ്ട് തവണകളിൽ കൂടുതൽ അംശാദായ കുടിശിക വന്ന് അംഗത്വം നഷ്ടപ്പെട്ടവർക്ക് പുനഃസ്ഥാപിക്കാൻ 31 – 08 –2020 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. എന്നാൽ കോവിഡ് 19 വ്യാപനം നിലനിൽക്കുന്നതിനാൽ അംഗത്വ പുനഃസ്ഥാപനം നടത്തുന്നതിനുള്ള സമയപരിധി 2020 ഡിസംബർ 31 വരെ ദീർഘിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

ഈ ക്ഷേമനിധിയിൽ ചേരുന്നതിനുള്ള പുതിയ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. നവംബർ അവസാന വാരം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ വച്ച് ക്യാമ്പ് നടത്തുന്ന തായിരിക്കും.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

മാനന്തവാടി, പുൽപ്പള്ളി, കൽപ്പറ്റ റീജിയണുകളിൽ യഥാക്രമം കർമ്മസമിതി, എക്സിക്യൂട്ടീവ് മീറ്റിംഗുകൾ നടത്തി. കൂടാതെ മീറ്റിംഗുകളിലൂടെ എല്ലാ സ്വാശ്രയ സംഘങ്ങളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നു. CRS പദ്ധതിയിലൂടെ നൽകിയ ആടിൽ നിന്നും ആദ്യകുഞ്ഞിനെ മറ്റൊരു നിർധന കുടുംബത്തിലേക്ക് നൽകുന്ന പദ്ധതിയിൽ കുറ്റിമൂല, കണിയാമ്പറ്റ യൂണിറ്റുകളിലേക്ക് ഓരോ ആട്ടിൻകുട്ടിയെ വീതം നൽകി. ഉദയഗിരി, മുണ്ടക്കുറ്റി, തവിഞ്ഞാൽ, വെള്ളമുണ്ട, മാനന്തവാടി, ആറാട്ടുതറ, നിരവിൽപ്പുഴ എന്നിങ്ങനെ 15 സ്ഥലങ്ങളിൽ സോപ്പ് ആൻഡ് ഡിറ്റർജെന്റ് പരിശീലനം നൽകി. പുതിയ സ്വാശ്രയ സംഘങ്ങളെ രൂപീകരിച്ച് അത് നബാർഡിലേക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. എല്ലാ സംഘങ്ങളും പച്ചക്കറികൃഷി നടപ്പിലാക്കിവരുന്നു.

**ഇശക്തി**

സോഷ്യൽ വെൽഫയർ സൊസൈറ്റികളിലെ ഗ്രൂപ്പ് അംഗങ്ങൾ നിലവിൽ നബാർഡിന്റെ കീഴിൽ ഇ ശക്തി എന്ന പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. 600 സംഘങ്ങളാണ് ഇങ്ങനെ ഡിജിറ്റലൈസേഷൻ ചെയ്ത് പ്രവർത്തിച്ച് വരുന്നത്. സെപ്റ്റംബർ മാസത്തിൽ 600 സംഘങ്ങളുടെയും വിവരശേഖരണം പൂർത്തിയാക്കാൻ സാധിച്ചു. ഈ പ്രോഗ്രാമുമായി ബന്ധപ്പെട്ട് 600 സംഘങ്ങളിലെയും എല്ലാ അംഗങ്ങളെയും ഉൾപ്പെടുത്തി വിവരശേഖരണം നടത്താൻ സാധിച്ചു.

**സമൃദ്ധകുടുംബം കുടുംബോദ്ധാരണ പദ്ധതി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, ബയോവിൻ അഗ്രോ റിസേർച്ച് സെന്ററിന്റെ ധനസഹായത്തോടെ നിശ്ചിത മാനദണ്ഡങ്ങൾക്കനുസരിച്ച് നിർദ്ധന കുടുംബങ്ങളെ സാമ്പത്തികമായി സഹായിക്കുന്ന പദ്ധതിയാണ് സമൃദ്ധകുടുംബം പദ്ധതി. സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ആനുകൂല്യം ലഭിക്കാത്ത മേഖലകളിലെ ഇടവകകളിൽ നിന്നും 100 നിർദ്ധന കുടുംബങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി. മാനന്തവാടി ഫാർമേഴ്സ് ബാങ്കിൽ അവർക്കായി ബാങ്ക് അക്കൗണ്ട് ആരംഭിച്ചു. 18000 രൂപ വീതം അവരുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മനുഷ്യന്റെയും മണ്ണിന്റെയും ആവാസ വ്യവസ്ഥയുടേയും ആരോഗ്യം നിലനിർത്തുന്നതിനായി ജൈവ കീടനാശിനികൾ, കംപോസ്റ്റ്, പച്ചില വളങ്ങൾ, ഇടവിള കൃഷി, യാന്ത്രിക നടീൽ തുടങ്ങിയവയെ ആശ്രയിച്ച് രാസവളങ്ങളും, കൃത്രിമ രാസകീടനാശിനികളും തീർത്തും ഒഴിവാക്കി ചെടിവളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി/കോഴി തീറ്റകളിൽ ചേർക്കുന്ന രാസപദാർത്ഥങ്ങൾ, ജൈവമാറ്റം വരുത്തിയ വിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട ജീവിതനിലവാരം അവരുടെ ഉത്പ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുന്നതിനുമായി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികച്ച രീതിയിൽ തന്നെ മുന്നോട്ടു പോവുകയാണ്.

**ജൈവസാക്ഷ്യപത്രം പുതുക്കൽ**

ജൈവകൃഷി സാക്ഷ്യപത്രം പുതുക്കുന്നതിനായുള്ള ഓഡിറ്റ് 29 ICS കളിൽ പൂർത്തീകരിച്ചു. ലാക്കോൺ ക്വാളിറ്റി സർട്ടിഫിക്കേഷനിലെ ഓഡിറ്റർമാരായ ശ്രീ. യദുകൃഷ്ണ, ശ്രീ. അനൂപ് കൃഷ്ണൻ എന്നിവർ ഓഡിറ്റിന് നേതൃത്വം നൽകി. കോവിഡ് പ്രോട്ടോക്കോൾ നിലനിൽക്കുന്ന സാഹചര്യത്തിൽ വിർചൽ ഓഡിറ്റാണ് നടന്നത്. കർഷകരുമായി ഫോൺ കോളിലൂടെയാണ് ഓഡിറ്റർ സംവദിച്ചത്.

**ICS സൊസൈറ്റി രജിസ്ട്രേഷൻ പുതുക്കൽ**

ICS കളോരോന്നും സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നവയാണ്. നിലവിലുള്ള 48 ICS കളിൽ 24 എണ്ണത്തിന്റെ രജിസ്ട്രേഷൻ പുതുക്കൽ പൂർത്തീകരിച്ചു.

**ഭക്ഷണകിറ്റ് വിതരണം**

വൊഫ, കഫെ എന്നിവയുടെ പൊതുയോഗ തീരുമാന പ്രകാരം നിർദ്ധനരായ കുടുംബങ്ങൾക്ക് കോവിഡ് കാലത്ത് കൈത്താങ്ങാക്കുന്നതിനായി ഭക്ഷണകിറ്റുകൾ വിതരണം ചെയ്തു. അരി, ഉഴുന്ന്, കറിപ്പൊടികൾ, വെളിച്ചെണ്ണ തുടങ്ങി 14 തരം ഭക്ഷ്യവസ്തുക്കളടങ്ങിയ 1000 രൂപയുടെ 2000 കിറ്റുകളാണ് വിതരണം ചെയ്തത്.

**ഭവനനിർമ്മാണ/പുനരുദ്ധാരണത്തിനായി അപേക്ഷ ക്ഷണിച്ചു**

വൊഫ, കഫെ എന്നീ സംഘടനകൾ നൽകി വരുന്ന ഭവനനിർമ്മാണ/ പുനരുദ്ധാരണ സഹായത്തിനായി അപേക്ഷകൾ ഒക്ടോബർ മാസം 15 വരെ സ്വീകരിക്കുവാൻ തീരുമാനിച്ചു. നിർദ്ദിഷ്ട അപേക്ഷ ഫോമിൽ വിവരങ്ങളോടൊപ്പം വീടിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുന്ന ഫോട്ടോ കൂടി സമർപ്പിക്കേണ്ടതാണ്.

**VFC ഗ്രാന്റ്**

വൊഫ, കഫെ എന്നിവയിൽ അംഗത്വമുള്ള കർഷക ഗ്രൂപ്പുകളിൽ നിന്നും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന ഗ്രൂപ്പുകൾക്കായി 5000 രൂപ വീതം ഗ്രാന്റ് നൽകുവാൻ തീരുമാനിച്ചു. ഗ്രൂപ്പുകൾ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 15 വരെ ആയിരിക്കും.

**കഫെ ഭരണ സമിതി പുതുക്കൽ**

സംഘടനയുടെ 2020-21 വർഷത്തെ ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുക്കുകയും പുതുക്കൽ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. ഫാ. ബിനു പൈനുങ്കൽ (ചെയർമാൻ), ശ്രീ. എം.എം. ചന്തു (വൈ.ചെയർമാൻ), ശ്രീ. ജോസ് പി.എ. സെക്രട്ടറി, ശ്രീ.രാധാ കൃഷ്ണൻ മാസ്റ്റർ (ജോ. സെക്രട്ടറി), ശ്രീ. തോമസ് പി.എ. (ട്രഷറർ), ശ്രീ. കേശവൻ, ശ്രീ. വിനീഷ് വണ്ടന്നൂർ എന്നിവർ സംഘടനയുടെ 2020-21 വർഷത്തെ ഭരണസമിതി മെമ്പർമാരായി ചുമതലയേറ്റു.

സംസ്കരണ വിഭാഗത്തിൽ സെപ്റ്റംബർ മാസം കാപ്പി, കുരുമുളക്, വാഴപ്പഴം, മഞ്ഞൾ എന്നിവയുടെ സംസ്കരണം നടക്കുകയും ആവശ്യാനുസരണം വിവിധ രാജ്യങ്ങളിലേക്ക് വിപണനം നടത്തുകയും ചെയ്തു വരുന്നു. ഇതിനായി 709 തൊഴിൽ ദിനങ്ങൾ പ്രയോജനപ്പെടുത്തി.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖം സഹജീവികൾക്ക് പകർന്നുകൊടുക്കുവാൻ ഉതകുന്ന തരത്തിൽ സാമൂഹികക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശ പകരുവാനും നീലഗിരി ഡെവലപ്പ് മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തതയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

**ഇവാലുവേഷൻ മീറ്റിംഗ്**

**സെപ്റ്റംബർ 2020**

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ നിറുത്തിവച്ചിരുന്ന ഇവാലുവേഷൻ മീറ്റിംഗ് വീണ്ടും ആരംഭിച്ചു. കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് 2 സ്ഥലങ്ങളിലായി നടത്തുവാൻ തീരുമാനിച്ച ഇവാലുവേഷൻ മീറ്റിംഗിന്റെ രണ്ടാമത്തെ മീറ്റിംഗ് 19.09.2020ന് കൽപ്ര യൂണിറ്റിൽ വെച്ചും, മൂന്നാമത്തെ മീറ്റിംഗ് 28.09.2020 ന് കുന്നലാടി യൂണിറ്റിൽ വെച്ചും നടത്തി. കയ്യൂന്നി, കൽപ്ര, കുന്നലാടി, ബെക്കി യൂണിറ്റുകളിൽ നിന്നും അംഗങ്ങൾ പങ്കെടുക്കുകയും യൂണിറ്റുകളുടെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയും ചെയ്തു. ഏതൊരു സംഘടനയുടെയും വളർച്ചയുടെ വളരെ പ്രധാനപ്പെട്ട കാര്യങ്ങളിൽ ഒന്നാണ് ഇവാലുവേഷൻ മീറ്റിംഗുകളെന്ന് NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ അദ്ധ്യക്ഷപ്രസംഗത്തിൽ ഭാരവാഹികളെ ഓർമ്മിപ്പിച്ചു. മേഖലാ കോഡിനേറ്റർ ശ്രീ. ജോഷി ടി.പി. സ്വാശ്രയസംഘങ്ങളുടെ പ്രവർത്തനങ്ങളെകുറിച്ചും, റെക്കോർഡ് ബുക്കുകളും കണക്കും എഴുതേണ്ടതിനെകുറിച്ചും വിശദമായി ക്ലാസ്സെടുക്കുകയും ചെയ്തു. കൽപ്ര യൂണിറ്റ് ഡയറക്ടർ ബഹു. അഗസ്റ്റ്യൻ താന്നിയിൽ അച്ചൻ ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു.

**ഒക്ടോബർ 2020**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ഒക്ടോബർ മാസത്തെ ഇവാലുവേഷൻ മീറ്റിംഗ് 10.10.2020 ശനിയാഴ്ച NDS ഓഫീസിൽ വെച്ച് നടത്തപ്പെട്ടു. ബഹു. ഡയറക്ടറച്ചന്റെ അഭാവത്തിൽ വിമല

ഗിരി യൂണിറ്റ് പ്രസിഡണ്ട് ശ്രീ. ജോർജ്ജ് കെ.വി. അദ്ധ്യക്ഷത വഹിച്ചു. മേഖല കോഡിനേറ്റർ ശ്രീ. ജോഷി ടി. പി. മീറ്റിംഗിന് സ്വാഗതം ആശംസിച്ചു. ആറാട്ടുപാറ, ബോസ്പാറ, മൺവയൽ, ധർമ്മഗിരി, വിമലഗിരി യൂണിറ്റുകളുടെ പ്രവർത്തനറിപ്പോർട്ടും കണക്കും അതാത് യൂണിറ്റ് ഭാരവാഹികൾ അവതരിപ്പിക്കുകയും മീറ്റിംഗിൽ അതിനെ വിലയിരുത്തി സംസാരിക്കുകയും, യൂണിറ്റുകൾ ചെയ്ത മികച്ച പ്രവർത്തനങ്ങൾക്ക് അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു. ആറാട്ടുപാറ യൂണിറ്റ് സെക്രട്ടറി ശ്രീ. ഷാജി കടൂത്താഴെ മീറ്റിംഗിന് നന്ദി പറഞ്ഞു.

**ഭാരവാഹികൾക്കും സെക്രട്ടറിമാർക്കുമുള്ള പരിശീലനം**

NDS യൂണിറ്റുകളുടേയും, സ്വാശ്രയസംഘ പ്രസിഡണ്ട്, സെക്രട്ടറിമാർക്കുള്ള പരിശീലനങ്ങൾ 23.09.2020 ന് ആറാട്ടുപാറ യൂണിറ്റിലും, 07.10.2020 ന് വിമലഗിരി യൂണിറ്റിലും സംഘടിപ്പിച്ചു. മേഖലാ കോഡിനേറ്റർ ശ്രീ. ജോഷി ടി.പി. ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. യൂണിറ്റിന്റെയും സ്വാശ്രയസംഘങ്ങളുടേയും ഭാരവാഹികൾ പരിശീലന പരിപാടികളിൽ പങ്കെടുത്ത് തങ്ങളുടെ സംശയങ്ങൾ ദൂരികരിക്കുകയും ചെയ്തു. ആറാട്ടുപാറ യൂണിറ്റിൽ 35 അംഗങ്ങളും, വിമലഗിരി യൂണിറ്റിൽ 15 അംഗങ്ങളും പങ്കെടുത്തു.

**CEI പ്രോജക്ട് : കറവപശുലോൺ തിരിച്ചടവ്**

CEI പ്രോജക്ടിലൂടെ ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി വിതരണം ചെയ്ത 78 ലോണുകളുടെ ആദ്യഘട്ട തിരിച്ചടവ് മുതലായി 157000.00 (ഒരുലക്ഷത്തിഅമ്പത്തിയേഴായിരം രൂപ) സമാഹരിച്ചു.

**യൂണിറ്റുകളുടെ ഓഡിറ്റിംഗ്**

NDS കൽപ്ര യൂണിറ്റിലെ 9 സ്വാശ്രയസംഘങ്ങളുടെ ഓഡിറ്റിംഗ് 03.10.2020 ന് മേഖലാ കോഡിനേറ്ററിന്റെ നേതൃത്വത്തിൽ നടത്തുകയും ആവശ്യമായ തിരുത്തലുകളും, നിർദ്ദേശങ്ങളും നല്കുകയും ചെയ്തു.

**കോവിഡ് –19 ഭക്ഷണകിറ്റ് വിതരണം**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ, 850 രൂപ വിലവരുന്ന 250 ഓളം ഭക്ഷണകിറ്റുകൾ 04.10.2020 ന് വിതരണം ചെയ്തു. ശ്രീ. മധുര പഞ്ചായത്തിലെ മച്ചികൊല്ലി ട്രൈബൽ കോളനിയിലുമാണ് ഭക്ഷണകിറ്റ് വിതരണം ചെയ്തത്. NDS ഡയറക്ടർ ബഹു. ബിനോയി കാശാംകുറ്റിയിലച്ചൻ, മേഖലാ കോഡിനേറ്റർ ജോഷി ടി.പി., ബോസ്പാറ ആനിമേറ്റർ സിസ്റ്റർ ഫൗസ്റ്റ സി.എം.സി, യൂണിറ്റ് ഭാരവാഹികളായ കുമാരി സാന്ദ്ര, സോളി, സെലിൻ, നിഷ എന്നിവർ ഇതിന് നേതൃത്വം നല്കി.

**മൺവയൽ യൂണിറ്റ് ഉദ്ഘാടനവും ക്രെഡിറ്റ് യൂണിയൻ സമാഹരണവും**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ വളർച്ചയുടെ ഭാഗമായി ശ്രീമധുര ഓവാലിൽ പഞ്ചായത്തിലുള്ള മൺവയൽ പ്രദേശത്ത് നിർജീവമായിരുന്ന NDS ന്റെ യൂണിറ്റ് പ്രവർത്തനങ്ങൾ 27.09.2020 ഞായറാഴ്ച്ച 3.00 മണിക്ക് മൺവയൽ പള്ളിഹാളിൽ ചേർന്ന മീറ്റിംഗിൽ വെച്ച് NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. നാം ഒറ്റപ്പെട്ട വ്യക്തികളായി നിൽക്കാതെ സംഘമായി നിന്നു പ്രവർത്തിക്കണമെന്നും, അതുവഴി സർക്കാരിൽ നിന്നും ന്യായമായും നമ്മുക്ക് ലഭിക്കേണ്ട അവകാശങ്ങൾ നേടിയെടുക്കാൻ പരിശ്രമിക്കണമെന്നും, സമൂഹത്തിൽ ശാരീരികവും, മാനസീകവും, സാമ്പത്തീകവുമായ പ്രയാസങ്ങൾ അനുഭവിക്കുന്ന സ്ത്രീകളുടെയും, കുട്ടികളുടെയും ഉന്നമനവും, വളർച്ചയുമാണ് സംഘടന ലക്ഷ്യം വയ്ക്കുന്നതെന്നും, സംഘാത്മക പ്രവർത്തനങ്ങളിലൂടെ നമുക്ക് എന്തും നേടിയെടുക്കാൻ സാധിക്കുമെന്നും ഡയറക്ടറച്ചൻ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

മൺവയൽ യൂണിറ്റിന്റെ ഡയറക്ടർ ബഹു. ബാബു കക്കാട്ടികാലായിൽ അച്ചൻ നിലവിളക്ക് തെളിയിച്ച് യൂണിറ്റിന്റെ ഉദ്ഘാടനം നടത്തി. പുതിയതായി പ്രവർത്തനം ആരംഭിക്കുന്ന 2 സ്വാശ്രയ സംഘങ്ങളുടെയും ഭാരവാഹികൾക്ക് റെക്കോർഡ് ബുക്കുകൾ അച്ചൻ വിതരണംചെയ്തു. സ്വാശ്രയ സംഘങ്ങളുടെ രൂപീകരണത്തെക്കുറിച്ചും വളർച്ചയെ കുറിച്ചും NDS പ്രോജക്ട് കോഡിനേറ്റർ ശ്രീ. ജോഷി താണോലിൽ ക്ലാസ്സെടുക്കുകയും സ്വാശ്രയ സംഘ സെക്രട്ടറിമാർക്ക് റെക്കോർഡ് ബുക്കുകൾ എഴുതേണ്ടതെങ്ങനെയെന്ന് പറഞ്ഞുകൊടുക്കുകയും ചെയ്തു. യൂണിറ്റ് പ്രസിഡണ്ട് ശ്രീ. പൗലോസ് 1000 രൂപ നിക്ഷേപിച്ചുകൊണ്ട് യൂണിറ്റിൽ ക്രെഡിറ്റ് യൂണിയൻ ഉദ്ഘാടനം ചെയ്തു.

യൂണിറ്റ് പ്രസിഡണ്ട് ശ്രീ. പൗലോസ് മീറ്റിംഗിന് സ്വാഗതവും, യൂണിറ്റ് സെക്രട്ടറി ശ്രീമതി സ്മിത തൂങ്കുഴി നന്ദിയും പറഞ്ഞു. 5 മണിയോടെ മീറ്റിംഗ് അവസാനിപ്പിച്ചു.

**രൂപതാതലസന്ദർശനം**

നീലഗിരി ഡെവലപ്പ് മെന്റ് സൊസൈറ്റിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കണക്കുകൾ പരിശോധിക്കുന്നതിനുമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഡയറക്ടർ ബഹു. പോൾ കൂട്ടാല അച്ചനും, അസി. ഡയറക്ടർ ബഹു.

ജിനോജ് പാലത്തടം അച്ചനും 10.10.2020 ന് ഓഫീസ് സന്ദർശനം നടത്തുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും രേഖകളും, ഫയലുകളും പരിശോധിക്കുകയും, ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

**NDS GOVERNING BODY MEETING**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ 2020-21 വർഷത്തെ ആദ്യ Governing Body അംഗങ്ങളുടെ ഒരു മീറ്റിംഗ് 12.10.2020 ന് NDS ഓഫീസിൽ വെച്ച് നടത്തപ്പെട്ടു. സൊസൈറ്റിയുടെ Governing Body അംഗങ്ങൾ എല്ലാവരും മീറ്റിംഗിൽ പങ്കെടുത്തു. കഴിഞ്ഞ സാമ്പത്തിക വർഷത്തെ റിപ്പോർട്ടും ഓഡിറ്റ് ചെയ്ത കണക്കും അവതരിപ്പിച്ച് പാസാക്കുകയും, CEI പ്രോജക്ടിനെകുറിച്ച് ചർച്ച ചെയ്യുകയും ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

**PROPOSED PROJECTS TO NABARD**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന രണ്ട് പ്രോജക്ടുകൾ നബാർഡിന് സമർപ്പിക്കുകയും അതിന്റെ ഗുണഭോക്താക്കളാകേണ്ടവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുകയും ചെയ്തു വരുന്നു.

1. **VAADI** : നീലഗിരി മേഖലയിലെ സ്വന്തമായി 50 സെന്റ് എങ്കിലും കൃഷിഭൂമിയുള്ള ഗോത്ര വിഭാഗത്തിൽപ്പെട്ടവർക്കു വേണ്ടിയുള്ള പ്രോജക്ടാണിത്.
2. **MEDP Project on Paper and Cloth Bags Making**: നീലഗിരി മേഖലയിലെ 30 സ്ത്രീകൾക്ക് പേപ്പർ, തുണി ബാഗുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പരിശീലന പദ്ധതിയാണിത്.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur

**September - October 2020**

1. Kannur University IV semester Examinations were conducted from 29th September to 9th October 2020.
2. Admissions to U.G. Programmes began on 7th October 2020.
3. PG Department of Computer Science organised a Five-Day National Webinar on "PYTHON Programming" from September 22 (Tuesday), 2020 to September 26 (Saturday), 2020. Dr Maria Martin Joseph, (Principal) inaugurated the webinar and Mr Shailesh Sivan,was the resource person and led the webinar (Research Scholar, Department of Computer Application, Cochin University of Science and Technology). Fifty three students participated and benefited from this hand on training programme.
4. Department of Physics organised a Five-Day International Webinar on the topic "Towards Excellence in Science: Strategies and Opportunities" from 9th October to 13th October 2020.
5. NSS units conducted various competitions as part of the Independence Day Celebrations. NSS Day was celebrated on September 23 by organizing a webinar on National Education Policy. Mr. George Thomas, Associate Professor and Head, Department of English was the resource person. The salient features of NEP were discussed in the programme. The Gandhi Jayanthi Celebrations of this year was inaugurated by Dr KM Anil, Course Director, Kannur University B.Ed Centre, Thonichal. He spoke on the increasing relevance of Gandhi in these contemporary times. More than twenty volunteers of the two units participated in the one day cancer awareness programme conducted by Pazhassi Raja College, Pulpally on 9th October 2020.

6. NCC unit organised a programme called Gandhi Smrithi in accordance with Gandhi Jayanthi. Inter Collegiate Quiz, Speech and Short Poem Competitions were conducted as part of the event.

7. Members of the IQAC are undergoing a three month Course on Effective Documentation for Accreditation, which cover the following topics:Institutionalization of IQAC, Getting organized with Table, Computer filing, cupboards, register, calendar, Basics of Documentation, basic formats and accountable documentation, Understanding the basics of AQAR & SSR, Criterion wise documentation and its preservation with exercises, SWOC ananlysis, Feedback mechanism. Participants are Dr Maria Martin Joseph (Principal), Dr Remya Krishnan M (IQAC Coordinator) Mr Bipin Jose (Assistant Professor), Mr Toby Joseph (Assistant Professor) and Ms.Sharon Rose (Assistant Professor) Mr Joy Joseph (Superintendent) and Mr Anish Chacko (Library Assistant).

8. Dr Maria Martin Joseph (Principal)

(a) Is attending a three-month intensive course with hands-on work. A certification programme in "Development of Institutional Quality with reference to NAAC".

9. Dr. Thomas Monoth

a) Organized and attended a Five-day National webinar on "Python Programming" organized by PG Department of Computer Science, Mananthavady from 22nd to 26th Sept, 2020.

10. Ms.Jisha T E

a) Attended a webinar on "Basics of Python with Data Science" organized by ITM College of Arts and Science, Mayyil, Kannur held on 23-09-2020.

b) Attended an International Workshop on "Plagiarism and Academic Integrity: Problems and Solutions" organized by Manuscriptpedia, Kanyakumari on 9th &10th October 2020.

11. Ms. Lisha A.

a) Attended Five-day national webinar on python programming Organized by the PG department of Computer Science, Mary Matha Arts and Science College Mananthavady from 22nd to 26th September, 2020.

12. Mr. Bibin Jose

a) Attended "15 Day Online Certificate Course of Mastering Excel: Tourfrom Beginners to Advance" organized by Department of Computer Science & Applications, Sanatan Dharma College, Ambala Cantt from 6th to 20th September, 2020.

b) Attended "Certificate Course on MOODLE LMS" which was scheduled from 4th-13th October, 2020 and was organised by Sanatan Dharma College, Ambala Cantt., Haryana.

13. Mr.Toby K Joseph

a) Participated in the Research and Publication Ethics course from 12th August to 5th October, conducted by the University of Calicut in collaboration with St.Thomas College,Trichur.

14. Dr. Shaju P.P

a) Attended 'COVIDian Conversation', a webinar cum book release function organised by Dept of Journalism, Mar Ivanios College, TVM on 5th October, 2020.

15. Dr. Sr. Bindhu K Thomas

a) Attended a Webinar on "The Real Line" organized by Department of Mathematics, S.N.College, Kannur on September 14, 2020.

b) Attended a Webinar on "Graph Theory" organized by Department of Mathematics, Rajagiri School of Engineering and Technology from 29.9.2020 to 01.10.2020.

c) Attended a Webinar on "Real life Application of Fourier, Z, Laplace, Transforms" organized by Department of Mathematics, K.K.T.M. Govt. College Pullut on 1st October, 2020.

16. Mr Regi Francis

a) Attended a webinar on "How to prepare a research proposal or synopsis" on 10th September-2020 at Govt Arts and Science College, Calicut.

17. Ms Rajitha Xavior

a) Attended a webinar on "How to prepare a research proposal or synopsis" on 10th September-2020 at Govt Arts and Science College, Calicut.

b) Participated in a webinar on digital marketing conducted on 1st October 2020 by Sanatana Arts and Science College, Kanhangad.

19. Dr.Ramya Krishnan M.

a) Attended a webinar on "How to prepare a research proposal or synopsis" on 10th September-2020 at Govt Arts and Science College,Calicut.

20. Dr Sijo A K

a) Presented a paper titled "Manifestation of Ferroelectric Properties of Aluminium Substituted Nanosized Lithium-Iron spinels" on "International meeting on Clusters and Nanostructured

Materials-CNM'6-Ukraine" on 8th October 2020.

**Dr Maria Martin Joseph**
Principal